www.malankaralibrary.com

# വിശ്രമവും വിചിന്തനവും



കിളിച്ചിമല

www.malankaralibrary.com

MALANKARA
LIBRARY

www.malankaralibrary.com

# വിശ്രമവും വിചിന്തനവും

www.malankaralibrary.com

VISRAMAVUM VICHINTHANAVUM
(Malayalam)

VARGHESE KILICHIMALA,

Thirumoolapuram, Thiruvalla.

First Published November, 1975

Printed at the

St. Joseph's Printing House, Tiruvalla

Price Rs. 3.00.

Copy Right
VARGHESE KILICHIMALA

Cover

Fr. Kuruvilla Parakadavil

Published by

ABRAHAM K. VARGHESE

Distributors
Santhi Nilayam, Tiruvalla.

www.malankaralibrary.com

# വിശ്രമവും വിചിന്തനവും

(മോൺ. ഫുൾട്ടൻ ജെ. ഷീനിൻെറ ചില ചിന്തകൾ)

വറുഗീസ് കിളിച്ചിമല എം. എ., ബി. എഡ്

വിതരണം

ശാന്തിനിലയം, തിരുവല്ലാ

വില 3. 00.

www.malankaralibrary.com

## വറുഗീസ് കിളിച്ചിമലയുടെ കൃതികൾ

| | |
|---|---|
| വിശ്രമവും വിചിന്തനവും | (പ്രബന്ധങ്ങൾ.) |
| * പുലരിപ്പൂക്കൾ | (കവിതാ സമാഹാരം) |
| ആദർശദീപങ്ങൾ | (ജീവിതചിത്രീകരണം) |
| * മോൺ. വടശ്ശേരി | (ജീവചരിത്രം) |
| വി. ജോൺ വിയാനി | ( ,, ) |
| ബർണദീത്താ | ( ,, ) |
| ഐക്യത്തിൻെറ വിളി | ( പ്രബന്ധം ) |
| അന്ത്യോക്യയോ റോമ്മയോ? | ( ,, ) |
| കണ്ണുതുറപ്പിച്ചവട്ടിപ്പണം | ( കഥാപ്രസംഗം) |

തയ്യാറാകുന്നു:

എക്യുമെനിസം

---

* ഈ അടയാളമുള്ള പുസ്തകങ്ങൾ സ്കൂൾ ലൈബ്രറിക്കു് അംഗീകരിച്ചിട്ടുള്ളവയാണ്.

www.malankaralibrary.com

# ഉള്ളടക്കം


| അദ്ധ്യായം | വിഷയം | പുറം |
|---|---|---|
| 1. | സ്നേഹദൗർലഭ്യം വരുത്തുന്ന കെടുതികൾ. സർവ്വപുച്ഛം; സുഖക്കേട നടിക്കൽ; പരുഷഭാവം; അകവും പുറവും. | 17 |
| II. | മാതാപിതാക്കന്മാരും കുട്ടികളും പ്രാഥമിക കത്തവ്യം; ''യഥാ പിതാ തഥാസുത:'' വിദ്യാഭ്യാസത്തിന്റെ അപാകത; സമൂഹത്തിന്റെ നട്ടെല്ല് | 22 |
| III. | ചോരയും വിയർപ്പും കണ്ണീരും. പഠിച്ചതേ പാടു; യുവജന സംരക്ഷണത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ; സ്വീകാര്യ മാർഗ്ഗം | 29 |
| IV | യുവജന പ്രശ്നം. വെളിപ്പെടുത്തലിൽ നിന്നു ഒളിക്കുന്ന ഹൃദയം; ശ്രദ്ധിക്കപ്പെടാൻ അഭിവാഞ്ഛ; അന്ധമായ അനുകരണം; ഗതാനുഗതികത്വം; എതിർപ്പിനു ഹേതു | 35 |
| V | വ്യക്തിത്വം വിൽക്കുന്നവർ വ്യക്തിത്വഹീനതയുടെ അടയാളങ്ങൾ; പരിഹാര മാർഗ്ഗം | 43 |
| VI | സംതൃപ്തി സമ്പാദിക്കാമോ? നിലയ്ക്കാത്ത മോഹങ്ങൾ; പരിശീലിക്കേണ്ട കല; അസംതൃപ്തിയുടെ കാരണങ്ങൾ; സ്ഥലംമാററം സംതൃപ്തി വരുത്തുമോ? പരിമിതികളുടെ കൂടാരം; സംതൃപ്തിക്കു സഹായകമായ ചില ഘടകങ്ങൾ; സംതൃപ്തി ഉൽക്കർഷേച്ഛയെ വിഘാതപ്പെടുത്തുമോ? | 48 |

www.malankaralibrary.com



VII ഉറപ്പുള്ള അടിത്തറ 54

വിനയത്തിൻെറ തനിരൂപം; വിനയരാഹിത്യം വരുത്തുന്ന വിന; പ്രവൃത്തിസാഫല്യം; വിനീതനും അഹങ്കാരിയും; എളിമയുടെ സങ്കീർത്തനം.

VIII സന്തോഷം— വിശുദ്ധതയുടെ സന്തതസഹചാരി 59

ലൗകിക സന്തോഷവും ആദ്ധ്യാത്മിക സന്തോഷവും; നൈമിഷികോല്ലാസങ്ങളും ചിരസ്ഥായിയായ സന്തോഷങ്ങളും; സന്തുഷ്ടിയുടെ വില; സന്തോഷവും വിശുദ്ധിയും — സന്തതസഹചാരികൾ; സന്തോഷഹീനതയുടെ കാരണം

IX ആധുനിക മനുഷ്യൻ ശാന്തിയിൽ നിന്നു വിദൂരനോ? 64

ദുർവ്വഹ ജീവിതം; രണ്ടുവഴികൾ; അന്തർമുഖതയുടെ ഇന്നത്തെ പാളിച്ച; ആന്തരികശാന്തി; ഉദയത്തിനു മുമ്പുള്ള സായംസന്ധ്യ; ഇന്നത്തെ മനുഷ്യൻ; അന്വേഷിക്കുന്നവരും കണ്ടെത്തിയവരും; ശാന്തിയുടെ ഉദയം എവിടെ നിന്ന്?

X ആനന്ദം ആന്തരികം 73

ആനന്ദവും ബാഹ്യപ്രകൃതിയും: സൗഭാഗ്യ ജീവിതത്തെ ദുഷ്കരമാക്കുന്ന ഘടകങ്ങൾ; അഹന്തക്കാരൻെറ പതനം; സ്വയനിയന്ത്രണവും സംതൃപ്തിയും; സന്തോഷലബ്ധിക്കു കൊടുക്കേണ്ടവില

www.malankaralibrary.com



XI സ്നേഹത്തിൻെറ ആഴം 78

രണ്ടുതരം സമ്പാദ്യങ്ങൾ; തെററായ പരക്കം പാച്ചിൽ; മാർഗ്ഗഭ്രംശം; കൊടുക്കുന്നതിൻെറ ഗുണം; ധീരതയുടെ മാർഗ്ഗം.

XII വേലയുടെ വില 82

മൂല്യത്തകർച്ച ജോലിയിൽ; ജോലി ഭംഗിയായി ചെയ്യൽ;
ആത്മാർത്ഥതാരഹിതമായ ജോലി; ജോലിയും കൃതാർത്ഥതയും:
വേല കേവലം ഭൗതികമല്ല, ധാർമ്മികമാണ്;
അധ്വാനം പ്രാർത്ഥനതന്നെ; ജോലിയും ജീവിതവും തമ്മിലുള്ള ബന്ധം;
വേലയുടെ സാമൂഹ്യവശം

XIII വിശ്രമവും വിചിന്തനവും 92

വിശ്രമമില്ലാത്ത തലമുറ; വിശ്രമവും അലസതയും;
വിശ്രമത്തിൻെറ യഥാർത്ഥരൂപം;
ആത്മപരിശോധനയ്ക്കു വിധേയമാകാത്ത പ്രവൃത്തി;
അധ്വാനത്തിൻെറ ആധ്യാത്മികാർത്ഥം;
വേലയിലൂടെയുള്ള ഈശ്വരസാമീപ്യം; വിശ്രമവും ആരാധനയും.

XIV കുരിശു മരണവും പ്രതികരണങ്ങളും 99

വെല്ലുവിളിക്കാർ; ഉത്തരം സിദ്ധിച്ച അർത്ഥന;
ആദ്യത്തെ കമ്യൂണിസ്റ്റ്; മതവും ബുദ്ധിജീവികളും;
കുരിശുവേണ്ടാ, കിരീടം മതി;
മതപുരുഷന്മാരിൽ ഒരുവനോ ക്രിസ്തു?
ആരാധനയുടെ സത്ത

www.malankaralibrary.com

## മോൺ. ഫുൾട്ടൻ ജെ. ഷീനിന്റെ കൃതികൾ

Life of Christ

Thinking Life Through

Life is Worth Living

Peace of soul

Lift up your Heart

Way to Inner peace

The prodigal World

War and guilt

The Eternal Galilean

Love on Pilgrimage

The Crisis in Christendom

The Modern Soul in Search of God

The Rock Plunged in to Eternity

One Lord : One World

Peace etc.

www.malankaralibrary.com

# പ്രസ്താവന

1954 മുതൽ കേരളത്തിന്റെ വിവിധ കേന്ദ്രങ്ങളിൽ നടത്തപ്പെട്ടിട്ടുള്ള പല സമ്മേളനങ്ങളിൽ സംബന്ധിക്കുന്നതിനും സംസാരിക്കുന്നതിനും എനിക്കവസരം ഉണ്ടായിട്ടുണ്ട്. മതപരവും സാംസ്കാരികവും വിദ്യാഭ്യാസപരവുമായ സമ്മേളനങ്ങളിലാണ് കൂടുതലായും ഞാൻ പങ്കെടുത്തിട്ടുള്ളത്. ചില സ്ഥലങ്ങളിൽ മൂന്നും നാലും പ്രാവശ്യം സംബന്ധിക്കേണ്ടി വന്നിട്ടുള്ള സുവിശേഷ കൺവെൻഷനുകളും ഇക്കൂട്ടത്തിൽ പെടുന്നു. മോൺ. ഫുൾട്ടൻ ജെ. ഷീനിന്റെ ഗ്രന്ഥങ്ങളുമായുള്ള അടുപ്പം നിമിത്തം അവയിലെ പല ആശയങ്ങളും എന്റെ പ്രസംഗത്തിൽ വന്നിരുന്നു. എന്നെ ശ്രവിച്ച സ്നേഹിതന്മാരിൽ പലരും അത്തരം ആശയങ്ങൾ പുസ്തകരൂപത്തിൽ അവതരിപ്പിക്കുന്നതു നന്നായിരിക്കുമെന്ന് അഭിപ്രായപ്പെടുകയുണ്ടായി. അതിന്റെ ഫലമാണ് "വിശ്രമവും വിചിന്തനവും" എന്ന ഈ ചെറു പുസ്തകം.

മോൺ. ഷീനിന്റെ പല പുസ്തകങ്ങളും മലയാളത്തിലേക്കു പരിഭാഷപ്പെടുത്തി പ്രസിദ്ധീകരിച്ചിട്ടുണ്ട്. ജീവിതഗാനം, സ്വാതന്ത്ര്യത്തിലേക്ക്, സ്ത്രീ, സ്നേഹഗായിക, ശോകനായിക തുടങ്ങിയവ ഉദാഹരണങ്ങളാണ്. ആ പുസ്തകങ്ങളോടൊന്നും "വിശ്രമവും വിചിന്തനവും" എന്ന ഈ കൃതിക്കു സാധർമ്മ്യമില്ല. മോൺ. ഷീനിന്റെ ഏതെങ്കിലും ഒരു പുസ്തകത്തിന്റെ സമഗ്ര വിവർത്തനമല്ലിത്. അദ്ദേഹത്തിന്റെ പല കൃതികളിൽ

www.malankaralibrary.com



നിന്നുള്ള ഏതാനും ആശയങ്ങളെ സമാഹരിച്ചു് സ്വതന്ത്ര വിശദീകരണം നല്കുന്നതിനാണു് ഇവിടെ ഉദ്യമിച്ചിട്ടുള്ളതു്. വിശദീകരിക്കേണ്ടി വന്നപ്പോഠം മലയാളകവിതകളും ഉദ്ധരണികളും ചേർക്കാനും മടിച്ചിട്ടില്ല. അങ്ങനെയാണു് ശ്രീ ജി. ശങ്കരക്കുറുപ്പു്, ചെമ്മനം ചാക്കോ തുടങ്ങിയവരുടെ കവിതകളും മററും ഇതിൽ സ്ഥലം പിടിക്കാനിടയായിട്ടുള്ളതു്.

മോൺ. ഷീനിന്റെ ഒരാശയം തന്നെ അദ്ദേഹത്തിന്റെ പല പ്രബന്ധങ്ങളിലും കണ്ടെന്നിരിക്കും. ഇത്തരം സന്ദർഭങ്ങളിൽ കഴിവതും എല്ലാ കൃതികളും പരിശോധിക്കാൻ ഞാൻ ശ്രമിച്ചിട്ടുണ്ടു്. ഇങ്ങനെ എനിക്കു പരിശോധിക്കേണ്ടി വന്ന കൃതികളുടെ ഒരു ലിസ്ററു അന്യത്ര ചേർത്തിട്ടുണ്ടു്.

മനസ്സിന്റെ ഇരുണ്ടതും അഗാധവുമായ ഹ്രദങ്ങളിലേക്കു മോൺ. ഷീൻ വിരലൂന്നുന്നു. അവിടത്തെ അസ്വസ്ഥതയും വെളിച്ചത്തിനു വേണ്ടിയുള്ള ദാഹവും അദ്ദേഹം കാണുന്നു. ആ അഗാധതലങ്ങളിലെ പ്രശ്നങ്ങളെ ഉയർത്തിയെടുത്തു് കമഴ്ത്തിയും മലർത്തിയും കാണിക്കാൻ ആ ആധ്യാത്മിക ഭിഷഗ്വരനുള്ള സാമർത്ഥ്യം അനിതരസാധാരണമാണു്.

സാധു ജീവികളെ കുരുക്കിലാഴ്ത്തുവാൻ നീട്ടി വിരിച്ചിരിക്കുന്ന എട്ടുകാലി വലയുടെ ഗണത്തിൽ ഇന്നത്തെ ധാർമ്മിക സംഘടനകളേയും പെടുത്തുന്നവരുണ്ടു്.

www.malankaralibrary.com



"വലയിൽ കുടുങ്ങിത്തൻ ചിറകൊന്നനക്കുവാൻ
വലയും പൂമ്പാററതൻ ധിക്കാരം സഹിക്കാതെ,
"കാലുകരംക്കിടയിലാണെട്ടു ദിക്കുകരം; നാശ —
മേലുകില്ലൊരുനാളു''മെന്ന ഭാവനയോടെ,
അന്തരീക്ഷത്തിൻ കണ്ണീർകൊണ്ടു മുത്തുകരം ചാത്തും
തൻ തലസ്ഥാനത്തിങ്കലേകശാസനമായി,
വാനിനെ മറച്ചുകൊണ്ടങ്ങനെ വാണൂ വീര —
മാനിയാം തന്നിർമ്മാതാവുഗ്രരൂപമാം കീടം.
ഒന്നനങ്ങിയാലപ്പോളറിയാം; വഞ്ചിച്ചീടാ —
വുന്നതോ നിരാലസ്യ ക്രൂരമാം കണ്ണാർക്കാനും?"

ഈ കാഴ്ചപ്പാടു മതത്തിൻെറ നേരെയും ചിലർ വെച്ചു പുലർത്തുന്നു. അവർ മതത്തിൻെറ സാന്ത്വനാമൃതം നുകർന്നവരായിരിക്കുകയില്ല; അവർ കണ്ട മതം യഥാർത്ഥ മതമായിരിക്കുകയില്ല; ഭരണവിജൃംഭണം കൊണ്ടു ലൗകായതികമായിത്തീർന്ന ചീർത്ത ദുർമ്മേദസ്സുകളെയായിരിക്കാം ആധ്യാത്മികതാവളങ്ങളിൽ അവർ പരിചയപ്പെട്ടതു്; മനുഷ്യവ്യക്തിത്വത്തെ പിച്ചിച്ചീന്താൻ കൂസലില്ലാത്ത ഭീകര രക്ഷസ്സുകളെയായിരിക്കാം ഈശ്വര സങ്കേത പ്രാന്തത്തിൽ അവർ കണ്ടു മുട്ടിയതു്.

"പ്രേമമേ, നിൻപേരുകേട്ടാൽ പേടിയാം.
വഴിപിഴച്ച
കാമകിങ്കരർ ചെയ്യുന്ന കടും കൈകളാൽ"

എന്നു പ്രേമത്തെക്കുറിച്ചു പാടിയവർക്കുണ്ടായ അതേ ദുസ്ഥിതി തന്നെയായിരിക്കാം മതത്തിൻെറ തണലിൽ അഭയം തേടിയ അവർക്കനുഭവപ്പെട്ടതു്. പെട്ടുപോയ കുരുക്കിൽ നിന്നു വഴുതിമാറി രക്ഷപ്പെടുന്നതിനുള്ള ത്വരപ്പാടാണു് ആ നിസ്സഹായർക്കു അവശേഷിച്ചിട്ടുള്ളതു്. സ്നേഹത്തിൻെറ തണലിനുവേണ്ടി, പ്രകാശത്തിനുവേണ്ടി, സാ

www.malankaralibrary.com



ന്ധനത്തിന്റെ ശബ്ദത്തിനുവേണ്ടി ഓടിക്കിതക്കുന്ന ആ തപ്ത ഹൃദയർക്കു ആശ്വാസധാര പകർന്നു കൊടുക്കാൻ മോൺ. ഷീനിന്റെ ചിന്തകൾക്കു കരുത്തുണ്ടെന്നാണു് എന്റെ വിശ്വാസം. ഈ ചെറു പുസ്തകത്തിന്റെ രചനയ്ക്കു പിന്നിൽ പ്രവർത്തിച്ച പ്രേരണാശക്തിയും മറ്റൊന്നല്ല.

ഇന്ത്യൻ തത്വശാസ്ത്ര രംഗത്തു അംഗീകൃത വ്യക്തിയായ പ്രൊഫ. ജി. സുകുമാരൻ നായർ എം. എ. യാണു് ഇക്കൃതിയെ സഹൃദയ സമക്ഷം അവതരിപ്പിച്ചിട്ടുള്ളതു്. ഭാരിച്ച ജോലിത്തിരക്കുകൾക്കിടയിൽ ഇതു വായിച്ചു നോക്കുകയും കാര്യമാത്രപ്രസക്തമായ ഒരവതാരിക കൊണ്ടു് ഇതിനെ ധന്യമാക്കുകയും ചെയ്ത ആ സഹൃദയാഗ്രണിക്കു് എന്റെ ഹൃദയംഗമമായ കൃതജ്ഞത. ഹൃദ്യമായ ആശംസകൊണ്ടു് എന്നെ അനുഗ്രഹിച്ച റൈററു റവ. ഡോക്ടർ ജോസഫ് പൗവത്തിൽ എം. എ. ഡി. ഡി യുടെ സ്നേഹമസൃണതയുടെ മുമ്പിൽ ഞാൻ വിനയം കൊണ്ടു കുനിയുന്നു.

ഈ പുസ്തകത്തിന്റെ മുദ്രണം കലാപരമാക്കാൻ അവിശ്രമം ശ്രമിച്ച തിരുവല്ലാ സെൻറു ജോസഫ്സ് പ്രിൻറിംഗ് ഹൗസ് പ്രവർത്തകരോടു എനിക്കു പ്രതിപത്തിയുണ്ടു്. അവരുടെ മികവുററ കലാവിരുതു് എന്നെ കൃതജ്ഞതാബദ്ധനാക്കുന്നു.

ഇതുപോലെയുള്ള മററു ചില കൃതികൾ കൂടി സഹൃദയ സമക്ഷം സമർപ്പിക്കുന്നതിനു എനിക്കു സമ്മതമാണു്, ഇക്കൃതി സൗമനസ്യപൂർവ്വം സ്വീകരിക്കുമെങ്കിൽ!

തിരുമൂലപുരം ഗ്രന്ഥകർത്താ.

4–11–'75

www.malankaralibrary.com

# അവതാരിക.

സ്നേഹശൂന്യത അനുഭവിക്കുന്നവർ അസന്തുലിത വ്യക്തിത്വത്തിന്റെ ഉടമകളായിത്തീരുന്നു. സ്നേഹത്തിനു് സ്നിഗ്ദ്ധത അഥവാ ആർദ്രത എന്ന അർത്ഥമുണ്ടു്. സ്നേഹമസൃണമായ പെരുമാററം കൊണ്ടു് വ്യക്തിത്വത്തെ വികസിപ്പിക്കാനും സമൂഹത്തിലും പ്രപഞ്ചത്തിലും "അററ്ഹോം" ആയ മനുഷ്യമാതൃകകളെ കണ്ടു പിടിക്കുവാനും കഴിയുമെന്നു തോന്നുന്നു. മാതാപിതാക്കളും കുട്ടികളും തമ്മിലുള്ള ബന്ധവും മനശ്ശാസ്ത്രപരമായി പലരും അപഗ്രഥിച്ചു പഠിച്ചിട്ടില്ല. യുവജനങ്ങളുടെ പ്രശ്നവും ഇന്നൊരു തലവേദനയാണു്. അതു് നേരിടാനും പരിഹരിക്കാനും ന്യൂനപക്ഷം സ്വഭാവജ്ഞന്മാർക്കേ സാധിക്കൂ. വ്യക്തിത്വം നഷ്ടപ്പെട്ടാൽ മനുഷ്യനിൽ പാപ്പരത്വം പരിവേഷമണിയുന്ന ഗതികേടുണ്ടാവുന്നു. സംതൃപ്തിയും സന്തോഷവും നേടാൻ കഴിയുമെന്നു് ബർട്രണ്ടുറസ്സൽ പോലും വിശ്വസിക്കുന്നു. നമ്മിൽ പലർക്കും അതൊരു മരീചികയാകുന്നു. വിനയ സമ്പന്നതയും വിശുദ്ധ ജീവിതവും സന്തോഷവും നട്ടുവളർത്തേണ്ട ആത്മീയ ഗുണങ്ങളാണു്. ആധുനിക മനുഷ്യൻ ശാന്തിയിൽ നിന്നു ബഹുദൂരം അകന്നു നിൽക്കയാണു് എന്നു പറയാം. ആന്തരികമായി ആനന്ദം സമ്പാദിച്ചാലേ ആത്മവൈശിഷ്ട്യം കരുപ്പിടിപ്പിച്ചെടുക്കാൻ പററൂ. സ്നേഹത്തിന്റെ മാർഗ്ഗം സ്വീകരിക്കുന്നവർ ദൈവിക സ്നേഹം അഥവാ "അഗപ്പേ" എന്തെന്നു പരിചയപ്പെടണം. വേലയുടെ വില മനസ്സിലാക്കുന്ന ഒരു ജനസാമാന്യം ഇന്നു അത്യാവശ്യം വേണ്ടിയിരിക്കുന്നു. വിശ്രമത്തിനെ

www.malankaralibrary.com



നന്നായി ഉപയോഗിക്കുന്ന രീതിയിൽനിന്നു് ഒരു സംസ്ക്കാരം നാമ്പെടുക്കുമെന്നു് മനീഷികൾ മനസ്സിലാക്കുന്നു. അപ്പോൾ വിശ്രമത്തെക്കുറിച്ചുള്ള സമാലോചന ബുദ്ധിജീവികൾ നിർവ്വഹിക്കേണ്ട കടമയുണ്ടു്.

മോൺ. ഫുൾട്ടൻ ജെ. ഷീനിന്റെ ചിന്തകളെ ആധാരമാക്കി ഫാദർ വറുഗീസ് കിളിച്ചിമല രചിച്ച "വിശ്രമവും വിചിന്തനവും" എന്ന പുസ്തകം സഹൃദയ സമക്ഷം അവതരിപ്പിക്കുവാൻ എനിക്കു സന്തോഷമുണ്ടു്. വിശ്രമത്തിന്റെ വിചിന്തനത്തിലൂടെ ആരാധനയുടെ പൊരുൾ വ്യക്തമാക്കാനും കുരിശുമരണത്തിന്റെ ശാശ്വത മൂല്യം വെളിപ്പെടുത്താനും ഗ്രന്ഥകാരൻ ശ്രമിച്ചിരിക്കുന്നു. ചരിത്രത്തിന്റെ നടപ്പാതയിൽ അവതരിച്ച സ്വർഗ്ഗസ്ഥനായ പിതാവിന്റെ അരുമപുത്രനാണ് ക്രിസ്തു. മതത്തിന്റെ മൂല്യം അപഗ്രഥിക്കുന്നതിലും ക്രിസ്തുവിന്റെ അതുല്യ മഹത്വം അന്വേഷിക്കുന്നതിലും ഗ്രന്ഥകർത്താവു് വിജയിച്ചിരിക്കുന്നു. ഈ ഗ്രന്ഥ കർത്താവു് ഒൻപതോളം മലയാള കൃതികൾ രചിച്ചു് അനുവാചകരുടെ ശ്രദ്ധ പിടിച്ചുപറ്റിയ ദേഹമാണു്. അപ്പോൾ ഈ കൃതിക്കു സവിശേഷതയുണ്ടെന്നു സമ്മതിക്കുവാൻ പ്രയാസമില്ല. "വിശ്രമവും വിചിന്തനവും" നമ്മുടെ പ്രബന്ധപ്പുരയിൽ ഒരു സ്ഥാനം നേടുമെന്നു പ്രത്യാശിക്കട്ടെ.

**പ്രൊ. ജി. സുകുമാരൻ നായർ എം. എ.**

N. S. S. College,
ചങ്ങനാശേരി,
1 – 11 – 75

www.malankaralibrary.com

# ആമുഖം

ഫാദർ വർഗീസ് കിളിച്ചിമലയുടെ "വിശ്രമവും വിചിന്തനവും" എന്ന കൃതിക്കു് ഹൃദ്യമായ സ്വാഗതമാശംസിക്കുവാൻ എനിക്കു് അതിയായ സന്തോഷമുണ്ടു്. വിശ്വപ്രസിദ്ധനായ മോൺ. ഫുൾട്ടെൻ ജെ. ഷീനിന്റെ ചിന്തകളാണു് ഇതിലെ ഉള്ളടക്കം. ഷീനിന്റെ ഉൽകൃഷ്ടാശയങ്ങൾ സ്വാംശീകരിച്ചുകൊണ്ടുള്ള ഒരു സ്വതന്ത്രാവിഷ്കരണമാണീ കൃതി. സന്ദർഭത്തിനൊത്തു് സ്വകീയ വിശദീകരണങ്ങൾ പലയിടത്തും നല്കിയിട്ടുണ്ടു്. സ്വകീയാവിഷ്കരണത്തിനു സഹായകമായി കാവ്യഭാഗങ്ങളിൽ നിന്നും ധാരാളം ഉദ്ധരണികൾ കൊടുത്തിട്ടുമുണ്ടു്.

സമൂഹത്തിൽ സ്നേഹത്തിനുള്ള സ്ഥാനം എന്തെന്നും, സ്നേഹദൗർലഭ്യം കൊണ്ടുളവാകുന്ന പോരായ്മകൾ എന്തെല്ലാമെന്നും, ഗ്രന്ഥകർത്താവു് ഒന്നാം അദ്ധ്യായത്തിൽ പ്രതിപാദിച്ചിരിക്കുന്നു. യുവജനസ്പർശികളായ പ്രശ്നങ്ങളാണു് തുടർന്നുള്ള നാലു് അദ്ധ്യായങ്ങൾ. യുവ തലമുറയുടെ വീക്ഷ

www.malankaralibrary.com



ണ ഗതികൾ മനസ്സിലാക്കി അവരുടെ ശിക്ഷണത്തിൽ ശ്രദ്ധ ചെലുത്തുവാൻ പ്രസ്തുതാദ്ധ്യായങ്ങൾ സഹായകരങ്ങളാണു്. തൊഴിലിന്റെ മാഹാത്മ്യത്തെപ്പററി വിശദമായി മറെറാരദ്ധ്യായത്തിൽ പ്രതിപാദിച്ചിരിക്കുന്നു. വിശ്രമത്തെക്കുറിച്ചുള്ള സാധാരണ സങ്കൽപത്തിൽനിന്നുപരിയായ ഒരു പുതിയ ഭാഷ്യം നല്കിയിരിക്കുകയാണു് "വിശ്രമവും വിചിന്തനവും" എന്ന ലേഖനത്തിൽ. കുരിശു മരണം ഉളവാക്കുന്ന വിവിധ പ്രതികരണങ്ങളാണു് അവസാനത്തെ ലേഖനത്തിന്റെ പ്രമേയം.

ചിന്തോദ്ദീപകങ്ങളായ ലേഖനങ്ങളുടെ സമാഹാരമായ പ്രസ്തുത കൃതി അനുവാചകരെ ആകർഷിക്കാതിരിക്കില്ല. ഒൻപതോളം ഉത്തമ കൃതികളുടെ കർത്താവാണു് ഫാ. വർഗീസ് കിളിച്ചിമല. അദ്ദേഹത്തിന്റെ സാഹിത്യ സംരംഭങ്ങൾ വിജയിക്കട്ടെ എന്നു് ആശംസിക്കുകയും "വിശ്രമവും വിചിന്തനവും" എന്ന പുതിയ പുസ്തകത്തിനു് പ്രചുരപ്രചാരം നേരുകയും ചെയ്യുന്നു.

**റൈററ് റവ. ഡോ. ജോസഫ് പൌവത്തിൽ**

**എം. എ., ഡി. ഡി.**

Auxiliary Bishop,

Changanacherry

ചങ്ങനാശേരി

15th ഒക്ടോ. 1975

www.malankaralibrary.com

# I

## സ്നേഹദൗർലഭ്യം വരുത്തുന്ന കെടുതികൾ

ഇന്ധനക്ഷാമം ദുരന്തം വരുത്തും; വിദ്യുച്ഛക്തിയില്ലായ്മ നഗരത്തെ സ്തംഭിപ്പിക്കും; ഭക്ഷ്യദൗർലഭ്യം ജനങ്ങളെ പട്ടിണിയിലാഴ്ത്തും. ഇതുപോലൊക്കെത്തന്നെയുള്ള ഒരു വലിയ കെടുതിയാണ് സ്നേഹിക്കപ്പെടാത്ത അവസ്ഥ ഉളവാക്കുന്നതു്. സ്നേഹാഭാവം കൊണ്ടു വേദനിക്കുന്നവർ ഇന്നനവധിയുണ്ടുതാനും. വിഷയപരമായ സ്നേഹത്തെക്കുറിച്ചല്ല ഇവിടെ പറയുന്നതു്. പിന്നെയോ, സഹിക്കാനും ക്ഷമിക്കാനും സഹതപിക്കാനും സന്ത്യജിക്കാനും പോരുന്ന സ്നേഹത്തെക്കുറിച്ചത്രേ. സ്വാർത്ഥത നിറഞ്ഞവരാണു് സ്നേഹിക്കപ്പെടാത്തതു്. ഇഷ്ടമില്ലാത്തവരെപ്പോലും സ്നേഹിക്കുന്നതിനുള്ള ധീരത പലർക്കുമില്ല. ഫലമോ? അന്യതാബോധവും ഏകാന്തമൂകതയുമുള്ള സ്നേഹഹീനരുടെ ആധിക്യം. ഈ ദുസ്ഥിതിയുടെ പരിണതഫലം പലതാണ്.

www.malankaralibrary.com



## സർവ്വപുച്ഛം

നിന്ദാമനസ്ഥിതിയും വൈരഭാവവുമാണ് സ്നേഹദൗർലഭ്യം കൊണ്ടുള്ള ഒരുനാശം. തനിക്കു ലഭിക്കാത്തതു് മററുള്ളവർക്കും ലഭിക്കേണ്ടെന്നാണ് ആ സ്നേഹഹീനരുടെ ഭാവം. അവർ ഒരുത്തരെക്കുറിച്ചും നല്ലവാക്കു പറയുകയില്ല; വ്യക്തികളെ തേജോവധം ചെയ്യും; ഉൽക്കൃഷ്ടാദർശങ്ങളെ താറടിക്കും; അപവാദാരോപണങ്ങൾ അതിവേഗം വിശ്വസിക്കയും പ്രചരിപ്പിക്കുകയും ചെയ്യും; മററുള്ളവരിൽ നിന്നുണ്ടാകുന്ന സഹതാപ കൃത്യങ്ങളെ ''ഇരയിട്ടു മീൻപിടിത്ത'' മായി വ്യാഖ്യാനിക്കും; പാരിതോഷികങ്ങൾ കിട്ടുന്നതുപോലും ദുശ്ശങ്കയോടു കൂടി മാത്രമേ സ്വീകരിക്കൂ. ഭാഗ്യഹീനരായ അവർ മററുള്ളവരേയും ഭാഗ്യഹീനരായി കാണാൻ ആശിക്കുന്നു. രൂക്ഷമായ ഈ ദയനീയതയ്ക്കു കാരണം തങ്ങൾ തന്നെയാണെന്നു ഈ സ്വാർത്ഥമാത്ര പ്രസക്തന്മാർ കാണുകയില്ല: മററുള്ളവരാണു് തങ്ങളുടെ കഷ്ടസ്ഥിതിക്കു ഹേതുവെന്നു അവർ പരാതിപ്പെടും. ''അടുത്ത വീട്ടിലെ സ്ത്രീക്കു ഭർത്താവു കൊടുത്തതു പോലെയുള്ള കമ്പിളിവസ്ത്രം കിട്ടിയിരുന്നെങ്കിൽ എനിക്കു ജലദോഷം ബാധിക്കുമായിരുന്നില്ല''എന്നു ആവലാതിപ്പെടുന്ന സ്ത്രീ ഈ രോഗത്തിനിരയാണു്.

## സുഖക്കേടു നടിക്കൽ.

ആത്മഹോമ മനോഭാവം (Martyrdom Complex) ഉള്ളവരുണ്ടു്. മററുള്ളവരുടെ അനുക

www.malankaralibrary.com



മ്പപിടിച്ചു പററാനുള്ള ഒരു രോഗാർത്തപരിശ്രമമാണിതു്. സ്നേഹിക്കപ്പെടാത്തതിന്റെ ദുഷ്പരിണതി തന്നെയാണീ ദയനീയതയും. സുഖക്കേടു നടിക്കലാണു് ഇക്കൂട്ടരുടെ വലിയ തന്ത്രം. അരോഗദൃഢാവസ്ഥ മററുള്ളവരുടെ സഹാതാപമാർജ്ജിക്കാൻ പററിയതല്ല. അതുകൊണ്ടു് സ്വയം രോഗം നടിക്കുന്നു. അന്യരുടെ പരിചരണം കിട്ടാൻ അതു സഹായകമാകുമെന്നാണു് പ്രത്യാശ. അവരുടെ ഹൃദയാന്തരാളത്തിലെ "വേദന" സ്നേഹമില്ലായ്മയുടേതാണു്. അതു ശരീരത്തിലെ "വേദന" യാക്കി മാററിയിരിക്കുന്നു. "എനിക്കു സുഖപ്പെടണമെന്നുണ്ടു്. എന്നാൽ, രോഗമുണ്ടെങ്കിലേ മററുള്ളവരുടെ സ്നേഹം ലഭ്യമാകയുള്ളു" എന്നതാണവരുടെ ഭാഷ്യം. ചുമതലാബോധത്തിൽ നിന്നു ഒഴിഞ്ഞു നീങ്ങുന്നതിനുള്ള ആഗ്രഹത്തിൽ നിന്നു തലവേദന ഉളവാകാവുന്നതു പോലെ സ്നേഹാർജ്ജനത്തിനുള്ള ആഗ്രഹത്തിൽ നിന്നു രോഗം ഉണ്ടാകാം. നീണ്ടകാലം ശയ്യാവലംബിയാകേണ്ട ദുസ്ഥിതി തന്നെ അതു വരുത്തിയേക്കാം. സാൻ—ഫ്രാൻസിസ്കോയിൽ ഭൂമികുലുക്കമുണ്ടായപ്പോഠം മുപ്പതു കൊല്ലക്കാലമായി കിടക്ക വിട്ടെണീററിട്ടില്ലാത്ത ഇരുപതു പേർ ചാടിയെണീക്കയും ഓടുകയുംചെയ്തുവെന്നുകേട്ടിട്ടുണ്ടു്. ശാരീരികമെന്നതിനേക്കാഠം മാനസിക നിർവീര്യതയാണവരുടെ രോഗമെന്നതുതീർച്ച.

www.malankaralibrary.com



## പരുഷഭാവം

സ്നേഹം അഭിലഷിക്കുന്നുണ്ടു്, എന്നാലതൊട്ടു ലഭിക്കുന്നില്ല എന്ന മനസ്ഥിതിയുള്ളവരുടെ വേറൊരു പ്രതികരണം 'ഇനിമേൽ തനിക്കു സ്നേഹമാവശ്യമില്ലെ'ന്നുള്ള നാട്യമാണു്. അതിൻെറ ഫലമായി അവൻ താന്തോന്നിത്തം വളർത്തും; വഴക്കു പിടിക്കും; എത്ര നല്ല ആശയത്തേയും എതിർക്കും; സാമൂഹ്യവിരുദ്ധ വാസനകളെ ഉണർത്തും; വിലക്കപ്പെട്ടതെല്ലാം ചെയ്യും. ക്രൂരതയും പാരുഷ്യവും കാർക്കശ്യവും സ്നേഹാഭാവത്തിൻെറ വിവിധമുഖങ്ങളാണു്.

## അകവും പുറവും

സാമൂഹ്യ സുരക്ഷിതത്വത്തിനു വേണ്ടി ഇന്നുള്ളവർ കാട്ടുന്ന അമിതശ്രദ്ധ സ്നേഹം ലഭിക്കാത്ത മനസ്ഥിതിയുടെ നിശ്വാസനമാണു്. സന്തുഷ്ടിക്കുവേണ്ടി മനുഷ്യൻ ഏറെ പാടുപെട്ടു. ദാമ്പത്യത്തിൻെറ ദൃഢബന്ധമുള്ള കുടുംബത്തിലൂടെയും മതത്തിൻെറ സമാശ്ലേഷത്തിലൂടെയും അവനതു ഏറെക്കുറെ കിട്ടിപ്പോന്നു. എന്നാൽ, വിവാഹമോചനങ്ങളിലൂടെ കുടുംബത്തിൻെറ ഭദ്രത ഇന്നു തകർന്നു കൊണ്ടിരിക്കുന്നു. ദാമ്പത്യസ്നേഹത്തിനു പകരംനിർത്താവുന്ന ഒന്നിനു വേണ്ടിയാണു് ഇന്നവൻെറ തിരച്ചിൽ. അധികാരത്തിനും സുരക്ഷിതത്വത്തിനും വേണ്ടിയുള്ള പൈദാഹത്തിലാണു് അതു മനുഷ്യനെ എത്തിച്ചിട്ടുള്ളതു്. അധികാരമോ സുരക്ഷിതത്വമോ സന്തുഷ്ടിയെ സാരമായി ബാധിക്കുന്നില്ല. താറുമാറായ

www.malankaralibrary.com



ബിസിനസ്സുള്ള ഒരുവൻ ജോലിസമയം കഴിഞ്ഞു വളരെയേറെയായിട്ടും കുടുംബത്തിലേക്കു പോകാതെ ഓഫീസിൽ തന്നെ കഴിയുന്നെങ്കിൽ ശിഥിലമായ കുടുംബസ്നേഹത്തിനു പകരം കാണാനുള്ള തന്ത്രപ്പാടാണു്. ചർമ്മരോഗത്തിനു കാരണം മാനസികതലങ്ങളിൽ തിരയുന്ന ഭിഷഗ്വരന്മാരുണ്ടു്. ലോകത്തെ അഭിമുഖികരിക്കാൻ ഭയപ്പെടുന്നവർക്കു ചർമ്മവൈരൂപ്യവും വന്നുകൂടുന്നെന്നാണു പറച്ചിൽ. കളങ്കിതമനസ്സു് കളങ്കിത ശരീരമായി രൂപാന്തരപ്പെടുന്നു. കന്യാസ്ത്രീകളുടെ മുഖപ്രസന്നത അനിതരസാധാരണമാണു്. കണ്ണാടിയിൽ നോക്കിയല്ല അവർ മുഖശ്രീ വളർത്തുന്നതു്. പലരിലും ഇല്ലാത്ത നല്ല മനസ്സാക്ഷിയും ആന്തരികശാന്തിയുമാണു് അവരുടെ പ്രസന്നത വളർത്തുന്ന ഘടകങ്ങൾ. അമർത്തപ്പെട്ട കുററബോധം കൊണ്ടു് കലുഷിതഹൃദയരായവരുടെ ബാഹ്യചർമ്മം ആന്തരികവൈരൂപ്യത്തിൻെറ നഗ്ന കഥകൾ പലപ്പോഴും വിളിച്ചറിയിക്കും. ''മാനസികകഷ്ടം ബാധിച്ചവർ'' എന്നു സ്വയം സമ്മതിച്ചിരുന്ന ഒരുസ്ത്രീയുടെ ചർമ്മരോഗബാധ ഭർത്താവിനോടു രഞ്ജിപ്പിലെത്തിക്കഴിഞ്ഞപ്പോൾ ശമിച്ചതായി കഥയുണ്ടു്.

സ്നേഹഹീന ഹൃദയത്തെ സുഖപ്പെടുത്താൻ സ്നേഹമല്ലാതെയുള്ള മറുമരുന്നൊന്നുമില്ല. സ്നേഹയോഗ്യർക്ക സ്നേഹം ലഭിക്കും. എന്നാൽ, സ്നേഹയോഗ്യരല്ലാത്തവരെ സ്നേഹിക്കുവാൻ ദൈവത്തെ പ്രതിയല്ലാതെ സാധ്യമല്ല. ''സ്നേഹം'' എന്നു നിർവ്വചിക്കപ്പെടുന്ന ദൈവത്തിലേക്കും മർത്തിലേക്കും അങ്ങനെ നമ്മൾതിരികെ വരുന്നു.

www.malankaralibrary.com

## II

## മാതാപിതാക്കളും കുട്ടികളും

"അപ്പ, യെന്തുറക്കമാ—
ണയ്യയ്യേ! തണുത്തല്ലൊ
ബഡ്കോഫി, തെങ്ങിൻ മോളി—
ലെപ്പൊഴേ വന്നൂ സൂര്യൻ" *

നേരമേറെപ്പുലർന്നിട്ടും കൂക്കം വലിച്ചുറങ്ങുന്ന ഉദ്യോഗസ്ഥനായ ഗൃഹനായകനെ പിഞ്ചുമക്കാം കുലുക്കി വിളിച്ചുണത്തുകയാണ്. അദ്ദേഹം കുട്ടിയായിരുന്നപ്പോാം കൃഷീവലനായ അപ്പൻ ഏഴരക്കോഴി കൂവുന്നതിനു മുമ്പുതന്നെ വിളിച്ചെഴുന്നേല്പിച്ച് പ്രാർത്ഥന ഉരുവിടുവിക്കുമായിരുന്നു. എഴുന്നേൽക്കാൻ അമാന്തിച്ചാൽ അടിശിക്ഷയും നല്കും. അങ്ങനെ ചെയ്ത അപ്പനോടു ബഹുമാനമേ തോന്നിയിട്ടുള്ളു. ആ അപ്പൻെറ പുത്രൻ ഉദ്യോഗസ്ഥനായി, ഗൃഹനായകനായി, കുഞ്ഞുങ്ങളുടെ പിതാവായി. പ്രഭാതത്തിൽ മക്കളെ വിളിച്ചെഴുന്നേൽപ്പിച്ചു അദ്ദേഹം പ്രാത്ഥിപ്പിക്കുന്നില്ലെന്നു മാത്രമല്ല വളരെപ്പുലർന്നിട്ടും കിടക്കവിട്ടെണീക്കുന്നുമില്ല. അപ്പനെ മക്കാം വിളിച്ചുണത്തേണ്ടി വരുന്നു.

---

* ചെമ്മനം ചാക്കോ

www.malankaralibrary.com



യുവജനപ്രശ്നത്തെക്കുറിച്ചു വാതോരാതെ പ്രസംഗിക്കുന്നവരുണ്ടു്. വിവിധവീക്ഷണകോണങ്ങളിലൂടെ പ്രസ്തുത വിഷയം നോക്കിക്കാണാൻ പലരും ശ്രമിക്കുന്നു. ആത്യന്തിക വിശകലനത്തിൽ പ്രശ്നം ''മാതാപിതാക്കന്മാരും കുട്ടികളും'' എന്നതു തന്നെ. ഇളംപ്രായക്കാരുടെ വഷളത്തം എന്നതിനേക്കാറം മാതാപിതാക്കന്മാരുടെ കൃത്യവിലോപം എന്നതാണു് ഇന്നു് ശ്രദ്ധാർഹം. ''മാതാവിനെയും പിതാവിനെയും ബഹുമാനിക്ക'' എന്ന പ്രമാണം ഇന്നാരും സ്മരിക്കുന്നില്ല. 'മതാനുഭൂതിയിൽ നിന്നു അകന്ന വഴിയിലൂടെ വളർത്തപ്പെടുന്ന കുട്ടി പൈശാചികക്രൂരതയിലോ മതഭ്രാന്തിലോ വഴുതി വീഴാനിടയുണ്ടെ'' ന്നാണു് കോളറിഡ്ജിൻെറ അഭിപ്രായം.

> ''ഇവനെയൊരുനിലയ്ക്കുയത്തുവൻ ഞാ-
> നിവനൊരുവന്നിനി എൻെറ ബാക്കി ജന്മം''

എന്നു ചിന്തിക്കുന്ന പിതാവിൻെറയും

> ''പെറുമൊരു വധു പേറു കൊണ്ടു മാത്രം
> ചെറുശിശുവിന്നു ജനിത്രിയാകയ ല്ല.''*

എന്നു വിചാരിക്കുന്ന ജനനിയുടെയും സന്തതസംരക്ഷണയിൽ കഴിയുന്ന കുട്ടി മാത്രമേ ഉത്തമനായി ഉയരുകയുള്ളു. ഇന്നത്തെ യാന്ത്രികസംസ്കാരം ഇതിനു സൗകര്യം നല്കുന്നില്ല. പാശ്ചാത്യ നാടുകളിലെ കഥ നോക്കൂ: ''അച്ഛനും അമ്മയും ജോലിക്കു പോകുന്നുവെങ്കിൽ കുട്ടികറം

* (ഉള്ളൂർ.

www.malankaralibrary.com



ബേബീസിററുടെ സംരക്ഷണയിൽ പകൽ മുഴുവൻ കഴിയും. സ്കൂളിൽ പോകുന്ന പ്രായമായാലവൻ സ്കൂളിലായിരിക്കും. അച്ഛനും അമ്മയും ജോലി കഴിഞ്ഞു് വൈകുന്നേരം വീട്ടിലെത്തി അത്താഴമേശയ്ക്കു ചുററുമിരിക്കുമ്പോഴാണു് പ്രധാനമായും സ്വന്തം കുട്ടികളുമായി അഭിമുഖസംഭാഷണം നടത്തുന്നതു്. അത്താഴം കഴിഞ്ഞു് കുട്ടികൾ അവരുടെ മുറികളിലേക്കും മാതാപിതാക്കൾ ഓരോ "ഡ്രിംകും" എടുത്തു് ടെലിവിഷൻ സെററിന്റെ മുമ്പിലേക്കും പോകുന്നു"*.

നമ്മുടെ നാട്ടിലും സ്ഥിതി വ്യത്യസ്ഥമല്ല. മാതാപിതാക്കന്മാരിൽ നിന്നു അകന്നിരിക്കുന്നവരും അവരുടെ നിയന്ത്രണം വിട്ടു നിൽക്കുന്നവരുമായ കുട്ടികളാണു് വിദ്യാലയാസ്വാസ്ഥതക്കു പ്രധാനമായും മുൻപന്തിയിൽ നിൽക്കുന്നതു്.

## പ്രാഥമിക കർത്തവ്യം.

"അതി സർവ്വത്ര വർജ്ജയേൽ" എന്നുണ്ടല്ലോ. അമിതലാളനയും അനിയന്ത്രിത ശിക്ഷയും ഒഴിവാക്കുകയെന്നതാണു് ശിശുപരിശീലനത്തിൽ രക്ഷാകർത്താക്കൾ ശ്രദ്ധിക്കേണ്ട ഒന്നാം കാര്യം. നന്മയിലേക്കോ തിന്മയിലേക്കോ തിരിക്കാൻ പോരുന്നവനാണു തങ്ങളുടെ കൈകളിൽ ദൈവം നിക്ഷേ

* (അമേരിക്കൻ കലാശാലകളിലെ അസ്വാസ്ഥ്യം. ഡോ. എം. എസ്. ടി. നമ്പൂതിരി. മാതൃഭൂമി വാരിക 1974 ജൂലൈ 21.)

www.malankaralibrary.com



പിച്ചിരിക്കുന്ന ഇളംകുഞ്ഞു് എന്നു് അച്ഛനമ്മമാർ ധരിക്കണം. മക്കൾക്കു കൊടുക്കുന്ന മാതൃകയുടെ അടിസ്ഥാനത്തിലാണു മാതാപിതാക്കന്മാർ വിധിക്കപ്പെടുന്നതു്. ഉത്തരവാദിത്വം ഗൗരവമേറിയതു തന്നെ. എന്നു വെച്ചു്, കുററവാളിയായ കുട്ടിയുടെ നേരെ പിതാവു ക്രോധാഗ്നി ആളിക്കത്തിക്കണമെന്നില്ല. കോപം നിരുത്സാഹതയിലേക്കു നയിക്കും. ദൈവത്തിൻെറ സ്ഥാനമാണു് മാതാപിതാക്കന്മാർക്കു കുടുംബത്തുള്ളതു്. സ്വേച്ഛാധിപതികളായ മാതാപിതാക്കളിൽ നിന്നു് മക്കളിൽ പതിയുന്നതു മതവിരുദ്ധ വികാരങ്ങളാണു്. കുട്ടികൾ അംഗീകരണം ഇഷ്ടപ്പെടുന്നു; നിസ്സാര കുററത്തിനു പോലും അമിതശാസനമുണ്ടാകുമ്പോൾ അവരുടെ കുരുന്നുഹൃദയം വാടിയുണങ്ങും. ദൈവത്തിൻെറ പ്രതിനിധിയായ പിതാവു് സ്നേഹവും ദയയും കൂടാതെ ഗൃഹത്തിൽ വർത്തിച്ചാൽ ദൈവിക സ്നേഹത്തെയും കരുണയേയും കുറിച്ചു മക്കളെ ബോധവാന്മാരാക്കാൻ അദ്ദേഹത്തിനു എങ്ങനെ സാധിക്കും?

### " യഥാപിതാ തഥാസുത: "

''കുട്ടികളെ തടയേണ്ടാ. അവർ എൻെറ അടുക്കൽ വരട്ടെ. സ്വർഗ്ഗരാജ്യം അങ്ങനെയുള്ളവരുടേതാകുന്നു'' എന്ന ക്രിസ്തുവിൻെറ ആഹ്വാനം തന്നെയാണ് ക്രിസ്തുമതത്തിനുമുള്ളതു്. നസറേത്തിലെ പച്ചക്കുന്നുകളിൽ കളിയാടുകയും ഇളംകുഞ്ഞുങ്ങളോടൊത്തു വിഹരിക്കുന്ന കഴുകൻ പക്ഷികളെ നോക്കി കൗതുകം കൊള്ളുകയും ചെ

www.malankaralibrary.com



യ്ത ഒരു കുട്ടിയായിത്തീർന്നുകൊണ്ടു് ക്രിസ്തു ശൈശവത്തെ പവിത്രീകരിച്ചു. ''പോകേണ്ടവഴിയിലൂടെ കുട്ടിയെ നയിക്കുക. അവൻ പ്രായമായാലും നിർദ്ദിഷ്ട വഴിയിൽനിന്നു വ്യതിചലിക്കയില്ല'' എന്ന ചൊല്ലു് അതിപ്രാചീനകാലം മുതൽ പ്രാബല്യത്തിൽ വന്നു. ഇളംചെടിയെ തിരിക്കുന്നതനുസരിച്ചു് വൃക്ഷവും വളർന്നുകൊള്ളും. കുട്ടികളുടെ പെരുമാററത്തിൽനിന്നും എത്തരം കുടുംബങ്ങളാണവരുടേതെന്നു തീരുമാനിക്കാവുന്നതാണ്. ഫലത്തിൽനിന്നും വൃക്ഷത്തെ നിശ്ചയിക്കാവുന്നതുപോലെ കുട്ടികളിലൂടെ മാതാപിതാക്കന്മാരുടെ സ്വഭാവം കണ്ടുപിടിക്കാവുന്നതാണു്. മാർഗ്ഗഭ്രംശക്കാരായ കുട്ടികൾ ചില ഭവനങ്ങളിൽ ഉണ്ടാകയില്ലെന്നു തീർത്തുപറയാം; ചില മാതാപിതാക്കന്മാരെ പഠിച്ചുകഴിഞ്ഞാൽ അവരുടെ മക്കളുടെ ഭാവി തമോമയമായിരിക്കും എന്നു പ്രവചിക്കുന്നതിനും വിഷമമുണ്ടാകയില്ല.

## വിദ്യാഭ്യാസത്തിൻെറ അപാകത

കുട്ടിയുടെ ഉത്തരവാദിത്വം മുഴുവൻ പള്ളിക്കൂടത്തിനു വിട്ടുകൊടുക്കുന്ന പ്രവണതയാണിന്നത്തേതു്. പള്ളിക്കൂടത്തിനു പ്രാധാന്യമുണ്ടു്. വായുവും ചൂടും പരിതോവസ്ഥകളും ജീവിതത്തെ സ്വാധീനിക്കുന്നതുപോലെ വിദ്യാഭ്യാസം മനുഷ്യനെ സ്വാധീനിക്കുന്നുണ്ടു്. പ്രത്യേക മണ്ണും വളവും കാലാവസ്ഥയും വൃക്ഷത്തെ മെച്ചപ്പെടുത്തും. എന്നാൽ, വൃക്ഷത്തെ ഇനം തിരിക്കുന്നതു്

www.malankaralibrary.com



അതിൻെറ വിത്താണു്. ''വിത്തുഗുണം പത്തു ഗുണം'' എന്നുണ്ടല്ലോ. അറിവുപകരൽ മാത്രമാണു് വിദ്യാഭ്യാസമെന്നു കരുതുന്നവരുണ്ടു്; അവർ സ്വഭാവസംസ്കരണത്തിനു പ്രാധാന്യം കൊടുക്കുന്നില്ല. സ്വഭാവരൂപവൽക്കരണം കുടുംബത്തിൽ നിന്നു തന്നെ ലഭിക്കണം. ''തൊട്ടിലാട്ടുന്ന കൈയാണു് വിഷ്ടപത്തെ ഭരിക്കുന്നതു്''. സ്വഭാവഗുണം പ്രദാനം ചെയ്യാതെ അറിവുമാത്രം പകരുന്നതു് കുട്ടിയുടെ കൈകളിലേക്കു മാരകായുധം എറിഞ്ഞുകൊടുക്കുന്നതിനു തുല്യമാണു്. വിദ്യാഭ്യാസം ലഭിച്ചിട്ടില്ലാത്ത കുട്ടി മറയനായ ഒരു ചെകുത്താനായിത്തീരാം. വിദ്യാഭ്യാസം ലഭിച്ചെങ്കിലും നന്മയെ സ്നേഹിക്കാത്ത വ്യക്തി വിദഗ്ധനായ ഒരു ചെകുത്താനായി ഭവിച്ചെന്നിരിക്കും.

## സമൂഹത്തിൻെറ നട്ടെല്ല്

ഇന്നത്തെകുട്ടിയാണു് നാളത്തെ സമൂഹത്തെ കരുപ്പിടിപ്പിക്കുന്ന ഘടകം. അവരാണു് പുരോഗതിയുടെ വാഗ്ദാനങ്ങൾ; നല്ല 'നാളെ'യിലേക്കു തൊടുത്തിരിക്കുന്ന അസ്ത്രങ്ങൾ. യുദ്ധകാലത്ത നാടിൻെറരക്ഷ ബോംബുകളോ പടക്കോപ്പുകളോ അല്ലാ, രാജ്യസ്നേഹികളായ വീരഭടന്മാരാണു്. സമാധാനകാലത്തു ധനതത്ത്വശാസ്ത്രത്തിലോ രാഷ്ട്രമീമാംസയിലോ അല്ല ദേശീയ സുരക്ഷിതത്വം; പിന്നെയോ, ഉത്തമ ധനതത്ത്വശാസ്ത്രജ്ഞരിലും രാഷ്ട്രമീമാംസകരിലും അത്രേ. അതിനു അവർ നല്ല കുട്ടികളായിരിക്കണം. അങ്ങനെയാവുന്നതിനു് ദൈവാനുഗ്രഹമാണു ഒന്നാംകാര്യം; സ്നേഹത്തിൻെറ

www.malankaralibrary.com



യും സത്യത്തിന്റെയും പാഠങ്ങൾ വീട്ടിൽ നിന്നും അറിവിന്റെയും ആത്മ നിയന്ത്രണത്തിന്റെയും പരിശീലനം വിദ്യാലയത്തിൽ നിന്നും കിട്ടുകയെന്നതാണു് രണ്ടാമതുവേണ്ടതു്. സർവ്വപ്രധാനമായ ഈ യത്നത്തിൽ പരാജയങ്ങൾ നേരിട്ടേക്കാം. എങ്കിൽ, മാതാപിതാക്കന്മാർ നിരുത്സാഹരാകേണ്ടതില്ല. ഏതാണ്ടു പതിനഞ്ചു നൂററാണ്ടുകൾക്കു മുമ്പു് താന്തോന്നിയായ മകനെച്ചൊല്ലി ഒരമ്മയുടെ ഹൃദയം നുറുങ്ങി. അവളോടു വി. അംബ്രോസ് പറഞ്ഞു: ‘‘മോനിക്കാ, നീ ഭയപ്പെടേണ്ടാ. ഇത്രമാത്രം കണ്ണീരിന്റെ പുത്രൻ നശിച്ചു പോകയില്ല.’’ സ്വേച്ഛാചാരിയായ ആ ബാലനാണു് മഹാനും പണ്ഡിതനുമായ വി. അഗസ്റ്റിൻ. അദ്ദേഹത്തിന്റെ പ്രഖ്യാതഗ്രന്ഥമായ ‘‘ഏററുപറച്ചിൽ’’ (Confessions) എല്ലാവരും വായിച്ചിരിക്കേണ്ടതാണു്.

www.malankaralibrary.com

# III

## ചോരയും
## വിയർപ്പും
## കണ്ണീരും

"തൊഴിലാളി യൂണിയനുകൾക്കും വിദ്യാർത്ഥി സംഘടനകൾക്കും വരുത്തിക്കൂട്ടുന്ന പ്രയോജനങ്ങളെക്കുറിച്ചു രാഷ്ട്രീയക്കാരായ നിങ്ങൾ ഇടതടവില്ലാതെ നാക്കിട്ടടിക്കാറുണ്ടു്. ചോരയേയും വിയർപ്പു തുള്ളിയേയും കണ്ണീരിനേയും ആത്മാഹുതിയേയും കുറിച്ചു എന്തേ, നിങ്ങൾ അക്ഷരം മിണ്ടുന്നില്ല?" ഒരു ചർച്ചാവേദിയിലെ രാഷ്ട്രീയ നേതാവിന്റെ ചൂണ്ടി ഒരു പാവപ്പെട്ട സ്ത്രീ ഉയർത്തിയ ചോദ്യമാണിതു്. പരിത്യാഗവും സ്വയനിഗ്രഹവും കൂടാതെ വിലപിടിപ്പുള്ള ഒന്നും നേടാനാവില്ലെന്നു ആത്മാർത്ഥമായി വിശ്വസിക്കുന്ന ആയിരമായിരങ്ങളുടെ സ്വരമാണു് ആ സാധു സ്ത്രീയുടെ ശബ്ദം പ്രതിനിധാനം ചെയ്യുന്നതു്.

ടോയിൻബി (Toynbee) എന്ന പ്രസിദ്ധ ചരിത്രകാരൻ ലോകത്തിലെ പത്തൊൻപതു സംസ്കാരങ്ങളെ അപഗ്രഥിക്കുന്നുണ്ടു്. അവയിൽ മൂന്നു മാത്രമാണു് ബാഹ്യാക്രമണം കൊണ്ടു നശി

www.malankaralibrary.com



ച്ചതു്. ബാക്കി പതിനാറു എണ്ണവും ഉള്ളറ അഴുകി ഇഞ്ചിഞ്ചായി തകരുകയാണു് ചെയ്തതു്. ബാഹ്യാക്രമണം പലപ്പോഴും രാജ്യത്തെ പൂർവാധികം ദൃഢപ്പെടുത്തുകയും ആന്തരിക ഞരമ്പുകളെ ശക്തിപ്പെടുത്തുകയുമാണ് പതിവു്. ലിങ്കൻ ഒരിക്കൽ പറഞ്ഞു, ബാഹ്യാക്രമണം അമേരിക്കയെ വീഴ്ത്തുമെന്നു താൻ ഭയപ്പെടുന്നില്ലെന്നും ആന്തരിക ജീർണ്ണിപ്പുമാത്രമേ അതിനെ തളർത്തുകയുള്ളെന്നും.

വാൾട്ടർ വൈററ്മാൻ (Walter Whiteman) എഴുതി: "ഇന്നത്തെ സമുഹം പുഴുക്കുത്തു പിടിച്ചതും അപകവും അന്ധകാര ജഡിലവുമാണു്. ......യഥാർത്ഥ വിശ്വാസം പൊയ്പ്പോയി...... ബഹുമാന്യവും അല്ലാത്തതുമായ മോഷണവും ചൂഷണവും കൊണ്ടു് വലിയ നഗരങ്ങൾ പുകഞ്ഞു മറിയുന്നു. അന്തസ്സാരവിഹീനതയും കാമചാപല്യവും അവിശ്വസ്തതയും ലക്ഷ്യമില്ലായ്മയും നിറഞ്ഞതാണു് നാഗരികജീവിതം .... ആത്മാവെന്നൊന്നില്ലാതെ ശരീരത്തിനുവേണ്ടി മാത്രം കരുപ്പിടിപ്പിക്കപ്പെട്ടവരാണെന്നു തോന്നും മനുഷ്യരെല്ലാം"

## പഠിച്ചതേ പാടു

വാൾട്ടർവൈററ്മാൻെറ വേദന തന്നെയാണു് മുൻ ഉദ്ധരിച്ച സ്ത്രീയുടെ ആശയത്തിലുമുള്ളതു്. നമ്മുടെ നിഷ്പക്ഷതയും മന്ദോഷ്ണതയും ധാർമ്മികോദാസീനതയും എല്ലാം അവളെ ക്ലേശിപ്പിച്ചിട്ടുണ്ടു്. സ്പടികസ്ഫുടമായി ഇന്നു വെളിപ്പെടുന്ന ഒരു കാര്യം പുരോഗമനപരമെന്നു

www.malankaralibrary.com



പറയപ്പെടുന്ന ഇന്നത്തെ വിദ്യാഭ്യാസം ഒട്ടും തന്നെ പുരോഗമനപരമല്ലെന്നുള്ളതാണു്. നന്മയും തിന്മയും തമ്മിൽ വ്യത്യാസം കാണാത്ത സ്വയനിഗ്രഹവും വ്യക്തിത്വഭഞ്ജനവും തമ്മിൽ സാധർമ്മ്യം കല്പിക്കുന്ന ഒരു വിദ്യാഭ്യാസ പദ്ധതിയാണിതു്. ഇതിന്റെ പടിവാതിലിൽ വീണടിഞ്ഞു കിടക്കുന്ന ജാരസന്തതികളാണു് യുവജനാസ്വാസ്ഥ്യം, രാഷ്ട്രീയാഴിമതി, കവർച്ച തുടങ്ങിയവയെല്ലാം. എല്ലാവാസനകളേയും ഉണർത്തിവിട്ടാൽ ഒരു പോലെ ഗുണപ്രദമാകണമെന്നില്ല. മനുഷ്യനു നായാട്ടുവാസനയുണ്ടു്. വനാന്തരത്തിലെ ഒരു മാനിനെ അനുധാവനം ചെയ്യുമ്പോൾ അതു കൊള്ളാം. ഒരു പോലീസുകാരനെ കാണുമ്പോൾ അതു കൊള്ളുകയില്ല. ഇന്നത്തെ അധികാരവിദ്വേഷം നിയമരാഹിത്യത്തിന്റെ സാംക്രമികബാധ എന്നിടത്തോളം വരെ എത്തിയിരിക്കുകയാണു്.

## യുവജനശിക്ഷണത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

യുവാക്കന്മാരുടെ മൗലിക ഘടകങ്ങളിലേക്കു വിദ്യാഭ്യാസ നേതൃത്വത്തിന്റെ ശ്രദ്ധ തിരിയേണ്ടകാലം അതിക്രമിച്ചിരിക്കുന്നു. (1)ബുദ്ധിയും ഇച്ഛയും ഉള്ളവനാണു് യുവാവു്. ബുദ്ധി അറിവിന്റെയും ഇച്ഛ തിരഞ്ഞെടുപ്പിന്റെയും ഉറവിടങ്ങളാകുന്നു. അറിവു ലഭിച്ചവന്റെ തീരുമാനങ്ങൾ തെററിപ്പോയെന്നുവന്നാൽ അവൻ അപ്പാടെ

www.malankaralibrary.com



പരാജയപ്പെടും. (2)ജ്ഞാനദാനംകൊണ്ടു തൃപ്തിപ്പെടുന്ന വിദ്യാഭ്യാസം ഒരു നല്ലമനുഷ്യനെ രൂപപ്പെടുത്തണമെന്നില്ല. അജ്ഞനായ ചെകുത്താൻ എന്നതിനേക്കാരം വിജ്ഞനായ ചെകുത്താനെ സൃഷ്ടിക്കുന്നതിനു് അതിനു കഴിഞ്ഞേക്കും. (3) യഥാർത്ഥ ലക്ഷ്യം കണ്ടെത്തുന്നതിനു ബുദ്ധിയെ വളർത്തുകയും തെററായ ലക്ഷ്യങ്ങളിൽനിന്നു ശരിയാ ലക്ഷ്യം തെരഞ്ഞെടുക്കുന്നതിനു ഇച്ഛയെ നിയന്ത്രിക്കുകയും ചെയ്യുന്ന വിദ്യാഭ്യാസമാണു് വിജയശ്രീലാളിതമാകുന്നതു്.

## മാടിവിളിക്കുന്ന ശക്തികരം

ജീവിതത്തെ സ്വാധീനിക്കുന്ന രണ്ടു വലിയ നീക്കങ്ങരം ഇന്നുണ്ടു്. വ്യക്തിപരവും ദേശീയവുമായ തലങ്ങളിലുള്ള ധാർമ്മിക നവോത്ഥാനമാണു് ഒന്നാമത്തേതു്. രാഷ്ട്ര മനസ്സാക്ഷിക്കു ഉപരിയായ മനസ്സാക്ഷിയോ രാഷ്ട്ര ധാർമ്മികതയ്ക്കു ഉപരിയായ ധാർമ്മികതയോ കണക്കിലെടുക്കാത്ത സോഷ്യലിസ്ററു രാഷ്ട്രത്തിൻെറ ഉരുക്കു നുകങ്ങരംക്കു കീഴിലുള്ള ധാർമ്മികതയുടെയും ഉത്തരവാദിത്വത്തിൻെറയും ഞെരിഞ്ഞമരലാണ് രണ്ടാമത്തേതു്. രാഷ്ട്രമീമാംസയും ധനതത്വശാസ്ത്രവും ഒന്നാമത്തെ നീക്കത്തിനു മുമ്പിൽ കണ്ണടക്കുന്നു; എങ്കിലും, അതു് അതീവശക്തമാണ്.

www.malankaralibrary.com



## സ്വീകാര്യമാർഗ്ഗം

ധീരതയ്ക്കുവേണ്ടി ദാഹിക്കുന്നവരാണു് യുവാക്കൾ. ഒരു വയോധികനെ വിളിച്ചു യുവാവ് പറയുന്നു:

"ഞങ്ങളിൽ നിന്നിന്നെത്ര
ദൂരെ നിൽക്കുന്നു സത്യം
ഞങ്ങളിൽനിന്നും ദൂരെ
ദൂരെനിൽക്കുന്നു ധർമ്മം.
ദൂരെ നിൽക്കുന്നൂ കർമ്മ—
ശക്തിയും വിജ്ഞാനവും,
ദൂരെ നിൽക്കുന്നുയുക്തി—
ബോധവും വിവേകവും!
നടന്നൊന്നടുക്കട്ടെ
ഞങ്ങളാലക്ഷ്യങ്ങളിൽ,
കടം നല്കുമോ കാലം
നല്കിയവടി ശ്രീമൻ?
അങ്ങയെ നയിക്കുന്ന
സത്യ ധർമ്മത്തിൽ ദണ്ഡം
ഞങ്ങൾക്കുതന്നാലും നീ;
ഞങ്ങളിന്നാവശ്യക്കാർ!" *

നന്മയും തിന്മയും തമ്മിൽ വ്യത്യാസമില്ലെന്നു് പറയുന്നവരെ ഇന്നത്തെ യുവാക്കന്മാർക്ക് വിശ്വാസമില്ല. പടവെട്ടി എതിർക്കത്തക്ക ചില

---

* ചെമ്മനം ചാക്കോ

www.malankaralibrary.com



തിന്മകളുണ്ടെന്നു അവർ കരുതുന്നു. അതുപോലെ തന്നെ ചില നന്മകളുടെ സംരക്ഷണാർത്ഥം വേണ്ടിവന്നാൽ ആത്മാഹൂതി പോലും അധികമല്ലെന്നു് അവർക്കറിയാം. യുവജനങ്ങളിൽ അന്തർലീനമായിരിക്കുന്ന ചോരയുടെയും വിയർപ്പിന്റെയും കണ്ണീരിന്റെയും കഴിവുകളെ ഏതു വിധേനയും പ്രയോജനപ്പെടുത്തണം. നാസിസം, ഫാസിസം, കമ്മ്യൂണിസം എന്നതുപോലെയുള്ള ഒന്നിനു വേണ്ടി ചെറുപ്പക്കാരുടെ ത്യാഗധീരതയെ തിരിച്ചുവിടാൻ ഒരു രാഷ്ട്രീയ ഭ്രാന്തനു സാധിക്കും. ആത്മത്യാഗവും ധാർമ്മിക ധീരതയും കൊണ്ടു് മാതൃകായോഗ്യമായ സ്വജീവിത രീതിയിലേക്കു യുവാക്കന്മാരെ ആകർഷിക്കാൻ ധാർമ്മികവും വിദ്യാഭ്യാസപരവും രാഷ്ട്രീയവുമായ മണ്ഡലങ്ങളിലെ നേതാക്കന്മാർക്കു് കഴിയും.

ആധ്യാത്മിക നേതൃത്വത്തിന്റെ ഉത്തരവാദിത്വം ഭാരിച്ചതാണു്; അന്ധകാരനീക്കത്തെ എതിർത്തു നിർത്തുന്നതിനു സമരകാഹളം മുഴക്കുകയും പരസ്നേഹവും ദൈവസ്നേഹവും കാണിച്ചു കൊടുക്കയും ചെയ്കയെന്നതാണതു്.

www.malankaralibrary.com

# IV

## യുവജനപ്രശ്നം

“ഹൈസ്കൂളിൽ പഠിച്ചുഞാൻ
പഠിത്തം മുടക്കിടാൻ
കോളേജിൽ പഠിക്കുമ്പോഠം
ബസ്സു തീവെച്ചിടാനും!
അച്ഛൻെറ കൃഷിത്തൊഴിൽ
ശീലിച്ചിട്ടില്ലെന്നാലും
കച്ചോടം ചെയ്യാൻ മുതൽ
മുടക്കാനില്ലെന്നാലും
പിടയ്ക്കും നൂറിൻ നോട്ടെൻ
കൈകളിൽ, മാമൻ കണ്ടോ,
തിടുക്കം വയ്ക്കാതല്പം നിൽക്കു,
ഞാൻ വരാം വേഗം,
പെണ്ണിൻെറ ശരിത്തന്ത–
യല്ലയോ? നമ്മഠംക്കല്പം
തള്ളിവിട്ടിടാം, മിഷ്ടം
ഫോറിനോ സ്വദേശിയോ?” *

* ചമ്മനം ചാക്കോ ആത്മഹത്യ

www.malankaralibrary.com



ഇന്നത്തെ ഒരു ചെറുപ്പക്കാരന്റെ ചിത്രമാണിതു്. ജീവിതത്തിന്റെ വസന്തത്തിനും ഗ്രീഷ്മത്തിനുമിടയ്ക്കുള്ള ചുരുങ്ങിയ സമയമാണു പതിമ്മൂന്നിനും ഇരുപതിനുമിടയ്ക്കുള്ള പ്രായക്കാരന്റേതു്. ഈ പ്രായത്തിനുമുമ്പു് വ്യക്തിത്വം ഒട്ടുംതന്നെ രൂപംകൊണ്ടിരുന്നില്ല. ഇതോടുകൂടി വികാരജീവിതം ആരംഭിക്കുന്നു. പരിതോവസ്ഥകളാണു് വികാരപ്രകൃതിയെ നിയന്ത്രിക്കുന്നതു്. പാത്രത്തിന്റെ ആകൃതി അതിൽ ഒഴുകി വീഴുന്ന പാനീയം സ്വീകരിക്കുന്നതു പോലെ ചെറുപ്പക്കാരന്റെ വികാരജീവിതം ചുററുപാടിനനുസരിച്ചു രൂപപ്പെടുന്നു. തന്നെയും മററുള്ളവരെയും പററി അവൻ ബോധവാനായിത്തുടങ്ങുന്നു; അതോടൊപ്പം ഏകതാനതയ്ക്കുള്ള ചായ്വും അന്യതാബോധവും ഉണ്ടാകും രക്ഷിതാക്കളും അദ്ധ്യാപകന്മാരും മനസ്സിലാക്കുന്നതിന്റെ പതിന്മടങ്ങാണു് യുവാവിന്റെ ഏകാന്തത. ജീവിതത്തിന്റെ മറെറാരു ഘട്ടത്തിലും ഏകതാനതയുടെ വേദന ഇത്രയധികം അനുഭവപ്പെടുന്നില്ല.

## വെളിപ്പെടുത്തലിൽനിന്നു

### ഒളിക്കുന്ന ഹൃദയം

തനിക്കു ചുററുമുള്ള ലോകത്തിലേക്കു യുവാവു വ്യക്തിത്വം പതിപ്പിക്കുമ്പോൾ അതിൽ നിന്നു വളരെ അകലുന്നതായി അവനു തോന്നിത്തുടങ്ങുന്നു, തനിയ്ക്കും ലോകത്തിനുമിടയ്ക്ക

www.malankaralibrary.com



ഒരു കനത്ത ഭിത്തിയുണ്ടെന്ന തോന്നൽ. തന്നെക്കുറിച്ചു സമഗ്രമായ അപഗ്രഥനമൊന്നും അവൻ നടത്തുന്നില്ല. കണ്ണും കരവും സഹകരിച്ചു പ്രവർത്തിക്കുന്നതിനുള്ള കഴിവു സമ്പാദിക്കാൻ കൊച്ചുകുട്ടി വളരെയേറെ സമയമെടുക്കുന്നതുപോലെ ചുററുപാടുമുള്ള ലോകവുമായി ഇഴുകിച്ചേർന്നു പ്രവർത്തിക്കുന്നതിനു് യുവാവിനു നീണ്ട സമയം വേണ്ടിവരുന്നു. പരിസരവുമായുള്ള മെരുക്കം ഒററക്കുതികൊണ്ടല്ല അവൻ സാധിക്കുന്നതു്. പുതുമകളും വികാരാനുഭൂതികളും കനകക്കിനാവുകളും പ്രതീക്ഷകളും അവൻെറ മനസ്സിലൂടെ ഇളകിമറിഞ്ഞൊഴുകുന്നു. ആ വൈകാരികകോളിളക്കങ്ങൾ വിശ്വസ്തമിത്രങ്ങൾക്കുപോലും വെളിപ്പെടുത്തുന്നില്ല. യുവാക്കന്മാർ നുഴഞ്ഞുകയറുന്ന ആവരണത്തിലേക്കു പ്രവേശിക്കുവാൻ മുതിർന്നവർക്കു പ്രയാസമാണു്. വീഴ്ചയ്ക്കു ശേഷം ആദാം എന്നവണ്ണം വെളിപ്പെടലിൽനിന്നു അവൻ ഓടി ഒളിക്കുന്നു.

## ശ്രദ്ധിക്കപ്പെടാൻ അഭിവാഞ്ഛ.

ശ്രദ്ധിക്കപ്പെടുന്നതിനുള്ള ആർത്തിയാണു് ചെറുപ്പക്കാരൻെറ വേറൊരു പ്രത്യേകത. ചിലരുടെ പെരുമാററത്തിലെ ഒച്ചപ്പാടിനു കാരണവും ഇതുതന്നെ. മററുള്ളവരെ ആകർഷിക്കുവാൻ മാത്രമല്ല, അവരോടു മറുതലിക്കുവാനും അവൻ മടിക്കുന്നില്ല. "തനിക്കുതാനും പുരക്കുതൂണും" പ്രമാണക്കാരനാണു് താനെന്നും തോന്നിയതുപോലെ മാത്രമേ ചിരിക്കുകയുള്ളുവെന്നുമാണു് അവൻെറ

www.malankaralibrary.com



ശാഠ്യം. "മകനെ, എവിടെപ്പോകുന്നു?" എന്നു വാൽസല്യപൂർവ്വം ചോദിപ്പുന്ന വൃദ്ധനോടു്:

"കെട്ടിത്തൂങ്ങുവാൻപോകു—
ന്നപ്പൂപ്പനെന്തോവേണം?
കെട്ടിച്ചുനല്കാൻവീട്ടിൽ
പെൺമക്കളുണ്ടോസൈസിൽ"(*)

എന്നു തക്കത്തരം പറയാൻ അവൻ മടിക്കുന്നില്ല.

## അന്ധമായ അനുകരണം

അനുകരണഭ്രമമാണു് ചെറുപ്പക്കാരെ അലട്ടുന്ന വേറൊരു രോഗം. നിലവിലുള്ളതിനെതിരായി മറുതലിപ്പും ക്ഷണപ്രഭാചഞ്ചലതയുടെ പിന്നാലെ പരക്കംപാച്ചിലുമായി കഴിയുന്ന ഇവർ അവസരത്തിനൊത്തു നിറംമാറുന്ന ഓന്തിന്റെ പ്രകൃതക്കാരാണു്. ജീവിക്കുന്ന ചുററുപാടുകളുടേയോ വായിക്കുന്ന പുസ്തകങ്ങളുടേയോ പരിചയിക്കുന്ന കൂട്ടുകാരുടേയോ തരമനുസരിച്ചു് ഇവർ ധീരൻമാരോ കവർച്ചക്കാരോ ആയിട്ടോ വിശുദ്ധൻമാരോ തസ്കരൻമാരോ ആയിട്ടോ പരിണമിക്കുന്നു. വേഷവിധാനത്തിലുമുണ്ടു് ഈ അനുകരണഭ്രമം.

"കടുവാപ്പടം തിങ്ങു—
മുടുപ്പും പിന്നിൽപ്പക്ഷി—
ക്കുടുമ പിടിപ്പിച്ച
തലയും, കൂളിംഗ്ഗ്ലാസ്സിൽ

* ചെമ്മനം ചാക്കോ

www.malankaralibrary.com



മുക്കാലും പുതപ്പിച്ച
മുഖവു, മതിൻചുണ്ടിൽ
തൽക്കാലം പിടിപ്പിച്ച
ചാർമിനാർ സിഗററ്റും
ഇഴുകി ക്കാലിൽപ്പററി—
ച്ചേർന്നഴിഞ്ഞഴിഞ്ഞീലെ -
ന്നരയിൽ തർക്കിക്കുന്ന
പാൻറു, മായതിൻതാഴെ
മുന്നിലേക്കഗ്രം കൂർത്തു
വളഞ്ഞഷൂസും, തോളിൽ
തന്നിലേപ്പട്ടലപ്പാലപ്പം
മൂളുന്ന ട്രാൻസിസ്റ്ററും — —(*)

ആയി നീങ്ങുന്ന യുവാവിനെ കാണുമ്പോൾ അന്ധ കരണത്തിനു വേണ്ടിയുള്ള വെമ്പൽ ഓർത്തുകൊണ്ടാൽ മതി.

## ഗതാനുഗതികത്വം.

"മുമ്പേ ഗമിച്ചീടിന ഗോവു തൻെറ പിമ്പേ ഗമിക്കുന്ന" രീതിയാണ് മിക്ക യുവജനങ്ങൾക്കും. തൻമൂലം, അവരുടെയിടയിൽ നേതാക്കൻമാർ നന്നേ കുറയും. ചെറുപ്പക്കാരുടെ അന്ധമായ ഗതാനുഗതികത്വം ധാർമ്മികമായി അപകടകാരിയുമാണ്. തിരസ്കരിക്കേണ്ടവയെ നിരസിക്കുവാനുള്ള ചങ്കൂറ്റത്തിലാണ് സ്വഭാവ വൈശിഷ്ട്യവും വ്യക്തിത്വവും അടങ്ങിയിരിക്കുന്നത്. ഇച്ഛാശക്തിക്കു

www.malankaralibrary.com



പരിശീലനം നല്കുവലാൻ വിദ്യാഭ്യാസത്തിനു സാധിക്കുന്നില്ലെങ്കിൽ ജീവിതശിഷ്ടം മുഴുവൻ പല ചെറുപ്പക്കാരും പ്രചാരണതന്ത്രങ്ങൾക്കും പൊതുജനാഭിപ്രായത്തിനും അടിമകളായിത്തീരാനിടയുണ്ടു്. സൃഷ്ടിക്കുന്നതിനു പകരം അവർ അനുകരിക്കുന്നു.

## എതിർപ്പിനു ഹേതു.

മറുതലിക്കുന്ന ചെറുപ്പക്കാരോടു മുതിർന്നവർ അനുകമ്പ പ്രദർശിപ്പിക്കണം; അവരെ നിശിതമായി വിമർശിക്കരുതു്. നിയന്ത്രണത്തിനു നേരെയല്ല അവരുടെ എതിർപ്പു്; പിന്നെയോ, ജീവിതലക്ഷ്യമോ ഉദ്ദേശ്യമോ തങ്ങൾക്കു നൽകാത്ത കാരണവന്മാർക്കു നേരെയാണു്. ബോധപൂർവ്വകമല്ല അവരുടെ എതിർപ്പു്. മാതാപിതാക്കന്മാരെ എതിർക്കുന്നതെന്തിനെന്നോ അധികാരസ്ഥാനത്തെ ധിക്കരിക്കുന്നതിനു കാരണമെന്തെന്നോ സഹജീവികളായ യുവജനങ്ങളുടെ അസ്വാസ്ഥ്യം എന്തുകൊണ്ടാണെന്നോ അവർക്കു അറിഞ്ഞുകൂടാ. ജീവിതത്തിൽ തങ്ങൾക്കു ഒരു സുനിശ്ചിത മാതൃക നല്കിയിട്ടില്ലാത്ത സമൂഹത്തിൻെറ നേരെയുള്ള അബോധപൂർവ്വമായ ഒരു എതിർപ്പാണു് അവരുടേതു്. നിയമവിധേയത്വം, അച്ചടക്കം, ആത്മനിയന്ത്രണം എന്നിവയ്ക്കു സനിഷ്കർഷശ്രദ്ധ പഠിച്ച പള്ളിക്കൂടങ്ങളിൽ കൊടുത്തിട്ടുള്ളതായി അവർ അറിഞ്ഞിട്ടില്ല. ആഗ്രഹിക്കുന്നതെന്തും പ്രവർത്തിക്കുന്നതിനുള്ള ലൈസൻസായി മാത്രം സ്വാതന്ത്ര്യ

www.malankaralibrary.com



ത്തെയും ഡമോക്രസിയേയും നിർവ്വചിക്കുന്ന അധ്യാപകരെ മാത്രമേ അവർ കണ്ടിട്ടുള്ളു. ഈ മറുതലിപ്പുകൾ അവസാനിപ്പിച്ചു് സമ്പൂർണ്ണ സമർപ്പണത്തിനു പോരുന്ന ഒരു വലിയ കാരണത്തിലേക്കു ചെറുപ്പക്കാർ തിരിയാതിരിക്കുകയില്ല. അവർക്കു ഒരാദർശം വേണം. സിനിമാതാരത്തിന്റെ വികാരപരതയുടെ പിന്നാലെ പരക്കം പായുന്നതിനേ ഇന്നു അവർക്കു സാധിക്കുന്നുള്ളു. മൂകാഭിനയമായ കഥകളിയിൽ പാഞ്ചാലി രംഗത്തു വരുമ്പോൾ അവന്റെ വിളിച്ചു കൂവൽ

"പാഞ്ചാലി പാട്ടുപാടണം
കുളിസീൻ കാണിക്കണം" *

എന്നാണു്. കൂടുതൽ ദൃഢമായ ആദർശത്തിലേക്കു അവർ വളർന്നിട്ടില്ല. സ്വാതന്ത്ര്യത്തിന്റെ ബലിവേദിയിൽ ജീവിതം ഹോമിച്ചിട്ടുള്ള രാഷ്ട്രനേതാക്കന്മാരുടെ പിന്നിൽ അണിനിരക്കുന്നതിനുപോലും അവർക്കു സാധിച്ചിട്ടില്ല. ഈ ദയനീയസ്ഥിതിക്കു മാററമുണ്ടാകും. ഓരോ യുവാവിലും അന്തർല്ലീനമായിരിക്കുന്ന ധീരതയുടെ രോമാഞ്ചദായകമായ വികാരം ഉണരുകയും വളരുകയും ബാഹ്യമായി പ്രത്യക്ഷപ്പെട്ടു് വിശുദ്ധരിലേക്കും വീരരിലേക്കും ശ്രദ്ധ കേന്ദ്രീകരിക്കയും ചെയ്യുന്ന സമയംവരും. തപസ്യയുടെ അരൂപി

---

* ചെമ്മീൻ [illegible]

www.malankaralibrary.com



മുതിർന്ന തലമുറ ഉപേക്ഷിച്ചു കളഞ്ഞു. ദൈവം പുതിയ തലമുറയെ അയയ്ക്കുകയും നവീനാധ്യായത്തിനു തുടക്കം കുറിക്കയും ചെയ്യും. രാജ്യത്തോടും ദൈവത്തോടുമുള്ള സ്നേഹത്തിൽ നമ്മുടെ ചെറുപ്പക്കാർ യഥാർത്ഥ ആദർശം കണ്ടെത്തും. മതത്തിൻെറ പ്രവർത്തനത്തിനാണു് മനുഷ്യനെ ത്യാഗത്തിനു പ്രേരിപ്പിക്കാൻ കഴിയുന്നതു്. യുക്തിക്കോ സ്വാർത്ഥതക്കോ അതിനു കരുത്തില്ല.

MALANKARA
LIBRARY

www.malankaralibrary.com

V

# വ്യക്തിത്വം വിൽക്കുന്നവർ

ജ്യേഷ്ഠാവകാശം വിററു് പായസം വാങ്ങിത്തിന്ന യേശാവിൻെറ കഥയുണ്ടു്. ചാരിത്ര്യം വിൽക്കുന്ന വേശ്യകളുണ്ടു്. "കാണം വിററും ഓണമുണ്ണണ"മെന്നു പറയുന്നവരുണ്ടു്. ഇവരെക്കാളെല്ലാം അംഗസംഖ്യ കൂടുതലുണ്ടു് വ്യക്തിത്വം കശാപ്പുചെയ്തു് വ്യാപാരം നടത്തുന്നവർക്കു്. വ്യക്തിത്വത്തിനു അവർ പ്രാധാന്യമൊന്നും കൊടുക്കുന്നില്ല. സമൂഹത്തിൽ നിമഗ്നമാകുന്നതിനേ അവർക്കു താല്പര്യമുള്ളു. ഇത്തരക്കാരുടെ ചില അടയാളങ്ങളാണു് ചുവടേ ചേർക്കുന്നതു്.

1 സിനിമാമാസികയോ വർത്തമാനപ്പത്രമോ അല്ലാതെയുള്ള വായനയൊന്നും അവർക്കില്ല. നൂതന സിദ്ധാന്തമോ പ്രശ്നപരിഹാരമോ ഒന്നും അവരിൽ നിന്നു പ്രതീക്ഷിക്കേണ്ടതില്ല. അവരുടെ തീരുമാനങ്ങളിൽ അപൂർവ്വ കല്പനാശക്തി (Originality) കാണുകയില്ല.

2 ശാന്തത, ആത്മ പരിശോധന, നിശ്ശബ്ദത തുടങ്ങി സ്വയശോധനയ്ക്കു പ്രേരകമാകുന്ന എല്ലാററിനേയും അവർ വെറുക്കും. ഒച്ചപ്പാടും ജന

www.malankaralibrary.com



ക്കൂട്ടവും റേഡിയോപ്പാട്ടും ഒക്കെയാണ് അവർക്കാവശ്യം. ഇവയിൽ പലതും അവർ ശ്രദ്ധിച്ചെന്നുമിരിക്കുകയില്ല.

3 ആത്മചിന്തയിൽ നിന്നു ഒഴിഞ്ഞു മാറാൻ അവർ കിണഞ്ഞു ശ്രമിക്കും; അതിനു വേണ്ടി മദ്യശാലകളേയും അപസർപ്പകകഥകളേയും സിനിമയേയും അഭയം തേടും; പലപ്പോഴും ലൈംഗികാസക്തിയിലേക്കും തിരിയും. അങ്ങനെ ജീവിത പ്രശ്നത്തിൻെറ ഗൗരവചിന്തയെ മറികടക്കാമെന്നാണ് ഭാവം.

4 സ്വാധീനിക്കുന്നതിനേക്കാൾ സ്വാധീനിക്കപ്പെടുന്നതിനാണ് അവരുടെ മോഹം. പ്രചാരണത്തിലും പ്രസിദ്ധീകരണത്തിൻെറ പ്രചോദനത്തിലും പത്രത്തിലെ ഇഷ്ടപ്പെട്ട ചില പ്രത്യേക പംക്തികളിലും അവർ വികാരവിവശമാകും.

5 എല്ലാവാസനകളും ഒന്നുപോലെ പോഷിപ്പിക്കപ്പെടേണ്ടതാണെന്നത്രേ അവരുടെ വിചാരം; അവ ബുദ്ധിപരമായിരിക്കണമെന്നതിനെപ്പററി നോട്ടമില്ല. സ്വയനിഗ്രഹത്തെയും അച്ചടക്കത്തെയും പററിയൊന്നും അവർക്കു മനസ്സിലാകയില്ല. തോന്നുന്നതെല്ലാം ചെയ്യുന്നതിനുള്ള അവകാശവും സ്വാതന്ത്ര്യവും ഒന്നുതന്നെയെന്നത്രേ അവരുടെ ചിന്ത.

6 അബദ്ധത്തെയും സുബദ്ധത്തെയും പററിയുള്ള അവരുടെ ആശയം കാററാടിയന്ത്രം പോലെ മാറിക്കൊണ്ടിരിക്കും. കഴിഞ്ഞതിനെക്കുറിച്ചു

www.malankaralibrary.com



കൃതജ്ഞതയോ വരുന്നതിനെക്കുറിച്ചു ഉത്തരവാദിത്വമോ അവർക്കില്ല. ഒന്നിനോടൊന്നു ചേർച്ചയില്ലാത്ത ഭ്രാന്തമുഹൂർത്തങ്ങളുടെ കൂമ്പാരമാണവരുടെ ജീവിതം.

7 പണവും സന്തോഷവും തമ്മിൽ അവർക്കു ഭേദമില്ല; കൂടുതൽ സന്തോഷത്തിനുവേണ്ടി കൂടുതൽ പണം കൂട്ടുന്നു. ബുദ്ധിമുട്ടാതെയുള്ള പണസമ്പാദനമാണവരുടേതു്. സ്വാർത്ഥതയാണവർക്കു കേന്ദ്രം. എല്ലാററിനേയും സ്വാർത്ഥതാകേന്ദ്രത്തിലേക്കാകർഷിക്കാൻ അവരുടെ പണത്തിനു സാധിക്കുന്നു.

8 ഏകാന്തതയെ ഭഞ്ജിക്കുന്നതിനു വേണ്ടി രാത്രിക്കൂട്ട (night clubs) ങ്ങളിലും പാർട്ടികളിലും അവർ പങ്കെടുക്കും; ഓരോന്നിൽ നിന്നും തിരിച്ചെത്തുന്നതു പൂർവ്വാധികം ഏകാന്തതാഭാരത്തോടുകൂടിയായിരിക്കും.

9 യഥാർത്ഥമോ സാങ്കല്പികമോ ആയി മററുള്ളവരിലുള്ള ശ്രേഷ്ഠതയൊന്നും അവർ വകവെയ്ക്കുന്നില്ല; അവയെ വെറുക്കുകയും ചെയ്യുന്നു. ദുഷ്പേരിനിരയായ വ്യക്തികളെ അവർക്കു ബഹുപഥ്യമാണു്. മററുള്ളവർ തങ്ങളേക്കാൾ മെച്ചമല്ലെന്നാണു് ഇതുമൂലം അവരുടെ സമാധാനം. മതത്തെ വെറുക്കുന്നു; മനസ്സാക്ഷിക്കുത്തുകൂടാതെ ഇഷ്ടപ്പെടുന്നതെല്ലാം ചെയ്യാമെന്നത്രേ അപ്പോഴത്തെ അവരുടെ ആശ്വാസം.

www.malankaralibrary.com



10 പുരുഷാരത്തിൽ മറഞ്ഞു കഴിയുന്നതാണു് അവർക്കിഷ്ടം. അവർ ഉദ്ധരിക്കുന്ന പ്രമാണം പോലും പലപ്പോഴും അജ്ഞാതരൂപത്തിലുള്ളതാണു്. "അവർപറയുന്നു" "ഇങ്ങനെ കോംക്കുന്നു" "അവർചെയ്യുന്നു" എന്നെല്ലാം. ഈ അജ്ഞാതാകൃതി ഉത്തരവാദിത്വത്തിൽ നിന്നു രക്ഷപ്പെടുന്നതിനുള്ള ഒരു തന്ത്രമാണു്.

ഫാസിസം തുടങ്ങി കമ്യൂണിസം വരെയുള്ള എല്ലാ ഏകാധിപത്യവ്യവസ്ഥിതികളുടെയും അസംസ്കൃതവസ്തുക്കാം ഇത്തരം വ്യക്തികളാണ്. നിരാശയും ഉൽക്കണ്ഠയും ഭയവും ജീവിതത്തിന്റെ അർത്ഥമില്ലായ്മയിലുള്ള ആകുലതയും കൊണ്ടു് അസന്തുഷ്ടരാണിവർ. തന്നിലേക്കുതന്നെ തിരിയുമെങ്കിൽ ഇവർ നിരാശപ്പെടേണ്ടി വരികയില്ല; പ്രതീക്ഷയ്ക്കു അവകാശമുണ്ടു്. എന്നാൽ ഹൃദയത്തിലേക്കു തിരിയുവാൻ മനുഷ്യനു എളുപ്പം സാധിക്കുന്നില്ല.

"ഭൂഗർഭത്തപ്പാറിക്കാം, കടലിനടിയിലും
താണുകാര്യം ഗ്രഹിക്കാം
ശൂന്യാകാശത്തെ വെന്നിട്ടോട്ടവിൽവിധുവിലും
മർത്ത്യനൊട്ടെത്തിയേക്കാം
സാധിക്കാം മേൽക്കുമേലായണു പഠനവു, മെ–
ന്നാലുംമാർക്കും ഗ്രഹിക്കാ
നാവില്ലാമനുഷ്യാ, നിൻ ഹൃദയ, മതിനക–
ത്തുള്ള മായങ്ങളെന്തോ! *

* സിസ്റ്റർ മേരി ബനീഞ്ഞാ

www.malankaralibrary.com



ആന്തരികവേദനകൾ അസഹ്യമായതുകൊണ്ടത്രേ സമൂഹത്തിൽ തന്നെത്താൻ നിമഗ്നമാക്കുവാൻ മനുഷ്യൻ വെമ്പൽ കൊണ്ടതു്. സമൂഹത്തിൽനിന്നു സ്വയം കിളർത്തപ്പെട്ടു തന്നിലേക്കുതന്നെ തിരിയുക എന്നതാണു് അവർ ചെയ്യേണ്ടതു്. അജ്ഞാതത്വത്തിലേക്കുള്ള നെട്ടോട്ടം ഭീരുത്വമാണു്.

"കണ്ണാടികാൺമോളവും തന്നുടെ മുഖമേററം
നന്നെന്നു നിരൂപിക്കുമെത്രയും വിരൂപന്മാർ"

ആത്മശോധനയുടെ നിലക്കണ്ണാടിയിലേക്കു ധൈര്യശാലി നോക്കും; ദുർന്നടത്ത വരുത്തിവെച്ച ആന്തരിക വൈരൂപ്യങ്ങൾ അപ്പോൾ കാണാകും.

"മാററാം പലേതരമശുദ്ധികൾ രണ്ടുനേര–
മാററിൽ കുളിച്ചിടുക വിഡ്ഢികളിച്ചിടാതെ."*

മനുഷ്യൻ മനുഷ്യനായിരിക്കണം. സ്വയം വ്രണിതനാണെന്നറിയുന്ന ക്ഷണത്തിൽ അവൻ ദിവ്യഭിഷഗ്വരൻെറ പക്കലേക്കു തിരിയട്ടെ. അവർക്കു ഹൃദയ സ്വാസ്ഥ്യം നല്കുവാൻ അവിടുന്നു സന്നദ്ധനാണു്. അധ്വാനിച്ചും കഠിനമായി ഭാരപ്പെട്ടുമിരിക്കുന്ന ഏവരുമേ, നിങ്ങൾ എൻെറ അടുക്കൽ വരുവിൻ. നിങ്ങളുടെ ഹൃദയങ്ങൾക്കു സ്വാസ്ഥ്യത നേടുവിൻ."

---

* സിസ്ററർ ബനിഞ്ഞ്ജാ

www.malankaralibrary.com

# VI

# സംതൃപ്തി സമ്പാദിക്കാമോ?

## നിലയ്ക്കാത്ത മോഹങ്ങൾ

ഒരിടത്തു ഒരു കുട്ടിയുണ്ടായിരുന്നു. അവൻ ഒരു മാർബിൾ കിട്ടാൻ കൊതിച്ചു. അതു മാത്രമേ ആഗ്രഹമുണ്ടായിരുന്നുള്ളു. അതു കിട്ടി. അപ്പോൾ അവനു് ഒരു പന്തു കൂടി കിട്ടണമെന്നായി. പന്തു ലഭിച്ചു. ഒരു തൊപ്പി വേണമെന്നായി അടുത്ത അഭിലാഷം. ഇല്ലെങ്കിൽ ഒട്ടും തന്നെ തൃപ്തിയില്ല. തൊപ്പിയും ഉണ്ടായി. അപ്പോഴേക്കും പട്ടം പറപ്പിക്കാനുള്ള മോഹം അവനിൽ കൊടുമ്പിരികൊണ്ടു കഴിഞ്ഞു. ഒന്നു കൊണ്ടും തൃപ്തി വന്നില്ലതാനും.

" അവനീശതവേണമാഢ്യനുർവ്വീ–
ധവനാശിപ്പതു ചക്രവർത്തിയാകാൻ
അവനോ ഭുവനാധിപത്യലുബ്ധൻ
ശിവനേ, മർത്ത്യനു തൃഷ്ണതീരലുണ്ടോ ?"*

---

* വള്ളത്തോൾ

www.malankaralibrary.com



അസംതൃപ്തനെ സന്തുഷ്ടനാക്കാനുള്ള ശ്രമം അരിപ്പയിൽ വെള്ളം നിറയ്ക്കാനുള്ള ബദ്ധപ്പാടിനു തുല്യമാണ്. എത്രമാത്രം വെള്ളമൊഴിച്ചാലും അരിപ്പയുടെ ഓട്ട അതെല്ലാം അതിവേഗം ചോർത്തിക്കളയും.

## പരിശീലിക്കേണ്ട കല

ലോകത്തിലെ അസംതൃപ്തന്മാരുടെ എണ്ണം കുറച്ചൊന്നുമല്ല. അതൃപ്തിയുടെ കാരണങ്ങളും അവയെ ദൂരീകരിക്കുന്നതിനുള്ള മാർഗ്ഗങ്ങളും അറിയുക ഉപകാരപ്രദമാണ്. ജന്മനാ സിദ്ധിക്കുന്നതല്ല തൃപ്തി. സ്ഥിരനിശ്ചയങ്ങൾ കൊണ്ടും അത്യാർത്തികളെ ജയിച്ചടക്കുന്നതിലുള്ള സൂക്ഷ്മതകൊണ്ടുമാണ് ഇതു പ്രാപിക്കേണ്ടതു്. ദുർല്ലഭം ചിലരേ ഈ കല പരിശീലിക്കുന്നുള്ളു.

## അസംതൃപ്തിയുടെ കാരണങ്ങൾ

അഹന്തയാണ് അസംതൃപ്തിയുടെ പ്രധാന കാരണം. സ്വാർത്ഥതയെ കേന്ദ്രബിന്ദുവായി പ്രതിഷ്ഠിക്കുകയാണ് അഹന്ത ചെയ്യുക. മററുള്ളതെല്ലാം അതിനു ചുററും കാത്തിക്കൊള്ളണം. അസൂയയാണ് തൃപ്തിരാഹിത്യത്തിൻെറ രണ്ടാം കാരണം. അന്യൻെറ സ്വത്തുക്കളും കഴിവുകളും നമ്മിൽ നിന്നു മോഷ്ടിക്കപ്പെട്ടതാണെന്നൊരു തോന്നലത്രേ അസൂയ നമ്മിലുളവാക്കുക. ഹൃദയത്തിൻെറ ശൂന്യതാസ്ഥിതിക്കു പകരം നിർത്തുവാൻ സമ്പൽ സമൃദ്ധിക്കു വേണ്ടിയുള്ള അമിതമോഹമത്രേ അതൃപ്തിക്കു മൂന്നാമതൊരു കാരണം.

www.malankaralibrary.com



വിഷാദഭാവത്തിൽ നിന്നോ നമ്മം ആഗ്രഹിക്കുന്നവ അനുഭവിക്കുന്ന അപരനോടുള്ള എതിർപ്പിൽ നിന്നോ ഉത്ഭൂതമാകുന്ന അസൂയയാണ് ഇനിയത്തെ കാരണം.

## സ്ഥലം മാററം സംതൃപ്തി വരുത്തുമോ ?

സ്ഥലം മാറുന്നതു കൊണ്ടു് സംതൃപ്തി ലഭിക്കുകയില്ല. ഭൂമിയുടെ മറെറാരുഭാഗത്തായിരുന്നെങ്കിൽ കുടുതൽ മനശ്ശാന്തി ലഭിക്കുമായിരുന്നെന്നു പ്രതീക്ഷിക്കുന്നവരുണ്ടു്. വെള്ളത്തിൽ വളത്തിയ ഒരു സ്വർണ്ണ മത്സ്യവും കൂട്ടിൽ സൂക്ഷിക്കപ്പെട്ട ഒരു പക്ഷിക്കുഞ്ഞും തമ്മിൽ സംഭാഷണത്തിലേർപ്പെട്ടു. മത്സ്യം പറഞ്ഞു: "ഹാ! പക്ഷിക്കുഞ്ഞിനെപ്പോലെ മേൽപ്പോട്ടും കീഴ്പ്പോട്ടും പറക്കാൻ കഴിഞ്ഞെങ്കിൽ! ആ കൂട്ടിനുള്ളിലായിരിക്കുവാൻ ഞാനാഗ്രഹിക്കുന്നു" പക്ഷി പറഞ്ഞു: "മത്സ്യം തുള്ളിച്ചാടിക്കളിക്കുന്ന ആ കുളിർമ്മയുള്ള വെള്ളത്തിനുള്ളിൽ ആയിരിക്കുക ഹാ! എത്ര ആനന്ദകരം! ഞാനതിനു കൊതിക്കുന്നു " ഒരു ശബ്ദം പെട്ടെന്നു കേൾക്കപ്പെട്ടു: " കിളിക്കുഞ്ഞേ, വെള്ളത്തിനുള്ളിലേക്കു ഇറങ്ങിക്കൊള്ളുക". "മത്സ്യമേ, പക്ഷിക്കൂട്ടിലേക്ക കയറിക്കൊള്ളൂ" അവർ പരസ്പരം സ്ഥലം മാറി. പക്ഷി വെള്ളത്തിലോ മത്സ്യം അന്തരീക്ഷത്തിലോ സംതൃപ്തി കണ്ടെത്തിയില്ല. പ്രകൃതിക്കും കഴിവിനും ഏററം യോജിച്ച സ്ഥാനത്തത്രേ ഈശ്വരൻ ഓരോന്നിനേയും പാർപ്പിച്ചിട്ടുള്ളതു്.

www.malankaralibrary.com



## പരിമിതികളുടെ കൂടാരം

പരിമിതിയെക്കുറിച്ചുള്ള അവബോധം സംതൃപ്തിക്കു സഹായകമാണ്. അതിരിനുള്ളിലുള്ളവ എന്താണ്ടു പ്രശാന്തമായിരിക്കും. മതിൽക്കെട്ടിനാൽ വേർതിരിക്കപ്പെട്ട മലർക്കാവ് പ്രശാന്തസുന്ദരമാണ്. ബാഹ്യലോകം അതിൽ നിന്നു കെട്ടിയടയ്ക്കപ്പെട്ടിരിക്കുന്നു. അതിന്റെ കവാടങ്ങളിലൂടെ ബാഹ്യലോകത്തെ വീക്ഷിക്കുകയും ആനന്ദിക്കയും ചെയ്യാം. അടങ്ങാത്ത ദ്രവ്യാശയും മോഹവും സ്വാർത്ഥതയും മനുഷ്യനെ വട്ടമിട്ടിരിക്കുന്നു. ഇവയ്ക്കു വേണമെങ്കിൽ അതിർ വരമ്പുറപ്പിക്കാം. എങ്കിൽ, മനുഷ്യൻ പ്രശാന്തനാകും. പരിസരത്താൽ പരിമിതനാക്കപ്പെട്ട സംതൃപ്ത മനുഷ്യനു സ്വന്തം പരിമിതികൾ അസ്വസ്ഥതയ്ക്കുള്ള മറുമരുന്നായിത്തീരും. പരിമിതികൾ ചെറുതോ വലുതോ ആയിക്കൊള്ളട്ടെ, അതിന്റെ കൂടാരം നമുക്കു സൗഭാഗ്യഹൃദയം നേടിത്തരും.

## സംതൃപ്തിക്കു സഹായകമായ ചില ഘടകങ്ങൾ

വിശ്വാസമാണ് തൃപ്തി നല്കുന്ന ഒരു ഘടകം. ജീവിതത്തിലെന്താണു സാധിക്കേണ്ടതെന്നതിനെക്കുറിച്ചു ബോധമുണ്ടാകണം. പ്രതിസന്ധികളെന്തും സ്നേഹമുള്ള പിതാവിന്റെ കരങ്ങളിൽ നിന്നാണുണ്ടാകുന്നതെന്ന് അറിഞ്ഞിരിക്കണം. ഒരുത്തമ മനസ്സാക്ഷിയത്രേ തൃപ്തി ജനിപ്പിക്കുന്ന രണ്ടാം ഘടകം. ധാർമ്മിക പരാജയം കൊണ്ടും

www.malankaralibrary.com



നിരപ്പാകാത്ത കുററം കൊണ്ടും ആന്തരികാസ്വസ്ഥത ഉണ്ടാകാം. അത്തരം സന്ദർഭങ്ങളിൽ ബാഹ്യവസ്തുക്കൾക്കൊന്നും ആന്തരിക സ്വസ്ഥത തരാൻ ശക്യമല്ല. ആഗ്രഹങ്ങളെ നിഗ്രഹിക്കേണ്ടതും ആഹ്ലാദങ്ങളെ പരിമിതപ്പെടുത്തേണ്ടതും സംതൃപ്ത ഹൃദയത്തിനു ആവശ്യമത്രെ. അതിസ്നേഹം അതിദുഃഖത്തിനിടവരുത്തും. സംതൃപ്തി സന്തോഷത്തെ ഉയർത്തുകയും സന്താപത്തെ ഇകഴ്ത്തുകയും ചെയ്യും. ക്ഷമയോടെ സഹിച്ചാൽ ഏതു തിന്മയേയും ലഘൂകരിക്കാം. എത്ര വലിയ നന്മയിലും വിഷം കലർത്തുന്നതിനു് അസംതൃപ്തിക്കു പ്രയാസമില്ല. ജീവിതയാതനകൾക്കു ആഴവും പരപ്പുമുണ്ടു്. അതിനെ വീണ്ടും അനാവശ്യമായി വളർത്തണമെന്നില്ലല്ലൊ.

## സംതൃപ്തി ഉൽക്കർഷേച്ഛയെ വിഘാതപ്പെടുത്തുമോ?

അഭിവൃദ്ധിക്കു വേണ്ടിയുള്ള ഉത്തേജനത്തെ സംതൃപ്തി പ്രതിബന്ധപ്പെടുത്തുന്നില്ല. തൃപ്തനായിരിക്കാൻ മാത്രമല്ല ഒരു പാവപ്പെട്ടവനോടു ക്രിസ്തുമതം ആവശ്യപ്പെടുക. തൊഴിലിൽ ജാഗരൂകനായിരിക്കാൻ കൂടി അവനോടു പറയും. ഇന്നത്തേക്കാണ് ഒരു മനുഷ്യൻ ദരിദ്രനായിരിക്കുന്നതു്. ഇന്നത്തേക്കു മാത്രം ഉള്ളതുകൊണ്ടു സംതൃപ്തനാകാൻ വിശ്വാസം ആവശ്യപ്പെടും. ദാരിദ്ര്യത്തിൽ നിന്നുള്ള വിടുതൽ ആയിരിക്കാം നാളത്തേക്കുത്തമം; അതുകൊണ്ടു് അവൻ അഭിവൃദ്

www.malankaralibrary.com



ധിക്കുവേണ്ടി പണിപ്പെടുന്നു. വിജയിച്ചില്ലെന്നു വരാം. ഒരു ദിവസത്തേക്കു കൂടി ദാരിദ്ര്യം തുടന്നാൽ അതു സ്വീകരിക്കുകയും വിടുതൽ ലഭിക്കുന്നതു വരെ പണിപ്പെടുകയും വേണം. ജീവിതവ്യവസ്ഥിതിയുമായി ബന്ധമില്ലാത്തതല്ല, അതുമായി ആപേക്ഷികത്വം ഉള്ളതാണു് സംതൃപ്തി. എത്ര ഇല്ലാത്തവനാണെന്നിരുന്നാലും തൃപ്തൻ ദരിദ്രനല്ല; എത്ര ഉള്ളവനായാലും അസംതൃപ്തൻ ധനികനുമല്ല.

MALANKARA
LIBRARY

www.malankaralibrary.com

# VII

## ഉറപ്പുള്ള അടിത്തറ

അഹന്തയോ സ്വാർത്ഥതയോ അത്രേ ആന്തരികാസ്വാസ്ഥ്യതയുടെ പ്രധാന ഹേതു. പൊങ്ങച്ചം കൊണ്ടു തനിക്കു തന്നെ പൊലിമ കല്പിക്കുന്നവൻ സ്വന്തം വിലയില്ലായ്മയുടെ തെളിവുകൾ നിരത്തുകയാണു് ചെയ്യുന്നതു്. തനിക്കു് യഥാർത്ഥത്തിലില്ലാത്തതു് ഉണ്ടെന്നു വരുത്തുവാനുള്ള ശ്രമമാണു് അഹങ്കാരം.

### വിനയത്തിന്റെ തനിരൂപം

അഹന്തയെ അപരിമിതമായി ഊതി വീർപ്പിക്കുന്നതിനാണു് പലരും ശ്രമിക്കുന്നതു്. അതിനുപകരം, അഹന്തയ്ക്കങ്കുശമിടാൻ ശ്രമിച്ചിരുന്നെങ്കിൽ മനുഷ്യർക്കു് സന്തുഷ്ടി ഉണ്ടാകുമായിരുന്നു. ആധുനികകാലത്തു വളരെ വിരളമായ എളിമയിലൂടെ യഥാർത്ഥ അനന്തതയുടെ തനിനിറം അപ്പോൾ അവർക്കു് കാണാൻ കഴിഞ്ഞേനേ. എളിമ സത്യം തന്നെയാണു്. "എനിക്കു അഞ്ചടി മാത്രമേ പൊക്കമുള്ളു" എന്നു് ആറടിയുള്ളവൻ പറഞ്ഞാൽ അതു് വിനയമല്ല. കഴമ്പില്ലാത്ത വിടു

www.malankaralibrary.com



വായനക്കാരന് ആവശ്യമുള്ളതുമേ എനിക്കുള്ളു; വന്നു ഒരു നല്ല എഴുത്തുകാരൻ പറയുന്നതും വിനയമല്ല. കപടാഭിനയത്തിലൂടെ പ്രശംസ നേടാനുള്ള ഉപായമാണു് ഇവിടെയെല്ലാമുള്ളതു്. "എൻെറ കഴിവുകൾ ദൈവത്തിൻെറ ദാനങ്ങളാണു്. അതിനു, ഞാൻ ദൈവത്തിനു നന്ദി പറയുന്നു" എന്നു പറയുന്നവനാണു് യഥാർത്ഥ വിനീതൻ. സൗധത്തിൻെറ ഉയർച്ചയ്ക്കനുസൃതമായി അസ്തിവാരത്തിനു താഴ്ച വേണം. നാം എത്തിച്ചേരാനാഗ്രഹിക്കുന്ന ഉന്നതമായ ആന്തരിക വളർച്ചയ്ക്കനുസരണമായി നമുക്കു് താഴ്മ ഉണ്ടാകണം. ക്രിസ്തുവിനെ കണ്ടപ്പോൾ സ്നാപക യോഹന്നാൻ പറഞ്ഞു: "ഞാൻ കുറയണം, അവൻ വളരണം" എന്നു്. ഹേമന്തകാലത്തു് പുഷ്പജാലം വിനയപൂർവ്വം വിട വാങ്ങുന്നു. ലോകത്തിനു മറഞ്ഞു്, മനുഷ്യദൃഷ്ടിക്കഗോചരമായി, അവ ഭൂമിക്കുള്ളിൽ അഭയം ഗമിക്കുന്നു. തന്നെത്താൻ താഴ്ത്തപ്പെട്ടതുകൊണ്ടു് അവ വസന്തകാലത്തു വീണ്ടും മഹത്വപ്പെടുകയും ഉയർത്തപ്പെടുകയും ചെയ്യുന്നു.

## വിനയരാഹിത്യം വരുത്തുന്ന ഹാനി

ശൂന്യമായ പാത്രമേ നിറയ്ക്കാനൊക്കു. അഹന്തയെ അടിച്ചു മാററിയ ഹൃദയത്തിലേക്കു മാത്രമേ ദൈവിക കൃപാവരത്തിനു പ്രവേശമുള്ളു. സ്വാർത്ഥത മുററിയ ഹൃദയങ്ങളുണ്ടു്. സഹോദര സ്നേഹത്തിനോ ദൈവസ്നേഹത്തിനോ അവിടെ കയറിപ്പററാനിടമില്ല. മററുള്ളവരുടെ ഉദാരതയ്ക്കു വിനയം നമ്മെ പാത്രങ്ങളാക്കുന്നു. സ്വീകർത്താവു

www.malankaralibrary.com



ണ്ടെങ്കിലേ ദാതാവുള്ളു. ഒരുവൻ സ്വീകരിച്ചെങ്കിലേ അപരനു കൊടുക്കാൻ കഴിയൂ. വാങ്ങിക്കാനാളുണ്ടെങ്കിലേ ദൈവത്തിനു നല്കാൻ സാധിക്കൂ. വേണ്ടത്ര വിനയമില്ലെങ്കിൽ ദൈവത്തിൽ നിന്നു ഒന്നും സ്വീകരിക്കുകവയ്യാ.

## പ്രവൃത്തി സാഫല്യം

"മററുള്ളവർക്കു വേണ്ടിയും ദൈവത്തിനു വേണ്ടിയും ഞാൻ ഏറെക്കാലം പണിപ്പെട്ടു. എനിക്കു എന്തു പ്രതിഫലം കിട്ടി? ഇന്നും ഞാൻ നിസ്വനാണു്" എന്നു പരാതിപ്പെടുന്നവരുണ്ടു്. ചിലതെല്ലാം അവർക്കു ലഭിച്ചിട്ടുണ്ടു്; തങ്ങളുടെ നിസ്സാരതയെപ്പററിയുള്ള ബോധം അവർക്കു ലഭ്യമായിട്ടുണ്ടു്. ഉപരി ഫലം കിട്ടുകയും ചെയ്യും.

ഏതു എളിയ പ്രവൃത്തിയും നല്ലവർക്കു ചാരിതാർത്ഥ്യജനകമാണു്. തൻെറ കളകൂജനം നിഷ്പ്രയോജനമെന്ന ആക്ഷേപം കുയിൽപ്പക്ഷി തള്ളിക്കളയുന്നു:

"ജീവിതപ്പോരിൽ തോററു
തോററുള്ളം കീറിക്കീറി
മേവിടും സഹോദര—
ന്മാരിലാർക്കാനും പക്ഷേ,
ആനന്ദദാനം ചെയ്‌വാൻ
ശക്തമായേക്കാമെൻെറ
ഗാനം, ഞാനതിക്ഷുദ്ര—
പക്ഷിയായിരുന്നോട്ടെ!!" *

---

* ജി. ശങ്കരക്കുറുപ്പ്

www.malankaralibrary.com



## വിനീതനും അഹങ്കാരിയും

സ്വന്തം കുററങ്ങളിലത്രേ എളിമയുള്ളവൻ ശ്രദ്ധാലുവാകുന്നതു്. അന്യരുടെ അപരാധങ്ങൾ അവൻ പരിഗണിക്കുന്നില്ല. നന്മയല്ലാത്തതൊന്നും മററുള്ളവരിൽ അവൻ കാണുന്നില്ല. സ്വന്തം കുറവുകളെ പിമ്പിൽ മൂടിവെയ്ക്കുന്നതിനു പകരം മുമ്പിൽ തുറന്നു വെയ്ക്കുന്നതിനാണു് അവൻ ശ്രമിക്കുന്നതു്. മററുള്ളവരുടെ ഹീനതകളെ പുറത്തെടുക്കാതെ പൊതിഞ്ഞുവെയ്ക്കുകയും ചെയ്യും. അഹങ്കാരി ഇങ്ങനെയായിരിക്കുകയില്ല. എല്ലാവർക്കും എതിരായി അവൻ ആവലാതിപ്പെടും. സകലരും തന്നോടു തെററു ചെയ്യുന്നുണ്ടെന്നോ ചുരുങ്ങിയപക്ഷം, അർഹിക്കുന്നവിധം തന്നെ ആദരിക്കുന്നില്ലെന്നോ ആയിരിക്കും അവൻെറ പരാതി. നികൃഷ്ടങ്ങളായ പെരുമാററങ്ങളുണ്ടായാൽ പോലും വിനീതൻ ഇങ്ങനെ പിറുപിറുക്കയില്ല. അർഹിക്കുന്നതിനേക്കാൾ ഉപരിയായ സ്വീകരണമാണു് തനിക്കു ലഭിക്കുന്നതെന്നു അവനറിയാം. ബുദ്ധിശക്തിയിലും വിവിധകഴിവുകളിലും അഹങ്കരിക്കുന്നവരുണ്ടു്. ദൈവദത്തങ്ങളായ കഴിവുകളെ വിനിയോഗിക്കുന്നവർ ദൈവത്തിനു നന്ദിപറയണം. അല്ലാത്തവൻ, ആധ്യാത്മിക വീക്ഷണപ്രകാരം തസ്കരനാണു്. ദാനം സ്വീകരിച്ചിട്ടു ദാതാവിനെ അംഗീകരിക്കുന്നില്ലെന്നതത്രേ അവൻെറ കുററം. "മരങ്ങൾ താഴുന്നു ഫലാഗമത്തിനാൽ". വിനീതൻ നിരാശനാകുന്നില്ല, അഹങ്കാരി നിരാശതയുടെ പടുകുഴിയിൽ പതിക്കുന്നു. എളിമയുള്ളവനു്

www.malankaralibrary.com



അഭയകേന്ദ്രമായി ദൈവമുണ്ടു്, അഹങ്കാരിയുടെ ആശ്രയം തകർന്നുകഴിഞ്ഞ സ്വന്തം അഹന്തമാത്രമാണു്.

## എളിമയുടെ സങ്കീർത്തനം

വി. ഫ്രാൻസിസ് അസ്സീസിയുടെ മനോഹരമായ ഒരു പ്രാർത്ഥന എളിമയുടെ സങ്കീർത്തനമാണ്: "നാഥാ, എന്നെ അങ്ങയുടെ സമാധാനത്തിൻെറ ഉപകരണമാക്കണമെ. വിദ്വേഷമുള്ളിടത്തു സ്നേഹവും ഉപദ്രവമുള്ളിടത്തു ക്ഷമയും സംശയസ്ഥാനത്തു വിശ്വാസവും നിരാശയുടെ ഗർത്തത്തിൽ പ്രതീക്ഷയും ഇരുട്ടത്തു പ്രകാശവും സന്താപമുള്ളിടത്തു സന്തോഷവും ഉളവാക്കണമെ. ദിവ്യഗുരോ, ആശ്വസിപ്പിക്കുന്നതിനേക്കാൾ ആശ്വസിപ്പിക്കപ്പെടുന്നതിനും അറിയുന്നതിനേക്കാൾ അറിയപ്പെടുന്നതിനും സ്നേഹിക്കുന്നതിനേക്കാൾ സ്നേഹിക്കപ്പെടുന്നതിനും ഉള്ള പ്രവണത എന്നിൽ വരുത്തരുതേ. കൊടുക്കുന്നതിലാണു് ഞങ്ങൾക്കു ലബ്ധി; ക്ഷമിക്കുന്നതിലൂടെയാണു് ഞങ്ങൾ ക്ഷമിപ്പെടുക; മരിക്കുന്നതിലൂടെയാണു് നിത്യജീവിതത്തിലേക്കുള്ള ഞങ്ങളുടെ ജനനം."

www.malankaralibrary.com

# VIII

# സന്തോഷം - വിശുദ്ധതയുടെ സന്തതസഹചാരി

## ലൗകികസന്തോഷവും ആദ്ധ്യാത്മിക സന്തോഷവും

ലഭിച്ചതോ അനുഭവിച്ചതോ ലഭിക്കുമെന്നു പ്രതീക്ഷിക്കുന്നതോ ആയ നന്മമൂലം സമുൽഭൂതമാകുന്ന ആഹ്ലാദവികാരങ്ങളുടെ സുഖദാനുഭൂതിയാണു് സന്തോഷം. ലൗകികസന്തോഷവും ആദ്ധ്യാത്മിക സന്തോഷവുമുണ്ടു്. മോഹഭംഗങ്ങൾ കൊണ്ടു തരളിതമാകാത്ത യുവത്വത്തിന്റെ സന്തോഷവും രുചികരവും സുഖദവുമായ ഭക്ഷണംമൂലമുള്ള ആരോഗ്യത്തിന്റെ സന്തോഷവും സമരം നേടിയെടുക്കുമ്പോഴുള്ള വിജയത്തിന്റെ സന്തോഷവും സ്നേഹിക്കപ്പെടുമ്പോഴുള്ള ഹൃദയസൗഹൃദത്തിന്റെ സന്തോഷവും ലൗകിക സന്തോഷങ്ങളിൽ ഉൾപ്പെടുന്നവയാണു്. ആദ്ധ്യാത്മിക സന്തോഷങ്ങൾ ലൗകികസന്തോഷങ്ങളെ ഗാഢതരവും ചിര

www.malankaralibrary.com



സ്ഥായിയുമാക്കിത്തീർക്കും. ഉത്തമ മനസ്സാക്ഷിടെ ബന്ധം കൂടാതെ ലൗകികസന്തോഷങ്ങളൊന്നും തന്നെ സ്ഥിരമോ സ്ഥായിയോ ആയിരിക്കുന്നതല്ല.

കൊടുങ്കാററു മലയെ ഇളക്കുകയില്ല. ജീവിതത്തിലെ കോളിളക്കങ്ങളുടെ മദ്ധ്യേ അക്ഷോഭ്യഭാവമാണു് ആദ്ധ്യാത്മിക സന്തോഷം പ്രദാനം ചെയ്യുക. ദൈവികതയിൽ അടിയുറച്ചിട്ടില്ലാത്ത ആത്മാവിനു് ഉണ്ടാകുന്ന ഓരോ ബുദ്ധിമുട്ടും പർവ്വതീകരിക്കപ്പെട്ടതായി തോന്നും. പലതിനെക്കുറിച്ചും കലങ്ങിയിരിക്കുന്നതുകൊണ്ടു് ഒന്നിലും ശ്രദ്ധാലുവാകുവാൻ അവനു സാധിക്കുന്നതല്ല.

## നൈമിഷികോല്ലാസങ്ങളും ചിരസ്ഥായിയായ സന്തോഷങ്ങളും

നൈമിഷികോല്ലാസങ്ങൾ നിസ്സാരങ്ങളായ ഉൽക്ക (meteor) കളാണെങ്കിൽ സന്തോഷം പ്രകാശമാനങ്ങളായ നക്ഷത്ര (Star) ങ്ങളാണു്. ഉല്ലാസം (Mirth) മുള്ളുപോലെ പിടിക്കുമെങ്കിൽ സന്തോഷം (Joy) അഗ്നിപോലെ ആളിപ്പടരും. സന്തോഷം സ്ഥിരതരമായതു കൊണ്ടു് പ്രയാസമേറിയ കര്യങ്ങളെ സുഗമമാക്കും. ദീർഘയാത്രകൊണ്ടു് തളർന്നു വിവശമായ സൈന്യവ്യൂഹത്തിനു പട്ടാളബാൻറു ചെയ്യുന്ന സഹായം ചെറുതല്ല. നുകം ലഘുവായും ചുമടു സഹനീയമായും സന്തുഷ്ട ഹൃദയത്തിനു സദാ അനുഭവപ്പെടും.

www.malankaralibrary.com



## സന്തുഷ്ടതയുടെ വില.

ഏതു പ്രവർത്തനത്തിന്റെ വിജയത്തിനും സന്തുഷ്ടത ഒഴിച്ചുകൂടാത്തതാണു്. സന്തുഷ്ടചിത്തയല്ലാത്ത ഒരു നേഴ്സിനു രോഗിയെ സഹായിക്കാൻ സാധിക്കുന്നതല്ല. രോഗീപരിചരണത്തിനു തുനിയുന്ന അവരംക്കു രണ്ടു ഗുണങ്ങരം ഉണ്ടായിരുന്നേ മതിയാവു. വേദനയുടെ വില അവളറിഞ്ഞിരിക്കണം, സന്തോഷം പകരുവാൻ വേണ്ടത്ര നർമ്മബോധവും അവരംക്കു വേണം. അന്യരുടെ വേദനകളിൽ സാരമായ സഹതാപമുണ്ടാവാൻ അവരംക്കു സാധിക്കണം. ഒരു ദുർമ്മുഖത്തേക്കാരം കൂടുതലായി രോഗിയുടെ വേദനയെ ദുർവ്വഹമാക്കുന്ന മറെറാന്നുമില്ല.

## സന്തോഷവും വിശുദ്ധിയും— സന്തത സഹചാരികരം

ചിന്താധാരയെക്കാളേറെ സ്നേഹവായ്പിനോടാണു് സന്തുഷ്ടിക്കു് അടുപ്പം. ബുദ്ധിശക്തി പ്രദാനം ചെയ്യുന്നതിനേക്കാരം വളരെ ഉപരിയായ സന്തോഷം ഒരു ഗൃഹസ്ഥനു് ഭാര്യയും മക്കളും നല്കും. തൊട്ടിലിനരികിൽ നിന്നു കുട്ടിയെ മുഖാഭിമുഖം ഉററുനോക്കുന്ന പിതാവു് ഈശ്വരൻ നിവേശിപ്പിച്ച സ്നേഹവും മുദുലതയുമാണ് കാണുന്നതു്. സന്തോഷിക്കുവാനുള്ള കരുത്തു് ഒരുവന്റെ ആന്തരികസ്ഥിതിയെ നിർണ്ണയിക്കുന്നതിനുള്ള അളവുകോൽ തന്നെയാണു്. ആന്തരികമായി

www.malankaralibrary.com



ആനന്ദം അനുഭവിക്കാത്തവനു് ബാഹ്യാനന്ദം സാധ്യമല്ല. അപരാധബോധം ഒരുവൻെറ ആത്മാവിനെ ഭാരപ്പെടുത്തുമ്പോഠം ബാഹ്യസന്തോഷത്തിനൊന്നും അവൻെറ നഷ്ടപ്പെട്ട സന്തുഷ്ടാവസ്ഥയെ തിരിച്ചുകൊടുക്കാൻ കഴിവുണ്ടാകയില്ല. ദുഃഖം പാപത്തിൻെറ പരിചാരികയായിരിക്കുന്നതു പോലെ സന്തോഷം വിശുദ്ധിയുടെ സന്തതസഹചാരിയാണു്.

സമൃദ്ധിയിലും ദാരിദ്ര്യത്തിലും സന്തോഷം അനുഭവിക്കാം. വസ്തുവകകളുടെ ആധിക്യമോ ആഹ്ളാദാനുഭൂതിയോ അല്ല സമൃദ്ധിയുടെ ഘട്ടത്തിൽ നമ്മെ സന്തോഷഭരിതരാക്കുന്നതു്. ചിതൽ അരിക്കാത്തതും തുരുമ്പു പിടിക്കാത്തതും കള്ളന്മാർ അപഹരിക്കാത്തതുമായ വസ്തുക്കളിലാണു് അപ്പോഴും നമ്മഠം പ്രതീക്ഷ വെച്ചിരിക്കുന്നതു്. കുരിശുമരണം വരിക്കയും ഉയിർത്തെഴുന്നേല്ക്കുകയും ചെയ്തുകൊണ്ടു് കഷ്ടപ്പാടിലും സന്തോഷം കണ്ടെത്താമെന്ന പാഠം ദിവ്യഗുരു പഠിപ്പിക്കുകയാണു്.

## സന്തോഷഹീനതയുടെ കാരണം

സന്തോഷാനുഭവം ഇന്നു നന്നേ കുറവാണു്. തന്നെത്താൻ മറക്കുന്നതിനോ സഹോദരനുവേണ്ടി ത്യാഗമനുഷ്ഠിക്കുന്നതിനോ ധീരതയില്ലാത്ത ചകിതഹൃദയരാണു് ഈ ദുസ്ഥിതിക്കു ഹേതു. ദൈവവിശ്വാസവും ആത്മരക്ഷാബോധവും ജീവിതത്തിൽ നിന്നു മാഞ്ഞു മറയുന്നതിനോടൊപ്പം സന്തോഷം അപ്രത്യക്ഷമാകയും നിരാശതയിലേക്കു ഒരുവൻ

www.malankaralibrary.com



മറിഞ്ഞുവീഴുകയും ചെയ്യുന്നു. പഴയ ഗ്രീക്കുകാരും റോമാക്കാരും വഴിത്താരയിൽ നിഴലും കാലടികളിൽ അസ്ഥിക്കൂടുകളും കാണുക സാധാരണമായിരുന്നു. ജീവിത ലക്ഷ്യമോ പ്രതീക്ഷകളോ ഇല്ലാതായ ഒരു റോമാക്കാരൻ കുളിമുറിയിൽ കയറി, ഞരമ്പു മുറിച്ചു്, രക്തം സ്രവിപ്പിച്ചു് മരണമടഞ്ഞതിൽ ആശ്ചര്യപ്പെടേണ്ടതില്ല. പ്രസിദ്ധനായ ഒരു യവനകവി "ജനിക്കാതിരിക്കുക നന്നു്, ജനിച്ചു പോയാൽ കഴിവതും വേഗം ജീവിതം അവസാനിപ്പിക്കുക ഉത്തമം" എന്നു ജീവിതത്തെക്കുറിച്ചു പറഞ്ഞിട്ടുണ്ടു്. "കർത്താവിൽ സദാ സന്തോഷിക്കുക, വീണ്ടും ഞാൻ പറയുന്നു, സന്തോഷിക്കുക" എന്ന പൗലൂസ്ശ്ലീഹായുടെ പല്ലവിയുടെ മറുകണ്ടം ചാടലാണു് ഇവയെല്ലാം.

MALANKARA
LIBRARY

www.malankaralibrary.com

# IX

# ആധുനിക മനുഷ്യൻ ശാന്തിയിൽനിന്നു വിദൂരനോ?

## ദുർവഹ ജീവിതം

സൗഭാഗ്യമെന്തെന്നു് അറിഞ്ഞുകൂടാത്തവനെപ്പോലെ അപായകരമാം വിധം ഭാഗ്യഹീനനായി മററാരും തന്നെയില്ല. എന്തിനാണു ജീവിതം എന്നു നിശ്ചയമില്ലാത്തവനു മാത്രമാണു് ജീവിതം ദുർവ്വഹമായിരിക്കുന്നതു്. അത്തരം മനസ്ഥിതിക്കാർ സൗഭാഗ്യത്തേയും നൈമിഷികാഹ്ളാദത്തേയും തുല്യമായി കരുതുന്നു; സന്തോഷത്തേയും ഇന്ദ്രിയ സംതൃപ്തിയേയും ഒന്നായി അവർ ഗണിക്കുന്നു. എന്നാൽ, ബാഹ്യ വസ്തുക്കൾ നമുക്കു ആന്തരിക സമാധാനം പ്രദാനം ചെയ്യുന്നതല്ല. സ്വന്തം നിയന്ത്രണത്തിനതീതമായ ഒന്നിനെ ലക്ഷ്യമാക്കുന്നവൻെറ സംതൃപ്തി അസ്ഥിരമായിരിക്കും; അവൻ ക്ഷണേന നിരാശതക്കു വശംവദനാകയും ചെയ്യും.

www.malankaralibrary.com



## രണ്ടു വഴികൾ

സൗഭാഗ്യത്തിലേക്കു നയിക്കുന്ന രണ്ടു നീക്കങ്ങളുണ്ടു്. ബാഹ്യവസ്തുക്കളോടുള്ള അമിതാസക്തിയിൽ നിന്നുള്ള പിന്തിരിയലാണു് ഒന്നാം മാർഗ്ഗം. രണ്ടാമത്തേതു് കുറേക്കൂടി ആഴമേറിയതാണു്. ആന്തരികമായി നമുക്കുള്ള താഴ്ന്ന ഘടകങ്ങളിൽ നിന്നു ഉപരി ഘടകങ്ങളിലേക്കുള്ള—അഹന്തയിൽ നിന്നു ദൈവികതയിലേക്കുള്ള ഒരു കയറമാണിതു്. ആദ്യത്തേതു് ആധുനിക മനുഷ്യൻ പരീക്ഷിച്ചു കഴിഞ്ഞു. ബാഹ്യ വസ്തുക്കൾ അവനു വളരെയേറെ കഷ്ടപ്പാടുകൾക്കു ഇട നല്കി. യുദ്ധം, വിഷാദം, സുരക്ഷിതത്വമില്ലായ്മ, ശൂന്യതാബോധം ഇവയെല്ലാം മനുഷ്യനെ ഭയവിഹ്വലനാക്കി. ബാഹ്യ വസ്തുക്കളിൽ നിന്നു പിന്തിരിഞ്ഞു്, അന്തർമ്മുഖനാകുവാൻ അവൻ നിർബദ്ധനായി. അതുകൊണ്ടാണു് മനശ്ശാസ്ത്ര വിശകലനത്തിനു് സ്ഥാനം ഉണ്ടായിട്ടുള്ളതു്. അബോധമനസ്സിനേയും ഉൽക്കണ്ഠകളേയും ഭയപ്പാടുകളേയും മോഹഭംഗങ്ങളേയും അപഗ്രഥിക്കുന്നതിലാണു് ആധുനിക മനുഷ്യൻ തൃപ്തി കണ്ടെത്തുന്നതു്.

## അന്തർമുഖതയുടെ ഇന്നത്തെ പാളിച്ച.

അന്തർമുഖത്വം അഹന്തയാൽ മാത്രം വലയിതമായിരുന്നാൽ പോരാ. അങ്ങനെയായാൽ അതു ഒരു തടങ്കൽപ്പാളയമായിത്തീരാനിടയുണ്ടു്. സ്വാർത്ഥതയ്ക്കു സ്വാർത്ഥതയിലേക്കു നീങ്ങുന്നതിനുള്ള കവാട ദ്വാരങ്ങളേ അവിടെയുള്ളു. ആന്തരിക

www.malankaralibrary.com



ശ്രവണങ്ങളെ തുറന്നു കാട്ടുകയും അവിടെനിന്നുള്ള ചലത്തിൻെറ ഒഴുക്കു വെളിപ്പെടുത്തുകയും ചെയ്യുന്ന മാനസികാപഗ്രഥനത്തിലല്ല സൗഖ്യപ്രാപ്തി സ്ഥിതിചെയ്യുന്നതു്. അതു രോഗിക്കും വൈദ്യനും ദോഷം ചെയ്തേക്കും. കാരണമറിയാതെ ഏകതാനതയെ ഭയപ്പെടുന്നവരനവധിയുണ്ടു്. ഏകതാനതയുടെ ഹേതുവെന്തെന്നും ഏകതാനതയ്ക്കു് എങ്ങനെ ഭയപ്പെടുത്താൻ സാധിക്കുമെന്നും കണ്ടുപിടിക്കുന്നതിലാണു് യഥാർത്ഥ സൗഖ്യപ്രാപ്തി നില കൊള്ളുന്നതു്.

## ആന്തരിക ശാന്തി

ആന്തരിക ശാന്തി കണ്ടെത്തുക എന്ന പ്രശ്നമത്രേ ഇന്നത്തെ പ്രശ്നം. പത്തൊൻപതാം നൂററാണ്ടിൽ നിന്നു ഇരുപതാം നൂററാണ്ടു വ്യത്യാസപ്പെട്ടു നിൽക്കുന്നതു് ഈ പ്രശ്നത്തിലാണു്. പ്രശ്നപരിഹാരത്തിനായി ബാഹ്യലോകത്തിലേക്കു തിരിയുകയെന്നതാണു് മനുഷ്യൻ ഒരു നൂറു കൊല്ലം മുമ്പു ചെയ്തതു്. അവൻ പ്രകൃതിയേയും സയൻസിനേയും ആരാധിച്ചു; പുരോഗമനത്തിൽ നിന്നോ രാഷ്ട്രീയത്തിൽനിന്നോ ആദായത്തിൽ നിന്നോ സൗഖ്യമുണ്ടാകുമെന്നു പ്രതീക്ഷിച്ചു. ഇരുപതാം നൂററാണ്ടിലെ മനുഷ്യൻെറ വിഷാദം അവനെപ്പററിത്തന്നെയാണു്. ലൈംഗികതയേക്കാൾ ലൈംഗിക പ്രശ്നങ്ങളിൽ അവൻ കൂടുതൽ ഉൽസുകനായിരിക്കുന്നു. ലൈംഗികതയുടെ ശാരീരിക സംതൃപ്തിയിലും സന്താനലബ്ധിയിലും എന്നതിനേക്കാൾ ലൈംഗികതയുടെ നേരെ സ്വീക

www.malankaralibrary.com



രിക്കേണ്ട മാനസിക സമീപനത്തിൽ അവൻ ശ്രദ്ധാലുവായിരിക്കുന്നു. സ്വന്തം മൂല്യവും ഭാവവും അവസ്ഥയും അവനെ വിഴുങ്ങിക്കളയുന്നു.

## ഉദയത്തിനു മുമ്പുള്ള സായംസന്ധ്യ.

മനുഷ്യന്റെ ആന്തരികതയെക്കുറിച്ചു അടുത്ത കാലത്തു വളരെയേറെ കഥയില്ലായ്മകൾ എഴുതിപ്പിടിപ്പിച്ചിട്ടുണ്ടു്. എന്നിരുന്നാലും പത്തൊൻപതാം ശതകത്തേക്കാൾ ഇരുപതാംശതകം ദൈവത്തോടു കൂടുതൽ സമീപിച്ചിട്ടുണ്ടെന്നതു് സത്യമാണു്. മനുഷ്യചരിത്രത്തിലെ വളരെ വലിയ ഒരു ആധ്യാത്മിക നവോത്ഥാനത്തിനു തൊട്ടു മുമ്പുള്ള സായംസന്ധ്യയിലാണു് നമ്മൾ എത്തിയിരിക്കുന്നതു്. നിരാശയിൽ അമർന്നു് ദൈവത്തിൽ നിന്നു വിദൂരസ്ഥിതരെന്നു നിരൂപിക്കുന്ന ആത്മാക്കൾ ഒരുപക്ഷേ, ദൈവത്തിന്റെ സമീപത്തു തന്നെ ആണെന്നുവരാം. ശൂന്യമായ ആത്മാവിനെ ദൈവത്തിനു നിറയ്ക്കാം; വ്യഥിതമായതിനെ നിത്യതയ്ക്കു ശാന്തിപ്പെടുത്താം. എന്നാൽ, അഹങ്കാരവും സ്വാർത്ഥമാത്രപ്രസക്തതയുമുള്ള ആത്മാവു ദൈവത്തിൽനിന്നു വിദൂരസ്ഥിതമാണു്.

## ഇന്നത്തെ മനുഷ്യൻ

ആധുനിക മനുഷ്യൻ വിനീതനായിട്ടുണ്ടു്. പുരോഗതിയുടെ പ്രത്യാശകളോ സയൻസിന്റെ വാഗ്ദാനങ്ങളോ അവനെ പ്രതീക്ഷിച്ചിടത്തു എത്തിച്ചിട്ടില്ല. എന്നിട്ടും, അവൻ വേണ്ടത്ര വിനീത

www.malankaralibrary.com



നായിട്ടില്ല. സ്വാർത്ഥതയുടെ തുറുങ്കിനുള്ളിലാണു് ഇന്നും അവന്റെ കിടപ്പു്; അതിനപ്പുറമുള്ള ഒന്നും കാണാൻ കഴിവില്ല. മനോസികാപഗ്രഥനപ്രക്രിയക്കു കുറേക്കാലത്തേക്കുകൂടി അവൻ വഴങ്ങിക്കൊടുത്തെന്നുവരാം. ശൂന്യതയിൽനിന്നു തങ്ങളെ കിളർത്തണമേ എന്നു ദൈവത്തെനോക്കി ആധുനിക മനുഷ്യൻ നിലവിളിക്കുന്ന സമയം അധികവിദൂരത്തിലല്ല. ഇതു മനസ്സിലാക്കിയ വി.ആഗസ്തീനോസ് പറഞ്ഞു: "അങ്ങയിൽ വിശ്രമിക്കുന്നതുവരെ ഞങ്ങളുടെ ഹൃദയങ്ങൾ സ്വസ്ഥമായിരിക്കുകയില്ല".

നമ്മെ ഭയപ്പെടുത്തുമെന്നിരുന്നാലും വിപൽദാപന്നമായ യുദ്ധം പുറമേ കാണുന്നത്ര നാശഹേതുകമെന്നു പറഞ്ഞുകൂടാ. ആധുനിക മനുഷ്യൻ ദൈവത്തിങ്കലേക്കു പൂർണ്ണമായി പ്രത്യാഗമിച്ചില്ലെന്നതു ശരിതന്നെ. എന്നാൽ, അവൻ തന്നിലേക്കു തിരിയുക എന്നിടം വരെയെങ്കിലും എത്തിയിട്ടുണ്ടു്.

"അകലെയേക്കാളകലെയാകുന്നു നീ
യരികിലേക്കാളരികിലാണത്ഭുതം

............................................
ക്ഷണിക മാകിലെന്തെന്റെയീജ്ജീവിത
കണികയിൽ കണ്ടിതങ്ങയെത്തന്നെ ഞാൻ
ഉലകം കണ്ടു ഞാൻ കാലമാം പുൽക്കൂമ്പിൻ—
തലയിൽ മിന്നുന്ന തൂമഞ്ഞു തുള്ളിയായ്
............................................

www.malankaralibrary.com



നിമിഷ മാത്രാനുഭൂതിയാലാത്മാവിൽ–
ക്കുമിയു മാനന്ദവേലിയേററത്തിനാൽ
കരകളൊക്കെയും മുങ്ങിയ ജീവിത–
ക്കടലു കണ്ടുഞാനേക മായ്, പൂർണ്ണമായ്''*

ഭഗ്നാശയനായ ആത്മാവ് അറിഞ്ഞ ഒന്നിന്റെ സ്മരണയെ എന്നവണ്ണം ഇന്നു, ദൈവത്തെ അന്വേഷിക്കുന്നു. ഏതിനെ തിരയുകയും പറഞ്ഞെല്ലുകയും ചെയ്യുന്നോ ആ ദൈവികകൃപയുടെ സഹായത്താൽ ഇനിയും അവൻ രൂപാന്തരീകരിക്കപ്പെടും. സ്ഥിതി ചെയ്യുന്നതായി അറിയാത്ത ഒന്നിനെ ഇതുവരെ ആരും തേടിയിട്ടില്ല.

## അന്വേഷിക്കുന്നവരും കണ്ടെത്തിയവരും

വിശ്വാസത്തിലൂടെ ഈശ്വരനെ കണ്ടെത്തിയവരുണ്ട്, ഇന്നും അന്വേഷണം തുടർന്നു് ഉഴലുന്നവരുമുണ്ട്. ഭർത്താവിനോടൊത്തു സന്തുഷ്ട ജീവിതം നയിക്കുന്ന സൗഭാഗ്യവതിയായ ഒരു ഭാര്യയും ഭർത്തൃലബ്ധി ഉണ്ടാകുമോ എന്നു ആശങ്കിക്കുകയും അതിനായി കാമിക്കയും അവിഹിതമായിപ്പോലും പുരുഷന്മാരെ ആകർഷിച്ചു വശീകരിക്കാൻ ശ്രമിക്കയും ചെയ്യുന്ന ഒരു യുവതിയും തമ്മിലുള്ള അന്തരം പോലെയത്രേ ദൈവത്തെ കണ്ടെത്തിയവരും ദൈവത്തെ തേടുന്നവരും തമ്മിലുള്ളതു്. ദൈവത്തെ അന്വേഷിക്കുന്ന ഒരു വ്യക്തിയുടെ സാദൃശ്യാത്മകരൂപമിതാ:

* ജി. ശങ്കരക്കുറുപ്പു

www.malankaralibrary.com



''കണ്ടവരില്ലാ പാരിൽ,
കണ്ടുവെന്നുരപ്പവർ
കണ്ടവരല്ല; കാണാൻ
ഞാൻ സ്വയം യത്നിക്കേണം.
ആരെ ഞാനന്വേഷിപ്പ—
താ പ്രേമപുഞ്ജം തന്നെ
തീരെയില്ലെന്നോതുന്ന
നാവെനിക്കവിശ്വാസ്യം.
ആ മുഗ്ദ്ധ മുല്ലപ്പൂക്കൾ
മുകരുന്ന നേരം ഞാ—
നാമുഖ മനോഹര—
സൗരഭം സ്മരിക്കുന്നു.
ചോലയിൽ സതൃഷ്ണനായ്
ചുണ്ടടുപ്പിക്കെ സ്നിഗ്ദ്ധ—
ലോലമക്കപോലത്തിൻ
തണുപ്പു ഞാനോർമ്മിപ്പൂ
മാനസംസ്മരണയാ—
ലുന്മത്ത മാവില്ലല്ലൊ
ഞാനലഞ്ഞന്വേഷിക്കു—
മോമൽ മിഥ്യയാണെങ്കിൽ.''*

ആഹ്ലാദത്തിനും കീർത്തിക്കും ധനത്തിനും വേണ്ടി തിരയുന്നവർ നിത്യത തന്നെയാണു് തിരയുന്നതു്; അവർ നിത്യനഗരോപാന്തത്തിൽ മാത്രമേ എത്തിയിട്ടുള്ളു. ''ലോകം നല്കാത്ത ശാന്തി പ്രദാനം ചെയ്യുന്ന'' നിത്യതയിലെ തങ്ങളുടെ യഥാ

* ''അന്വേഷണം.'' ജി. ശങ്കരക്കുറുപ്പു്.

www.malankaralibrary.com



ഗാഢ വസതിയിൽ മുഴുകുവാൻ വിശ്വാസമുള്ള വർക്കു സാധിക്കുന്നു. അവരുടെ മാനസികാഹ്ളാദം ചെറുതായിരിക്കുകയില്ല.

"നാകത്തെത്തിളക്കുന്ന
തൃക്കയ്യാൽ—അയ്യോ! മദോ—
ദ്രേകത്താൽ ഞാനെന്നെമ്മട്ടു
തുള്ളില്ല—തല്ലോടുമ്പോഴും!

.... .... .... .... .... .... .... .... .... .... ....

ചേണുററ നിൻ ചൈതന്യ—
മൊന്നുതാനൊരേമട്ടിൽ
കാണുവാനെൻ കണ്ണിന്നു
കാഴ്ചനീയരുളായ്കിൽ
നിദ്രയിൽ പിറന്ന ഞാൻ
നിദ്രയിൽ ജീവിച്ചേനേ!
നിദ്രയിലവസാന
കാലത്തുലയിച്ചേനേ!

.... .... .... .... .... ... ... ... ... .... ....

നിൻമുഖോല്ലസന്നിത്യ—
സൗന്ദര്യം നുകരുവാ—
നുൻമുഖം നിൽക്കും നിൽപ്പിൽ
നിന്നുഞാനുലയല്ലേ."*

ദൂരത്തുള്ള ഒരു ചിത്രം കാണുകയും അതു തൻെറ പൂർവസുഹൃത്തിൻെറയാണെന്നു മനസ്സിലാക്കാതിരിക്കയും ചെയ്യുന്ന അവസ്ഥ ഒരാറംക്കു ഉണ്ടാകാമല്ലൊ. അതു പോലെ, നിത്യതയെ തേടുകയും സ്നേഹത്തിൻെറ അറുതിയില്ലാത്ത അനുഭൂതിക്കു വേണ്ടി

(*) ഷങ്കജഗീതം. ജി. ശങ്കരക്കുറുപ്പു്.

www.malankaralibrary.com



ദാഹിക്കുകയും ചെയ്യുമ്പോഴം തന്നെ, അത് ദൈവ മാണെന്നു അറിയാത്തവരുണ്ടാകാം.

അവിഹിത സന്തോഷങ്ങൾക്കു വശംവദരാകുന്നവർക്കെല്ലാം തങ്ങളുടെ അടിമത്തസ്ഥിതി ബോധ്യമാണു്. ആ അടിമത്തം മറച്ചു വെയ്ക്കാൻ അവർ നോക്കും. കുടിച്ചവൻ കുടിച്ചില്ലെന്നു പറയും. യഥാർത്ഥത്തിൽ മദ്യപാനത്തിനു അടിമയായിത്തീർന്ന തന്റെ അവസ്ഥയെ അവൻ അധരം കൊണ്ടു നിഷേധിക്കും. സ്വന്തം തെററു സമ്മതിക്കുവാൻ മടിക്കുന്നവൻ നിത്യസത്യത്തെ സമ്മതിച്ചു പറയുവാനും മടി കാണിക്കും. വിഷാദഭാവവും ശൂന്യതാബോധവും അവരെ ദൈവത്തിന്റെ കാരുണ്യത്തിലേക്കു ക്രമേണ അടുപ്പിക്കും.

## ശാന്തിയുടെ ഉദയം എവിടെ നിന്നു്?

ബാഹ്യലോകം നിരാശയുടെ ചുഴിയിലാണു്; മനുഷ്യന്റെ ആന്തരികലോകം പ്രത്യാശയുള്ളതും. മനുഷ്യന്റെ മനശ്ശാസ്ത്ര വികസനത്തിന്റെ പിന്നിൽ വളരെ സാവധാനത്തിലേ രാഷ്ട്രീയത്തിന്റെയും ധനതത്വശാസ്ത്രത്തിന്റെയും മണ്ഡലം നീങ്ങുന്നുള്ളു. ലോകം ദൈവത്തിൽ നിന്നും വളരെ അകലെയാണു്, എന്നാൽ മനുഷ്യഹൃദയങ്ങൾ അങ്ങനെയല്ല. അതുകൊണ്ടു്, രാഷ്ട്രീയ പരിവർത്തനങ്ങളിൽ നിന്നായിരിക്കയില്ല ശാന്തിയുടെ ഉദയം, പിന്നെയോ ഹൃദയപരിവർത്തനത്തിൽ നിന്നായിരിക്കും. ബാഹ്യങ്ങളായ സംക്ഷോഭങ്ങളിൽ നിന്നു പിന്തിരിഞ്ഞു മനുഷ്യൻ സ്വന്തം ആത്മാവിൽ അഭയം തേടിയിരിക്കുന്നു. താൻ എന്തിനു വേണ്ടി സൃഷ്ടിക്കപ്പെട്ടിരിക്കുന്നുവോ ആ സന്തോഷത്തിലേക്കു അവൻ താമസംവിനാ ഉയർത്തപ്പെടും.

www.malankaralibrary.com

# X

## ആനന്ദം ആന്തരികം

"മർത്ത്യനെക്കീഴ്പ്പോട്ടു തള്ളുന്നതായാൾ താൻ
മററാരുമല്ല കരേററുവതും"

സ്വന്തം ചിന്തക്കനുസരണങ്ങളായ പരിസരങ്ങളെ ഓരോ വ്യക്തിയും സൃഷ്ടിക്കുന്നു. ഏതുവിധ സംഭവങ്ങളേയും പ്രകാശമാനങ്ങളായി മാററുവാൻ നമ്മുടെ സർഗ്ഗശക്തിക്കു കഴിവുണ്ടു്. ആത്മാവിനെ അധഃപതനത്തിലേക്കും കൊടിയ നിരാശയിലേക്കും ആഴ്ത്തുവാനും നമുക്കു കഴിയും.

## ആനന്ദവും ബാഹ്യപ്രകൃതിയും

എല്ലാവർക്കും ആനന്ദം വേണം. പ്രകൃത്യനുസൃതമായി വ്യക്തിത്വത്തെ വളർത്തുകയും ദൈവോന്മുഖമാക്കുകയും ചെയ്യുന്നവൻ സന്തോഷമെന്നു വിശുദ്ധന്മാരാൽ വിളിക്കപ്പെടുന്ന ദൃഢവും അനശ്വരവുമായ ആനന്ദം അറിയുന്നു. ബാഹ്യസംഭവങ്ങൾക്കു അവനെ ഭയപ്പെടുത്താനോ അവൻെറ സന്തോഷത്തെ സങ്കുചിതമാക്കാനോ സാധിക്കുന്നതല്ല. സന്തോഷലബ്ധിക്കു വേണ്ടി ബാഹ്യലോ

www.malankaralibrary.com



കത്തിലേക്കു പലരും തിരിയുകയും ആകസ്മികകാര്യങ്ങൾ സന്തോഷം വരുത്തിക്കൂട്ടുമെന്നു പ്രതീക്ഷിക്കുകയും ചെയ്യുന്നു. പ്രപഞ്ചത്തെ ചൊൽപ്പടിക്കു നിർത്തുവാൻ ഒരുത്തനും കഴിയാത്തതുകൊണ്ടു് ബാഹ്യപ്രകൃതിയിലേക്കു ആനന്ദത്തിനുവേണ്ടി പരക്കം പായുന്നവൻ നിരാശയിൽ വീഴാതിരിക്കുകയില്ല. ഉൽസവത്തിന്റെ അതിസൗഹിത്യം ആയാസമായി പരിണമിക്കുന്നു; സാധകമായ ആഗ്രഹം വിരസമായിത്തീരുന്നു; പൂർണ്ണസംതൃപ്തി വാഗ്ദാനം ചെയ്ത സ്നേഹത്തിന്റെ രോമാഞ്ചദായകത്വവും ഭംഗിയും നഷ്ടപ്പെടുന്നു. നിലനിൽക്കുന്ന സന്തോഷം ലോകത്തിൽനിന്നു ലഭിക്കയില്ല. കണ്ണിൽപ്പെടുന്ന മനുഷ്യരിൽനിന്നോ കൈയിൽ കിട്ടുന്ന വസ്തുക്കളിൽനിന്നോ സന്തോഷമുണ്ടാകയില്ല, അതു ആത്മാവു കരുപ്പിടിപ്പിക്കുന്നതാണു്.

## സൗഭാഗ്യ ജീവിതത്തെ ദുഷ്കരമാക്കുന്ന ഘടകങ്ങൾ

വലിയ സന്തോഷത്തിനുവേണ്ടി നമ്മുടെ ആഗ്രഹങ്ങളെ നിയന്ത്രിക്കുന്നതിലാണു് സൗഭാഗ്യജീവിതത്തിന്റെ രഹസ്യം അടങ്ങിയിരിക്കുന്നതു്. എന്നാൽ, ഇന്നത്തെ പല നടപടികളും ഇതു ദുഷ്കരമാക്കുന്നു. കൂടുതൽ കൂടുതൽ സാധന സാമഗ്രികൾ വാങ്ങിക്കൂട്ടുന്നതിനോടൊപ്പം നമ്മുടെ ആഗ്രഹവർദ്ധനയ്ക്കും ഇടം നല്കുന്ന ഇന്നത്തെ വ്യാപാരരീതിയാണു് ഒന്നു്. ഇതിനോടു ബന്ധപ്പെട്ടു്,

www.malankaralibrary.com



ആധുനിക മനുഷ്യന്റെ തലതിരിഞ്ഞ ശിശുമനശ്ശാസ്ത്രവുമുണ്ടു്. കുട്ടികളുടെ ശാഠ്യമെല്ലാം സാധിച്ചു കൊടുക്കണമെന്നുള്ള നിർബന്ധമാണതു്. അഹന്ത കേന്ദ്രസ്ഥാനത്തെത്തുകയും മററുള്ളവയെല്ലാം അതിന്റെ താളത്തിനു തുള്ളുകയും ചെയ്താൽ നമ്മൾ പിളർക്കത്തക്കവരായിത്തീരും. അവന്റെ സമാധാനം അതിവേഗം ഭഞ്ജിക്കപ്പെടും. ഇഷ്ടപ്പെട്ട ആടയാഭരണങ്ങൾ ലഭിക്കാത്ത സ്ഥിതി, മെച്ചപ്പെട്ട വിരുന്നിനു് ക്ഷണിക്കപ്പെടാത്ത അവസ്ഥ തുടങ്ങി പലതും അവനെ മോഹഭംഗത്തിലാഴ്ത്താം. ആജ്ഞാകരനായി വർത്തിക്കുമ്പോഴെല്ലാം അഹന്ത അസംതൃപ്തനായിരിക്കും.

## അഹന്തക്കാരന്റെ പതനം

ആഗ്രഹപൂർത്തിക്ക നേരിടുന്ന വിഘ്നമാണ് കുമിഞ്ഞുകൂടുന്ന അനർത്ഥങ്ങൾക്ക കാരണമെന്നത്രേ അഹന്തക്കാരന്റെ ഭാവം. സ്വന്തം സാമ്രാജ്യത്തിൽ ഏകച്ഛത്രാധിപതിയായി വാഴുന്നതിനാണു് അവൻ കൊതിക്കുന്നതു്. സ്വന്തം ആഗ്രഹങ്ങളെ വേറൊരുവന്റെ ആഗ്രഹങ്ങൾ വിഘ്നപ്പെടുത്തിയാൽ അഹന്തക്കാരൻ നിരാശയിൽ ആഴും. എല്ലാവരുടെയും ആഗ്രഹങ്ങൾക്കു നൂറുവിധത്തിൽ വിഘ്നങ്ങളുണ്ടാകാം. വിഷണ്ണതയ്ക്കും വിഷാദത്തിനുമുള്ള സന്ദർഭങ്ങൾ അങ്ങനെ വർദ്ധമാനമാകുന്നു. ഇവ്വിധം സംഭവിക്കുന്ന നഷ്ടം സന്തോഷസമന്വിതം സ്വീകരിക്കണമോ അതോ ബലാൽക്കാരവും തിരസ്കാരവുമായി പരിഗണിക്കണമോ എന്നതു് നമ്മെ ആശ്രയിച്ചിരിക്കുന്നു.

www.malankaralibrary.com



## സ്വയനിയന്ത്രണവും സംതൃപ്തിയും

പിതാമഹന്മാർ സ്വപ്നം കാണുക കൂടി ചെയ്തിട്ടില്ലാത്ത ചില വസ്തുക്കൾ ലഭിക്കുന്നില്ലെങ്കിൽ തങ്ങളുടെ സന്തുഷ്ടജീവിതം തകർന്നു തരിപ്പണമായിപ്പോകുമെന്നു് കരുതുന്ന അനേകർ ഇന്നുണ്ടു്. മുമ്പു അലങ്കാരമായിരുന്നവ ഇന്നു അവശ്യവസ്തുക്കളായി മാറിയിരിക്കുന്നു. സന്തുഷ്ടനാകുന്നതിനു് കൂടുതൽ വസ്തുക്കളുടെ ആവശ്യം ഉണ്ടാകുന്നവനു് മോഹഭംഗത്തിലും നിരാശതയിലും പതിക്കുന്നതിനുള്ള സാദ്ധ്യതയും കൂടിയിരിക്കുന്നതാണു്. കാമവൃത്തിയാണു് അവനെ ഭരിക്കുന്നതു്. സ്വയനിയന്ത്രണമില്ലെന്നു മാത്രമല്ല പുറമെയുള്ള വസ്തുക്കൾ അവനെ നിയന്ത്രിക്കുകയും ചെയ്യുന്നു.

2300–ലധികം കൊല്ലങ്ങൾക്കു മുമ്പാണു് പ്ലേറ്റോ ജീവിച്ചിരുന്നതു്. "റിപ്പബ്ളിക്കു്" എന്ന ഗ്രന്ഥത്തിൽ തന്നിഷ്ടക്കാരനെ അദ്ദേഹം ചിത്രീകരിച്ചിട്ടുണ്ടു്. " — — — ജീവിതത്തിൽ ചിട്ടയേയോ അതിൻെറ ആവശ്യത്തേയോ പററി അവനു ബോധമില്ല. നല്ലതും തീയതുമായ മോഹങ്ങളുണ്ടു്. രണ്ടിൽ നിന്നും ആനന്ദമുണ്ടാകാം. ആദ്യത്തേതിനെ വളർത്തുകയും രണ്ടാമത്തേതിനെ നിയന്ത്രിക്കയും ചെയ്യണം എന്നു പറഞ്ഞാൽ അവൻ ചെവിക്കൊള്ളുകയില്ല. എല്ലാ മോഹങ്ങളേയും ഒരു പോലെ പാലൂട്ടി വളർത്തുന്നതാണു് അവനിഷ്ടം.

www.malankaralibrary.com



## സന്തോഷലബ്ധിക്കു കൊടുക്കേണ്ട വില

ജീവിതത്തിന്റെ അനർഘസന്തോഷം ആസ്വദിക്കേണ്ടവൻ ആഹ്ളാദങ്ങളെ ക്രമാനുസരണം അടക്കേണ്ടതാണ്. ആത്മനിയന്ത്രണത്തിനു സന്നദ്ധതയുള്ളവനേ ദൃഢവും ശാശ്വതവുമായ സന്തോഷം കിട്ടുകയുള്ളു. പർവ്വതാരോഹണം വിഷമം പിടിച്ചതാണെങ്കിലും കൊടുമുടിയുടെ മുകളിൽ നിന്നുള്ള വീക്ഷണമാണുത്തമം. ഒരു കാവ്യകൃതി വായിച്ചു രസിക്കുന്നതിനു് അക്ഷരജ്ഞാനത്തിന്റെയും വ്യാകരണത്തിന്റെയും ബുദ്ധിമുട്ടു കൂടാതെ സാധ്യമല്ല. നിയമാനുസൃതങ്ങളായ ഉല്ലാസങ്ങൾ പോലും ഉപേക്ഷിച്ചു് സ്വയപരിത്യാഗം സാധിക്കുന്നവർ മാത്രമാണു് പൂർണ്ണസന്തോഷം അറിയുന്നതു്. പ്രാർത്ഥനയുടെയും ഉപവാസത്തിന്റെയും വില കൊടുത്തു കഴിഞ്ഞെങ്കിലേ യഥാർത്ഥ സന്തോഷം ലഭിക്കയുള്ളുവെന്നാണ് ലോകരക്ഷകൻ പറഞ്ഞിരിക്കുന്നതു്. അവനോടുള്ള സ്നേഹത്തെ പ്രതി ആദ്യം തന്നെ നമ്മുടെ ചെമ്പുതുട്ടുകൾ സമർപ്പിക്കണം; സന്തോഷാനുഭൂതിയാകുന്ന സ്വർണ്ണനാണയങ്ങൾ അവൻ നമുക്കു പ്രതിഫലം നല്കും.

www.malankaralibrary.com

# XI

# സ്നേഹത്തിന്റെ ആഴം

## രണ്ടുതരം സമ്പാദ്യങ്ങൾ

നമുക്കു ആവശ്യമുള്ളതും ഉപയോഗപ്രദവും അനുഭവവേദ്യവുമായ സമ്പാദ്യങ്ങളുണ്ടു്. അവയാണു് നാം തേടിക്കൂട്ടുന്ന വസ്തുക്കളിൽ ഒരിനം. അത്യാഗ്രഹം കൊണ്ടോ അലങ്കാരഭ്രമം കൊണ്ടോ അന്യരെ മുന്നിട്ടു നിൽക്കാനുള്ള വാശി കൊണ്ടോ കൂമ്പാരം കൂട്ടുന്ന സമ്പാദ്യങ്ങളാണു് വേറൊരിനം. ഇവയിൽ ആദ്യത്തെയും രണ്ടാമത്തെയും ഇനത്തിൽ പെടുന്ന വസ്തുവകകൾ തമ്മിൽ സാരമായ അന്തരമുണ്ടു്. ഒന്നാമത്തെ ഇനത്തിൽ പെടുന്നവ നമ്മുടെ വ്യക്തിത്വത്തിന്റെ വികസനത്തിനു് ന്യായമായി ആവശ്യമുള്ളതാണു്. അവ കൂടുതൽ ഉപയോഗിക്കുന്ന വസ്തുക്കളാണു്. സ്നേഹം കൊണ്ടു കൂടുതൽ ഉപയോഗിക്കുന്ന വസ്തു വിലപ്പിടിപ്പുള്ളതും പ്രിയകരവുമായിത്തീരുന്നു. ഒരു കളിപ്പാട്ടം മാത്രമുള്ള കുട്ടി അതു സ്നേഹപൂർവ്വം വിനിയോഗിക്കുന്നു. നൂറുകണക്കിനു കളിക്കോപ്പുകളുള്ള തന്നിഷ്ടക്കാരനു് കളിപ്പാട്ടങ്ങളോടുള്ള താല്പര്യം തന്നെ കുറയുന്നു. സമതലത്തിൽ വിസ്തൃതമായി ഒഴുകുന്ന നദിയുടെ ആഴം കുറവായിരിക്കും.

www.malankaralibrary.com



രണ്ടുപേർ മാത്രം അധിവസിക്കുന്ന വിസ്തൃതമായ കൊട്ടാരം തണുത്തതും ഭയജനകവുമായി അനുഭവപ്പെടും. സ്വന്തം വളർച്ചയ്ക്കു ആവശ്യമായതിലും സ്നേഹത്തിനു വഹിക്കാവുന്നതിലും കൂടുതൽ വസ്തുവകകളുള്ളവൻ ശൂന്യതയും അസംതൃപ്തിയും നിറഞ്ഞവനാകും.

## നിത്യതയ്ക്കുവേണ്ടിയുള്ള ദാഹം ശമിപ്പിക്കുന്നതിനു് തെററായ പരക്കം പാച്ചിൽ

അനുഭവവേദ്യതയ്ക്കു ആവശ്യമുള്ളവയേക്കാൾ വളരെയേറെ തേടിക്കൂട്ടുന്നതിനാണു് ഇന്നു പലരും തത്രപ്പെടുന്നതു്. ഭൗതികവസ്തുക്കളുടെ കൂമ്പാരം കൂട്ടൽ കൊണ്ടു് നിത്യതയ്ക്കുവേണ്ടിയുള്ള ദാഹത്തെ ശമിപ്പിക്കാമെന്നുള്ള തെററായ ധാരണയാണു് ഇതിനു കാരണം. ദിവ്യസ്നേഹത്തിൻെറ അനന്തതയാണു് അവർക്കു ആവശ്യം വേണ്ടതു്. ധനത്തിനുവേണ്ടിപരക്കം പായുമ്പോൾ തെററായ നിത്യതയ്ക്കുള്ള ആശയിലേക്കു നമ്മുടെ സങ്കല്പം വഴി തെററിപ്പോകുകയാണു്. ശമിക്കാത്ത ആശകളോടു കൂടിയ സങ്കല്പത്തിനു് ധനവും പണവും മോഹനീയങ്ങളാണു്. നമ്മുടെ ശരീരത്തിനു ആവശ്യകങ്ങളായ യഥാർത്ഥ വസ്തുക്കൾക്കു് ഈ സ്വഭാവമില്ല. വളരെക്കുറച്ചു ഭക്ഷണമേ ഉദരം ആവശ്യപ്പെടുന്നുള്ളു, അത്രമാത്രം കിട്ടിയാൽ അതിനു തൃപ്തിയായി, കൂടുതലൊന്നും ആശിക്കുന്നില്ല. നമ്മുടെ കർത്താവു അഞ്ചപ്പം കൊണ്ടു അയ്യായിരംപേരെ തൃപ്തരാക്കി. കുറെ നാണയത്തുട്ടുകൾ വീതം ആളാംപ്രതി കൊടുത്തിരുന്നെങ്കിൽ ഒരുത്തരും തൃപ്തരാകുമായിരുന്നില്ല.

www.malankaralibrary.com



## മാർഗ്ഗ ഭ്രംശം

മതിവരുത്തുന്ന അതിർവരമ്പു് പണനിക്ഷേപത്തിലില്ല. ദൈവത്തിൻെറ യഥാർത്ഥ നിത്യതയ്ക്കു പകരമായി പണത്തെ പ്രതിഷ്ഠിച്ചു ആരാധിക്കുന്നവരാണധികം. പണത്തെപ്പോലെ തന്നെ സ്നേഹത്തേയും അധികാരത്തേയും മതത്തിനുപകരം നിർത്താറുമുണ്ടു്. ഇവയെ പിഞ്ചെല്ലുകയും ഇവയെ അന്ത്യമായിഗണിക്കയും ചെയ്യുന്നവർക്കു സംതൃപ്തിയുണ്ടാകയില്ല. അവരെല്ലാം ദൈവത്തെ തിരയുന്നവരാണു്, ദൈവം ഏതാണെന്നോ എവിടെയെന്നോ അറിയുന്നില്ലെന്നു മാത്രം.

## കൊടുക്കുന്നതിൻെറ ഗുണം

സ്നേഹവസ്തുക്കളുടെ ആധിക്യം സ്നേഹത്തിൻെറ ദൃഢതയെ കുറയ്ക്കും. തന്മൂലം, സ്നേഹം നിർമ്മലമാക്കുവാൻ രണ്ടു മാർഗ്ഗം പ്രയോഗിക്കാം. കിട്ടുന്നതിനനുസരിച്ചു കൊടുക്കുകയും ചെയ്ക എന്നതത്രേ ഒന്നാം മാർഗ്ഗം. ദൈവദാനങ്ങളുടെ ഉടമസ്ഥരെന്നതിനേക്കാൾ അവയുടെ ട്രസ്റ്റികൾ മാത്രമാണു നമ്മളെന്ന ബോധം ഇതു ഉളവാക്കും. എന്നാൽ, "മൂലധന"ത്തെ തൊട്ടുകളിക്കാൻ പലരും സന്നദ്ധരല്ല, കിട്ടുന്നതെല്ലാം മൂലധനത്തിൻെറ ഭാഗമായി അവർ കൂട്ടിച്ചേർക്കയും ചെയ്യും. കൊടുക്കുന്നതിൻെറ ബുദ്ധിമുട്ടു സഹിക്കാൻ ആരുമില്ല. സ്നേഹ

www.malankaralibrary.com



വസ്തുവുമായി അവർ താദാത്മ്യം പ്രാപിക്കുന്നു. അതു ധനമാണെങ്കിൽ, അതിന്റെ കുന്നുകൂടിയ ഭാരത്തിന്റെ അല്പഭാഗവുമായിപ്പോലും വേർപിരിയാൻ അവർക്കു ഒരുക്കമില്ല.

## ധീരതയുടെ മാർഗ്ഗം

അത്യാർത്തിയിൽ നിന്നു വിടുതൽ നല്കുന്ന രണ്ടാമത്തെ മാർഗ്ഗം ധീരതയുടേതാണ്. വി. ഫ്രാൻസിസ് അസീസിയും ദാരിദ്ര്യവ്രതമെടുത്ത മററനേകം സുകൃതികളും പ്രയോഗിച്ചു കാണിച്ച ധനത്തോടുള്ള പരിപൂർണ്ണ അകൽച്ചയുടെ മാർഗ്ഗമാണതു്. സുരക്ഷിതത്വചിന്തയുടെ ആശപോലും ഉപേക്ഷിച്ചവനാണ് ലോകത്തിലേക്കും സമ്പന്നൻ. ഒന്നും ആവശ്യമില്ലാത്തതു കൊണ്ടു് അവനാണും ഏററം സുരക്ഷിതൻ. ഇത്തരമൊരു അവകാശവാദം കോടീശ്വരനെക്കൊണ്ടു പോലും സാധിക്കുകയില്ല. സമ്പാദിക്കുന്നതിനേക്കാരം വലിയ കരുത്താണു് ഉപേക്ഷിക്കുന്നതിനു വേണ്ടതു്. ലോകത്തെ സ്വന്തമാക്കാൻ ഒരുത്തനും കഴിയുകയില്ല, എന്നാൽ, ലോകത്തെ ഉപേക്ഷിക്കാൻ ആർക്കും കഴിയും.

സഞ്ചി നിറയ്ക്കാൻ ലുബ്ധനു സാധിക്കും. ആശിക്കുന്നത്ര ധനം ലഭ്യമല്ലാത്തതു കൊണ്ടു ഹൃദയം നിറയ്ക്കാൻ അവനൊട്ടു സാധിക്കയുമില്ല. എന്നാൽ, ആത്മാവിൽ ദരിദ്രന്റെ ഹൃദയം സന്തുഷ്ടി കൊണ്ടു നിറഞ്ഞതായിരിക്കും. ദൈവം നമുക്കു നല്കിയിട്ടുള്ള സ്നേഹം വിനിയോഗിക്കുന്നതിനാണു്, പൂഴ്ത്തി വെയ്ക്കുന്നതിനല്ല.

www.malankaralibrary.com

# XII

## വേലയുടെ വില

"സന്തതതൂലികാസാഹചര്യംകൊണ്ടു
നൊന്തു മരവിച്ച മൽക്കരമേ,
മഞ്ജുളമിക്കലാസൃഷ്ടിക്കു മുൻപിലാ-
യഞ്ജലിയർപ്പിക്ക ഭക്തിപൂർവ്വം
ചേക്കണ്ടിൽ താഴ്ത്തുമിത്തൂവിരൽ ത്തുമ്പത്രേ
നാടിൻെറ നന്മകരം നെയ്തെടുപ്പൂ !! "*

തൂലികായോധനം കൊണ്ടുള്ള സാഹിതീസപര്യയേക്കാരം മേന്മയേറിയ കലോപാസനയാണു് പണിയാളൻ പാടത്തു നിർവ്വഹിക്കുന്നതെന്നത്രേ ഇവിടെ വിവക്ഷ. വേലയുടെ മാഹാത്മ്യം ഭംഗ്യന്തരേണ വ്യക്തമാക്കിയിരിക്കുന്നു.

വേല ചെയ്യാത്തവരാരുമില്ല. എന്നാൽ, ഇഷ്ടപ്പെട്ട പണിയെടുക്കുന്നവർ നന്നേ ചുരുങ്ങും. അഭിരുചിക്കനുസൃതമായ ജോലിയല്ല പലരും ചെയ്യുന്നതു്. സാമ്പത്തികസമ്മർദ്ദം മൂലം ചെയ്യപ്പെടേണ്ടി

---

* കടത്തനാട്ടു മാധവിയമ്മ

www.malankaralibrary.com



വരുന്ന ജോലിയാണു കൂടുതലും. "വേറെ നിവൃത്തി മാർഗ്ഗമില്ലാഞ്ഞിട്ടാണു് ഇപ്പണിയെടുക്കുന്നതു് " എന്നു പറയുന്നവരെ എത്ര വേണമെങ്കിലും കണ്ടു മുട്ടും. പണിക്കുറ തീരാത്തതോ നന്നായി ചെയ്യാത്തതോ ആയ പണികളുടെ എല്ലാം പിന്നിൽ ഇത്തരം മനസ്ഥിതിയാണുള്ളതു്. മനപ്പൂർവ്വം അംഗീകരിക്കുന്ന ലക്ഷ്യനിർവ്വഹണത്തിനു പര്യാപ്തമായ ജോലി തിരഞ്ഞെടുക്കുവാൻ കഴിയുന്നവനു മാത്രമേ ഉന്നതനിലവാരം പുലർത്തുന്ന ഫലം പുറപ്പെടുവിക്കുവാൻ കഴിയൂ. അവനു മാത്രമേ "പൂർത്തിയായി" എന്ന ചരിതാർത്ഥതയ്ക്കവകാശം സ്വപ്രയത്നത്തെക്കുറിച്ചു ഉളവാകു.

## മൂല്യത്തകർച്ച ജോലിയിൽ

ഏതുജോലിക്കും വിളിയുണ്ടു്, ദൈവികാഹ്വാനം. ഈ അവബോധം ഇന്നു പരിതാപകരമാം വിധം കുറഞ്ഞു പോയിരിക്കുന്നു. സാമ്പത്തിക വ്യവസ്ഥിതിയുടെ സങ്കീർണ്ണതയല്ല ഈ ദുസ്ഥിതിക്കുഹേതു, പിന്നെയോ, ആധ്യാത്മിക മൂല്യങ്ങളുടെ തകർച്ചയാണു്. യഥാർത്ഥ കാഴ്ചപ്പാടിലൂടെ വീക്ഷിക്കുമെങ്കിൽ ഏതു ജോലിയും നമ്മെ മേന്മപ്പെടുത്താൻ പോരുന്നതാണു്. അതിനു വേലയെ അപഗ്രഥനം ചെയ്തു പഠിച്ചിരിക്കണം.

## ജോലി ഭംഗിയായിച്ചെയ്യൽ

നമ്മുടെ ഏതു ജോലിക്കും രണ്ടു ഘടകങ്ങളുണ്ടു്. ഒന്നു്, ഉദ്ദേശ്യം. ജോലിയെ പ്രവർത്തനാർഹ

www.malankaralibrary.com



മാക്കുന്നതു് ഉദ്ദേശ്യമാണു്. നമ്മൾ ചെയ്യുന്ന അധ്വാനമാണു് രണ്ടാംഘടകം. പന്തു കളിക്കുന്നതു് കായികവ്യായാമവും തദ്വാരാ ആരോഗ്യസമ്പാദനവും ലക്ഷ്യമാക്കിയാണു്. കളിക്കളത്തിലുള്ള അലക്ഷ്യമായ കളി കൊണ്ടും വ്യായാമം കിട്ടിയെന്നിരിക്കും. അത്തരം കളിയിൽ ഒരു നല്ലകളിക്കാരൻ തൃപ്തിപ്പെടുകയോ കാണികളെ ആകൃഷ്ടരാകയോ ചെയ്കയില്ല. വീറോടെ കളിക്കയും എതിരാളിയെ പരാജയപ്പെടുത്തുകയും ചെയ്യണമെന്നുള്ളതു് നല്ല കളിക്കാരന്റെ ആഗ്രഹമാണു്. ഫാക്ടറിയിൽ പണിയെടുക്കുന്ന തൊഴിലാളിയുടെയും പാടത്തു പണിയെടുക്കുന്ന കർഷകന്റെയും സ്ഥിതി ഇതു തന്നെ. ധനസമ്പാദനമാണു് ഇവരുടെ അധ്വാനത്തിന്റെ പ്രാഥമിക ലക്ഷ്യം. പണി ഭംഗിയായി ചെയ്യുകയെന്നതു രണ്ടാമത്തെ കാര്യവും. ശില്പത്തിന്റെ ഭംഗിക്കു കലാകാരൻ ശ്രദ്ധിക്കുന്നതു പോലെയും വീടിന്റെ വൃത്തിയിൽ പൊടിയടിക്കുന്ന ഗൃഹനായിക കണ്ണു നടുന്നതു പോലെയും ജോലി നല്ലവണ്ണം ചെയ്യാൻ പണിയാളൻ മനസ്സിരുത്തേണ്ടതാണു്.

## ആത്മാർത്ഥതാരഹിതമായ ജോലി

ഇന്നു ഒന്നാമത്തെ ഘടകം പ്രധാനമായിത്തീർന്നിരിക്കുന്നു. രണ്ടാം ഘടകം സൗകര്യപൂർവ്വം വിസ്മരിച്ചിരിക്കുകയാണു്. പണിയാളർക്കു ജോലിയിലുള്ള ആസ്ഥ കുറഞ്ഞിരിക്കുന്നതു് അതു

www.malankaralibrary.com



കൊണ്ടാണു്. പ്രവർത്തനത്തിൽ ആത്മാർത്ഥത യില്ലായ്മയാണു് ഇന്നു നമ്മുടെ നാടിന്റെ ശാപം. ഒരു മുഖ്യമന്ത്രി ഉദ്യോഗസ്ഥവൃന്ദത്തെ അടച്ചു അധിക്ഷേപിക്കത്തക്ക സ്ഥിതിവിശേഷം രാജ്യത്തുളവായിരിക്കുന്നു. കേരള മുഖ്യമന്ത്രി ശ്രീ സി. അച്ചുതമേനോൻ പറയുന്നതു കേൾക്കുക: "ഉദ്യോഗസ്ഥന്മാരുടെ അനാസ്ഥ അസഹനീയം. സംഘടിത ശക്തി ഉപയോഗിച്ചു് ശമ്പളക്കൂടുതൽ നേടുന്നതല്ലാതെ ജോലിയെടുക്കുന്ന കാര്യത്തിൽ എൻ. ജി. ഓ മാരും ഇലക്ട്രിസിററി ജീവനക്കാരും മററും തികഞ്ഞ നിരുത്തരവാദിത്വമാണു് കാണിക്കുന്നതെന്നും അതിനെതിരായി ബഹുജനങ്ങളുടെഭാഗത്തു നിന്നു സമരങ്ങൾ ഉണ്ടാകുകയാണെങ്കിൽ താൻ അതിനെ നീതീകരിക്കുമെന്നും." *ഇതേ ആശയം അദ്ദേഹം വീണ്ടും ഉറപ്പിച്ചും ആവർത്തിച്ചും പറഞ്ഞു: "ഇലക്ട്രിസിററി ബോർഡിന്റെയും ട്രാൻസ്പോർട്ടു കോർപ്പറേഷന്റെയും പ്രവർത്തനങ്ങളെപ്പററി ജനങ്ങൾക്കു അമർഷമുണ്ടു്. ഒരു ഫ്യൂസ് കെട്ടിക്കൊടുക്കാൻ പോലും ജീവനക്കാരൻ ശ്രദ്ധിക്കുന്നില്ല. ഇതൊന്നും ട്രേഡ് യൂണിയൻ നേതാക്കളറിയുന്നില്ല. എന്തു കൊണ്ടു് അവരതു തിരുത്തുന്നില്ല. ബസ്സുകളാണെങ്കിൽ നിർത്തേണ്ട പോയിന്റിൽ നിർത്തില്ല. വരുന്ന പരാതിക്കു് കണക്കില്ല. ഒരൊററ യൂണിയൻ പോലും ഈ നടപടി തെററാണെന്നു പറയാൻ ധൈര്യപ്പെടുന്നില്ല. യൂണിയൻ നേതൃത്വം ഈ തെററു തിരുത്താൻ മുൻകൈ എടുക്കുന്നില്ലെങ്കിൽ ബസ്സു കാത്തു

* ദീപിക 1972 നവംബർ 19

www.malankaralibrary.com



നിന്നു ബസ്സിന്റെ പിന്നാലെ ഓടുന്ന നാട്ടുകാർ എന്തു ചെയ്യണം? ഉയർന്ന കുറെ ഉദ്യോഗസ്ഥന്മാർ മാത്രമല്ല കുററക്കാർ. എല്ലാ തലത്തിലുമുള്ള ഉദ്യോഗസ്ഥന്മാർ അവരുടെ സമീപനത്തിൽ മാററം വരുത്തണം. ഗവമ്മേൻറു ഓഫീസുകളിലും പൊതുമേഖലാസ്ഥാപനങ്ങളിലും കടന്നു കൂടിയവർ അവരുടെ നിലമെച്ചപ്പെടുത്തുകയെന്ന ഏക ലക്ഷ്യത്തോടു കൂടി പ്രവർത്തിക്കുന്നു. ഇതു സാമൂഹ്യ വിരുദ്ധ നടപടിയാണു്. ഇതിനെതിരായി ജനങ്ങൾ സംഘടിതശബ്ദം ഉയർത്തണം'' *

രാജ്യത്തെ ദയനീയാവസ്ഥയെക്കുറിച്ചു് ഒരു മുഖ്യമന്ത്രിയുടെ വിലാപമാണിതു്. ആത്മാർത്ഥതാരാഹിത്യം ഒന്നോ രണ്ടോ മണ്ഡലത്തിലല്ല. ഭംഗിയായി ചെയ്യുക എന്ന ജോലിയുടെ തത്ത്വം എല്ലാവരും മറന്നിരിക്കുന്നു. സൃഷ്ടികർമ്മം നിർവ്വഹിച്ച ഈശ്വരൻ സൃഷ്ടിയെ വീക്ഷിച്ചുകൊണ്ടു് ''നല്ലതു്'' എന്നു പറഞ്ഞു.

## ജോലിയും കൃതാർത്ഥതയും

ഭംഗിയായി നിർവ്വഹിക്കുന്ന ജോലിയുടെ അഭിമാനബോധം അതിന്റെ വിരസതയെ ദുരീകരിക്കും. തങ്ങളുടെ കരകൗശലത്തിൽ രോമാഞ്ചം കൊള്ളുന്നതിനുതന്നെ ചിലർക്കു സാധിക്കും. ഭംഗിയായിച്ചെയ്ത ജോലിയെപ്പററി — അതെത്ര താണതായാലും — അവർക്കു കൃതാർത്ഥതയുണ്ടു്.

* ദീപിക 1972 ഡിസംബർ 3

www.malankaralibrary.com



പണിയിൽ ശുഷ്കാന്തിയുള്ള ഒരു കുടനന്നാക്കുകാരൻെറ കഥ ശ്രീ കാരൂർ നീലകണ്ഠപ്പിള്ള പറയുന്നുണ്ടു്: "ഒരു ദിവസം ആ കുടനന്നാക്കുകാരൻെറ അടുത്തുവന്നിരുന്നു് ഒരു ചെറുപ്പക്കാരി വർത്തമാനം പറയുകയാണു്. അയാൾ സൂചിയിൽ നൂൽ കോർക്കുകയും തുന്നുകയും കത്രികപ്പണി ചെയ്യുകയും കൂലിക്കപേശുകയും മുട്ടുകയും തട്ടുകയും അണ വാങ്ങി പെട്ടിയിലിടുകയും അവളുടെ സംസാരത്തിനു മൂളുകയും "കുട നന്നാക്കണോ?" എന്നു വഴിക്കാരോടു ചോദിക്കുകയും ഒക്കെയാണ്, അവൾ പറയുന്നതു ഒരു പരാതിയാണു്. അതു തൻെറ ഭർത്താവിനെക്കുറിച്ചാണു്. ഭർത്താവു് അവളെ അടിക്കും, തലമുടി കുത്തിപ്പിടിച്ചു് വലിക്കും. അവൻ പണിക്കു പോവുകയില്ല. അവൾ വേണം അവനെയും മക്കളെയും പുലർത്തുവാൻ. അതിനു അവൾ വല്ല വീടുകളിലും ചെന്നു നെല്ലു കുത്തുകയോ പാത്രം തേയ്ക്കുകയോ ചെയ്യും. അതൊന്നും ഭർത്താവിനിഷ്ടമില്ല." "അതു കൊണ്ടു ചേട്ടനൊന്നു പറ, ഞാൻ വീട്ടിനു വെളിലിറങ്ങുന്നില്ല. എനിക്കും അയാടെ കൊച്ചുങ്ങൾക്കും വയററിനു വല്ലോം തരാൻ പറ. അതിനു അയാളേക്കൊണ്ടൊക്കുകേല്ലെങ്കിൽ, എന്നെ ഇങ്ങനെ ഏമ്മടെണ്ണം ചെയ്യരുതെന്നു പറ. നിങ്ങളു വേണ്ടേ പറയാൻ? നിങ്ങളയലുവക്കക്കാരല്ലേ? ഇന്നുതന്നെ പറ; ഞാനീ ഇടിയും തൊഴിയും കൊണ്ടു മടുത്തു." എന്നു അവളൊന്നു നിറുത്തി.

അവളുടെ കണ്ണു നിറഞ്ഞു.— — — ഇതിനിടയിൽ അയാൾ അഞ്ചാറണയ്ക്കു വേല ചെയ്തു തീർത്തു.

www.malankaralibrary.com



അവരം തുടർന്നു: "ഇന്നു വൈകിട്ടു ചേട്ടൻ വീട്ടിലേക്കൊന്നു വാ."

അയാരം അവളുടെ നേരെ നോക്കാതെതന്നെ പറഞ്ഞു. "എന്നാലതിങ്ങു കൊണ്ടുവന്നിരുന്നെങ്കിൽ — — ഏതായാലും നീ ഇത്രടം വന്നില്ലേ?"

"എന്തൊന്നു കൊണ്ടുവരാനാ?"

"അങ്ങോട്ടു വരാൻ പറഞ്ഞതു കൊട നന്നാക്കാനല്ലേ?"

ആ കുടനന്നാക്കുകാരനു് പണിയിൽ എന്തൊരു ആത്മാർത്ഥത! എന്തൊരു ശുഷ്കാന്തി!! സൂക്ഷ്മതാപൂർവമുള്ള പ്രവർത്തനത്തിലെ സുശിക്ഷിതത്വം അവരുടെ ബഹുമാനത്തേയും ആത്മാഭിമാനത്തേയും വർദ്ധിപ്പിക്കുന്നു. ആധ്യാത്മിക ഗുണോൽക്കർഷം ഒഴുക്കുന്ന ഒരു നീർച്ചാലും പരിശുദ്ധ കർമ്മവുമായി വേലയെ മതിച്ചിരുന്ന മധ്യകാല ചിന്താഗതി തന്നെയാണു് അവൻ വെച്ചു പുലർത്തുന്നതു്. സാമ്പത്തിക ലാഭത്തിനുവേണ്ടി മാത്രമുള്ളതായിരുന്നില്ല വേല, പിന്നെയോ, മനുഷ്യനിലുള്ള ദൈവികസർഗ്ഗശക്തിക്കു ബാഹ്യരൂപം പതിപ്പിക്കുന്നതിനുള്ള ആന്തരികാഭിനിവേശത്തിന്റെ ഫലംകൂടിയാണതു്.

## ശ്രദ്ധിക്കേണ്ട ചില തത്വങ്ങരം

കൃത്യനിർവ്വഹണം ഉത്തമകോടിയിലെത്താൻ മനസ്സിരുത്തേണ്ട ചില തത്വങ്ങളുണ്ടു്.

www.malankaralibrary.com



## 1. വേല കേവലം ഭൗതികമല്ല, പിന്നയോ ധാർമ്മികമാണു്.

"പണിയെടുക്കാത്തവൻ പട്ടിണി കിടക്കണെ" മെന്നാണു് വി. പൗലൂസ് ശ്ലീഹായുടെ ഉൽബോധനം. സമൂഹത്തിനു മാത്രമല്ല, പണിയാളനു കൂടിയും നന്മ കൈവരുത്തുന്ന ഒന്നത്രേ വേലയുടെ ധാർമ്മിക വശം. തിന്മകളധവധി പതിയിരിക്കുന്ന അലസതയകററാൻ ജോലി സഹായിക്കുന്നു. ബുദ്ധിയാൽ നിയന്ത്രിതമായ മനസ്സിനനുസരണമായി ശരീരത്തെനിർത്തുന്നതിനും ഇതു മൂലം സാധിക്കുന്നു.

## 2 അധ്വാനം പ്രാർത്ഥന തന്നെ.

വേലയിൽ നിമഗ്നമാകുന്ന സുനിയന്ത്രിത ജീവിതം പ്രാർത്ഥനയെ വിളംബപ്പെടുത്തുന്നില്ല. അതു അധ്വാനത്തെ പ്രാർത്ഥനായി രൂപാന്തരപ്പെടുത്തുന്ന. ആരംഭത്തിലും അവസാനത്തിലും ഈശ്വരനിലേക്കു തിരിയുകയും ആ യത്നത്തെ മുഴുവനായി അവിടത്തേക്കർപ്പിക്കുകയും ചെയ്യുമെങ്കിൽ ഓരോ പ്രവർത്തനവും പ്രാർത്ഥന തന്നെയാണു്. പ്രവത്യന്മുഖ സമയത്തേ ഉദാസീനതയ്ക്കു പകരം വീട്ടുവാൻ വിശ്രമ വേളയിലെ മന്ത്രോച്ചാരണത്തിനു സാധ്യമല്ല. ഭംഗിയായി നിർവഹിച്ച സത്യസന്ധ പ്രവർത്തനത്തെ ഉത്തമ പ്രാർത്ഥനയാക്കിത്തീർക്കാം താനും.

www.malankaralibrary.com



## 3 ജോലിയും ജീവിതവും തമ്മിലുള്ള ബന്ധം

ഫ്ളോറൻസിലെ അന്തോനിയോ എന്ന മധ്യകാലധനതത്വശാസ്ത്രജ്ഞൻ അവതരിപ്പിക്കുന്ന സിദ്ധാന്തമാണിതു്: "നമുക്കും ആശ്രിതന്മാർക്കും വേണ്ടി സംഭരിച്ചു വെയ്ക്കുകയെന്നതാണു ധനസമ്പാദനത്തിന്റെ ലക്ഷ്യം. നമ്മുടെയും ആശ്രിതരുടെയും സുകൃത ജീവിതമാണു് ഈ സംഭരണം കൊണ്ടുദ്ദേശിക്കുന്നതു്. സുകൃത ജീവിതം നമ്മുടെ ആത്മരക്ഷയ്ക്കും നിത്യാനന്ദലബ്ധിക്കുമത്രേ."

## വേലയുടെ സാമൂഹ്യ വശം.

ജോലി വ്യക്തിപരം മാത്രമല്ല, സാമൂഹ്യവുമാണു്. തന്മൂലം, ന്യായമായി രണ്ടു തരത്തിലുള്ള പ്രതിഫലത്തിനു് ജോലിക്കർഹതയുണ്ടു്. വിയർപ്പൊഴുക്കുന്ന പണിയാളൻ അന്തിയാകുമ്പോഴേക്കു പരിക്ഷീണനായി തളർന്നു വീഴുന്നു. ഇതു അദ്ദേഹത്തിന്റെ ബലിയർപ്പണമാണു്. ഇതിനു പ്രതിഫലമായിട്ടത്രേ വേതനം ലഭിക്കുന്നതു് രാജ്യത്തിന്റെയും ലോകത്തിന്റെയും സാമ്പത്തിക സുസ്ഥിതിക്കു വേണ്ടിയുള്ള സംഭാവന കൊണ്ടു് പണിയാളന്റെ പ്രവർത്തനത്തിനു ഒരു സാമൂഹ്യ വശം കൂടിയുണ്ടു്. ഈ സാമൂഹ്യസംഭാവനയ്ക്കു പ്രതിഫലമൊന്നും ലഭിക്കുന്നില്ല. സ്വന്തം അധ്വാനം മൂലമുള്ള സാമൂഹ്യ സമ്പാദ്യത്തിൽ പങ്കു

www.malankaralibrary.com



കൊള്ളാൻ ഏതു ജോലിക്കാരനും തീർച്ചയായും അവകാശമുണ്ടു്. ജോലിക്കാരനു ആദായത്തിലും ഉടമസ്ഥതയിലും വ്യവസായ നിയന്ത്രണത്തിലും പങ്കു ലഭിക്കത്തക്കവിധം വേതനവ്യവസ്ഥയിലു ള്ള ഒരു വ്യതിയാനം ഇന്നാവശ്യമാണു്. തൊഴി ലാളി നേതാക്കന്മാരും മുതലാളിമാരും ഇതിനു സമ്മതിക്കുന്ന പക്ഷം പരസ്പരം മറുതലിക്കുന്ന രണ്ടു ഘടകങ്ങൾ തൊഴിൽ രംഗത്തുണ്ടായിരിക്കുക യില്ല; രണ്ടു കാലുകൾ മനുഷ്യനീക്കത്തിനു സഹ കരിക്കുന്നതു പോലെ ജോലിയും ഉടമസ്ഥതയും പരസ്പരം കൈകോർത്തു സഹകരിക്കും,

www.malankaralibrary.com

# XIII

## വിശ്രമവും വിചിന്തനവും

### വിശ്രമമില്ലാത്ത തലമുറ

സമയം ലാഭിക്കുന്നതിനുള്ള യന്ത്രോപകരണങ്ങൾ ഇന്നു നിരവധിയാണ്; എന്നിട്ടും ഇന്നത്തേതുപോലെ വിശ്രമമില്ലാത്ത അവസ്ഥ മനുഷ്യനു ഇതിനു മുമ്പുണ്ടായിട്ടില്ല. വിശ്രമവും പ്രവൃത്തിരഹിതമായ അലസതയും ഒന്നാണെന്ന അബദ്ധധാരണ ഇന്നു പലരിലും വളർന്നു വശായിട്ടുണ്ടു്. യാന്ത്രികയുഗം സംഭാവന ചെയ്തിട്ടുള്ള ഉപകരണങ്ങൾ വേണ്ടുവോളം സമയം മനുഷ്യനു നല്കിക്കഴിഞ്ഞിട്ടുണ്ടു്.

പ്രവർത്തനനിരതമെന്നും പ്രവർത്തനരഹിതമെന്നും സമയത്തെ തരം തിരിക്കുന്ന ഇന്നത്തെ പ്രവണത വിശ്രമത്തിന്റെ മർമ്മത്തെ തന്നെ തകർത്തുകളഞ്ഞിരിക്കുന്നു. ലക്ഷ്യഹീനമായ ചുററിത്തിരിയലിനു വില പിടിച്ചസമയം വൃഥാ വ്യയം ചെയ്യാൻ ഇതു ഇടയാക്കുന്നു.

www.malankaralibrary.com



## വിശ്രമവും അലസതയും

പ്രബുദ്ധതയും നിദ്രാവശഗതയുമുണ്ടു്. ഉറക്കം ജീവിതത്തിനു പൂർണ്ണവിരാമമിടലല്ല, പിന്നെയോ, ഉണർവ്വിൽ നിന്നു വ്യതിരിക്തമായ ഒരു ജീവിതസ്ഥിതിയാണു്. വിശ്രമത്തിന്റെ സ്ഥിതിയും ഇങ്ങനെ തന്നെ. നിശ്ശേഷം പ്രവൃത്തിരഹിതമായ അവസ്ഥയല്ല വിശ്രമത്തിന്റേതു്. വിശ്രമവും പ്രവൃത്തിതന്നെ. പ്രവൃത്തിനിരതമായ സന്ദർഭത്തിലേതുപോലെ അതു് അത്ര സർഗ്ഗാത്മകമല്ലെന്നു മാത്രം.

## വിശ്രമത്തിന്റെ യഥാർത്ഥരൂപം

ആധ്യാത്മിക മണ്ഡലത്തെ അംഗീകരിക്കാതെ യഥാർത്ഥ വിശ്രമം ആസ്വദിക്കാവതല്ല. നന്മയെ അയവിറക്കുകയോ അനുധ്യാനം ചെയ്യുകയോ ആണു് വിശ്രമത്തിന്റെ പ്രധാന ലക്ഷ്യം. ജീവിതത്തിലെ ഓരോ ചെറു ചെയ്തിയേയും നമ്മെ വലയം ചെയ്യുന്ന വലിയ നന്മയുമായി തട്ടിച്ചു നോക്കുകയാണതു്. "താൻ ഉണ്ടാക്കിയവയെല്ലാം ദൈവം കാണുകയും വളരെ നല്ലതെന്നു പറയുകയും ചെയ്തു" എന്നാണു് പ്രപഞ്ചസൃഷ്ടി കഴിഞ്ഞ അവസ്ഥയെപ്പററി ഉൽപ്പത്തിപ്പുസ്തകം പ്രസ്താവിക്കുന്നതു്. മനുഷ്യനും സർഗ്ഗാത്മക കൃത്യങ്ങളിലേർപ്പെടുമ്പോഴെല്ലാം ഇത്തരം വിലയിരുത്തലുകൾ സ്വാഭാവികമാണു്. വരച്ച ചിത്രം പുന

www.malankaralibrary.com



രവലോകനം ചെയ്യാൻ ചിത്രകാരൻ മടിക്കില്ല. നമ്മുടെ ദിനകൃത്യങ്ങളുടെ ഇത്തരമൊരു പുനരവലോകനമാണു് വിശ്രമവേള നല്കുന്നതു്.

## ആത്മപരിശോധനയ്ക്കു വിധേയമാക്കാത്ത പ്രവൃത്തി.

എന്തിനാണീ പ്രവൃത്തി? ഇതിന്റെ ലക്ഷ്യത്തെ മനസ്സു പൂർണ്ണമായി അംഗീകരിക്കുന്നുണ്ടോ? എന്നിങ്ങനെ നമ്മോടുതന്നെ ചോദിച്ചു കൊണ്ടു് വീണ്ടും വീണ്ടും ആത്മപരിശോധനയ്ക്കു വിധേയമാക്കാത്ത പ്രവർത്തനം യഥാർത്ഥ സംതൃപ്തി നല്കുകയില്ല. നമ്മുടെ പല പദ്ധതികളും പരാജയപ്പെടുന്നതിന്റെ ഒരു കാരണം ഇതാകണം. ശ്രീ ചെമ്മനം ചാക്കോയുടെ ''പാൽക്കമ്മീഷൻ'' എന്ന കവിത ഇന്നത്തെ പല പദ്ധതികളേയും ഹാസ്യഗർഭിതമായി ചിത്രീകരിക്കുന്നുണ്ടു് പാൽ വിതരണ കേന്ദ്രത്തിലെ ജോലിക്കാർ മിന്നൽ പണിമുടക്കു പ്രഖ്യാപിച്ചു. ഡയറിഫാമിനുള്ളിൽ അധികം കിടക്കുന്ന പാൽ എന്തുചെയ്യണം എന്നതിനെക്കുറിച്ചു പഠിച്ചു റിപ്പോർട്ടു നല്കാൻ സർക്കാർ കമ്മീഷനെ വെച്ചു.

''ഇന്ത്യയൊക്കെയും പിന്നെ —
യാസ്ത്രേലിയായും നേരിൽ
ഹന്ത! സർക്കാരിൻകാശിൽ
കണ്ടുവന്നതിൻ ശേഷം
മുമ്മാസം കഴിഞ്ഞപ്പോഴം
കമ്മീഷൻ സമർപ്പിച്ചു

www.malankaralibrary.com



മുന്നൂറു പേജുള്ളൊരു
റിപ്പോർട്ടു സർക്കാരിന്നായ്!
പോകുവാൻ വരാൻ റിപ്പോർ—
ട്ടെഴുതാ നടിപ്പിക്കാ -
നാകവേ ഹൈക്കോടതി—
ജഡ്ജി പററിയപാററാൽ
ലക്ഷങ്ങൾ വിഴുങ്ങിയ
റിപ്പോർട്ടിൻ സാരാംശങ്ങൾ
പത്രങ്ങൾ പിറേറന്നാളിൽ
മുൻപേജിൽ നിരത്തുന്നൂ:
''പാലുവാങ്ങിടും വീടു—
തോറുമേ ഫാമിൽ നിന്നും
സ്ററീലുകൊണ്ടോരോ ചെറു
പൈപ്പുവെച്ചിണക്കിയാൽ
പാൽവിതരണ പ്രശ്നം
പൂർണ്ണമയ്ത്തീരും; പുത്തൻ
കാൽവെപ്പു ലോകത്തിന്നു
മാർഗ്ഗദർശകവുമാം''
ദുർബ്ബലം സർക്കാരിനു
സഹിക്കാൻ വയ്യാത്തൊരു
ഗർഭമെന്നതുപോലെ
കിട്ടിയ റിപ്പോർട്ടിനെ
വിശദംപഠിക്കുവാ—
നെന്നഭാവത്തിൽ ചിന്താ—
വിവശംസർക്കാർ കെട്ടി—
പ്പൂട്ടി വെയ്ക്കുകയായി.''

www.malankaralibrary.com



പരാജയപ്പെടുന്ന പദ്ധതികളുടെ എണ്ണം വളരെയാണു്. ചെയ്യുന്ന പ്രവൃത്തിയെക്കുറിച്ചു വീണ്ടുവിചാരമില്ലാത്തവരാണധികവും. തിരക്കു പിടിച്ചതുകൊണ്ടു മാത്രമോ പണം ചെലവഴിച്ചതുകൊണ്ടോ സംതൃപ്തമാകുന്നതല്ല മനുഷ്യന്റെ സൃഷ്ട്യുന്മുഖ പ്രവർത്തനം.

## അദ്ധ്വാനത്തിന്റെ ആദ്ധ്യാത്മികാർത്ഥം

നിത്യതയുടെ കാഴ്ചപ്പാടിലൂടെ കാണുമെങ്കിൽ ഏതു അദ്ധ്വാനത്തേയും ദിവ്യതയിലേക്കുയർത്താൻ കഴിയും. ജോലി തോട്ടിയുടെയോ കള്ളാർക്കിന്റെയോ അദ്ധ്യാപകന്റെയോ എന്തുമാകട്ടെ, അതു ഈശ്വരസേവനോന്മുഖമാക്കുന്ന ഇച്ഛയുടെ പ്രവർത്തനം കൊണ്ടു് "നന്മയാക്കിത്തീർക്കാം". ഏതു നിസ്സാര പ്രവർത്തനത്തിനും ആദ്ധ്യാത്മികാർത്ഥം കൊടുത്തു മഹത്തമമാക്കാം.

## വേലയിലൂടെയുള്ള ഈശ്വര സാമീപ്യം

ഈശ്വരോന്മുഖമാക്കുന്ന നമ്മുടെ പ്രവർത്തനം നാമറിയുന്നതിനേക്കാൾ മെച്ചപ്പെട്ട രീതിയിൽ പൂർത്തിയാക്കും. ഇക്കാര്യം സമ്മതിക്കലാണു് വിശ്രമം കൊണ്ടു സാധിതമാകേണ്ട അടുത്ത സംഗതി. ആഴ്ചയിലൊരിക്കൽ പണിയിൽ നിന്നു ഒഴിയുന്ന മനുഷ്യൻ, ദൈവത്തിങ്കലേക്കു അടുത്തു വന്നു്, ആഴ്ചവട്ടം കൊണ്ടു താൻ പൂർത്തിയാക്കിയവയെല്ലാം തന്റെ സ്രഷ്ടാവിന്റെ ജോലികളായിരുന്നുവെന്നു സമ്മതിക്കുകയാണു്. മററുള്ളവ

www.malankaralibrary.com



രുടെ കൈകളിലൂടെ തൻെറ പ്രവർത്തനത്തിനു ലഭിച്ച വസ്തുക്കളും തൻെറ മനസ്സിൽ പ്രവർത്തിച്ച ആശയങ്ങളും അധ്വാനത്തിനു വിനിയോഗിച്ച ശക്തിയും എല്ലാം ദൈവത്തിൻെറ ദാനങ്ങളായിരുന്നുവെന്നു് അവൻ സ്മരിക്കും.

ഇതു പോലെയുള്ള യഥാർത്ഥ വിശ്രമത്തിൻെറ സന്ദർഭത്തിൽ ശാസ്ത്രജ്ഞൻ മനസ്സിലാക്കും, പ്രകൃതിനിയമങ്ങളെ ഗവേഷണം ചെയ്യുന്നതിൻെറ കർത്തൃത്വം തന്നിൽ മാത്രമായി ആരോപിക്കേണ്ടതല്ലെന്നും താൻ കേവലം പ്രൂഫ്വായനക്കാരൻ മാത്രമാണെന്നും ദൈവമാണു് ആ ഗവേഷണ പ്രബന്ധത്തിൻെറ യഥാർത്ഥ കർത്താവെന്നും. ദിവ്യ വിജ്ഞാനത്തിൻെറ ഇളം കിരണങ്ങൾ മാത്രമാണു് ബാലമനസ്സിൽ താൻ നിവേശിപ്പിക്കുന്ന സത്യങ്ങളെന്നു തദവസരത്തിൽ അധ്യാപകൻ സമ്മതിക്കും. പാചകജോലിക്കാരൻ താൻ ഉണ്ടാക്കുന്ന മധുര പലഹാരത്തിലൂടെ ദൈവത്തിൻെറ അനുഗ്രഹം വഴിഞ്ഞൊഴുകുന്നതു് അപ്പോൾ കാണും.

## വിശ്രമവും ആരാധനയും

നമ്മുടെ ചെറുകൃത്യങ്ങളെ അവയ്ക്കു വിലപ്പിടിപ്പു നല്കാൻ കരുത്തുള്ള വലിയ വസ്തുക്കളുമായി താരതമ്യപ്പെടുത്തിക്കാണുന്നതിനു് വിശ്രമവേള ഉപകരിക്കും. എല്ലാ കൃത്യങ്ങൾക്കും വില ലഭിക്കുന്നതു് ദൈവത്തിൽ നിന്നാണു്. വില സമ്മതിക്കലാണു് ആരാധന. ("worship" means admitting "worth") ദൈവവുമായുള്ള യഥാർത്ഥ

www.malankaralibrary.com



ബന്ധത്തിൽ നമ്മുടെ ദിനകൃത്യങ്ങളെ പുനഃപ്രതിഷ്ഠിച്ചു് അവയുടെ മൂല്യനിർണ്ണയനം ചെയ്യലാണു് നമ്മുടെ ആരാധന. ഇവ്വിധത്തിലുള്ള ആരാധന ഒരുതരം വിശ്രമം തന്നെ. നമ്മെ ഊർജ്ജസ്വലരാക്കാൻ പോരുന്ന അനുധ്യാനമാണതു്; ദിവ്യവസ്തുക്കളുടെ കർമ്മക്ഷമവും സൃഷ്ട്യുന്മുഖവുമായ അനുധ്യാനം. "അധ്വാനിച്ചും ഭാരപ്പെട്ടുമിരിക്കുന്ന എല്ലാവരുമേ, നിങ്ങൾ എന്റെ അടുക്കൽ വരുവിൻ. ഞാൻ നിങ്ങൾക്കു വിശ്രമം നല്കാം" എന്നാണു് സുവിശേഷത്തിന്റെ വാഗ്ദാനം.

MALANKARA
LIBRARY

www.malankaralibrary.com

# XIV

## കരിശുമരണവും പ്രതികരണങ്ങളും

ക്രിസ്തു കുരിശിൽ തൂങ്ങി. വിവിധ പ്രതികരണങ്ങളത്രേ ആ ഗംഭീര ദൃശ്യം കണ്ടവർക്കുണ്ടായതു്. ഏഴുവിധ മനസ്ഥിതിക്കാരുടെ ചിത്രം വേദപുസ്തകം നല്കുന്നുണ്ടു്. അത്തരക്കാരെ ഇന്നും കാണാം.

### 1. വെല്ലുവിളിക്കാർ

"കടന്നു പോകുന്നവർ തലകുലുക്കി അവനെ ദുഷിച്ചു. മന്ദിരം പൊളിച്ചു മൂന്നു നാളു കൊണ്ടു പണിയുന്നവനേ, നിന്നെത്തന്നെ രക്ഷിക്ക; ദൈവപുത്രൻ എങ്കിൽ ക്രൂശിൽ നിന്നും ഇറങ്ങി വാ എന്നു പറഞ്ഞു" (മത്തായി 27: 39,40)

പുനരുജ്ജീവനം സാധിക്കാത്തവർക്കു സ്വർ

www.malankaralibrary.com



ത്ഥത്യാഗത്തെക്കുറിച്ചു മനസ്സിലാകയില്ല. കുരിശു കൂടാതെയുള്ള മതമാണു് അവർക്കാവശ്യം. "കുരിശിൽ നിന്നിറങ്ങി വരിക" എന്ന മുറവിളിയാണവരുടേതു്. ആ ആക്ഷേപത്തിനു വഴങ്ങിയാൽ വില കൊടുക്കാത്ത സ്നേഹമായിത്തീരും ക്രിസ്തുവിൻെറ സ്നേഹം; കുരിശു ക്രിസ്തുവിനെക്കൂടാതെയാകും. ഒരു വൈരുദ്ധ്യമാണു കുരിശെങ്കിൽ ജീവന്മരണ വൈരുദ്ധ്യത്തിൻെറ ഒരു പ്രതിവിധിയത്രേ ക്രിസ്തുബദ്ധമായ കുരിശു്.

ദുഃഖാനുഭവത്തിൻെറ ഒരവശ്യഘടകമാണു് പരിഹാസസഹനം. ക്രിസ്തു പരിഹാസത്തെ ക്ഷമാപൂർവ്വം നേരിടാതിരുന്നാൽ അത്തരം ഘട്ടങ്ങളിൽ ക്രിസ്തനുയായികൾക്കു എങ്ങനെ ശക്തി സംഭരിക്കാൻ കഴിയും?

കല്ലു അപ്പമാക്കാൻ വിശന്ന രക്ഷകനെ പ്രലോഭിപ്പിക്കുന്ന ചെകുത്താൻെറ ഒരു തന്ത്രമാണ്, വിശക്കുക ദൈവപുത്രനു ചേർന്നതല്ലെന്ന യുക്തി. സഹിക്കുക ദൈവപുത്രനു ചേർന്നതല്ലെന്നത്രേ ഇവിടത്തെ തന്ത്രം.

കുരിശിൽ നിന്നിറങ്ങി വരുന്ന അത്ഭുതമാണു് അവിശ്വാസികൾക്കു കാണേണ്ടതു്; ക്ഷമയുടെ അത്യത്ഭുതം കാണാൻ അവർക്കു കണ്ണില്ല.

## 2. ഉത്തരം സിദ്ധിച്ച അർത്ഥന

"പിന്നെ അവൻ: കർത്താവേ, നീ രാജത്വം

www.malankaralibrary.com



പ്രാപിച്ചു വരുമ്പോൾ എന്നെ ഓർത്തു
കൊള്ളണമേ എന്നു പറഞ്ഞു ''
(ലൂക്കോസ് 23: 42)

കുരിശിനെ നോക്കി പലരും മുഴക്കിയതു് അധിക്ഷേപസ്വരമാണു്. കർത്താവിനെ വേണ്ടി വന്നാൽ വിശ്വസിച്ചേക്കാം, വേദനയിൽ നിന്നുള്ള വിമുക്തി കിട്ടണം — ഈ മനസ്ഥിതിക്കൊക്കു് ഒരപവാദമായിരുന്നു മനസ്തപിച്ച കള്ളൻ. പാപവിമോചനമാണു് അവൻെറ ആവശ്യം, വിശ്വാസി തെളിവു തിരക്കുകയില്ല; '' നീ ദൈവമെങ്കിൽ'' എന്നു പറഞ്ഞു കൊണ്ടു സോപാധികമായിരിക്കുകയില്ല അവൻെറ അഭ്യർത്ഥന.

നല്ലകള്ളൻ വിശ്വസിച്ചു; മററുള്ളവർ വിശ്വസിച്ചില്ല. അനേകർ അവിശ്വസിച്ച കാര്യമാണു് നല്ല കള്ളൻ വിശ്വസിച്ചതു്. അവൻ കർത്താവിനെ വിളിച്ചു; കർത്താവിൻെറ രാജ്യത്തെക്കുറിച്ചറിഞ്ഞു; ഇഹത്തിൻേറതല്ല ആ രാജത്വമെന്നു മനസ്സിലാക്കി. അപ്പസ്തോലന്മാർക്കു മുമ്പേ ഈ രഹസ്യം ആ മരണാസന്നതസ്കരൻ ഗ്രഹിച്ചു. മരണക്കിടക്കയിൽ സംഭവിക്കുന്നതായി ഈ ഒരേ ഒരു മാനസാന്തരമാണു് സുവിശേഷത്തിലുള്ളതു്. അവൻ അനുസ്മരണ മാത്രമാണാവശ്യപ്പെട്ടതു്. പരമപിതാവിനോടു മാപ്പിരന്ന ക്രിസ്തുനാഥൻ ആ മാപ്പിനർഹതയുള്ളവരുടെ പട്ടികയിൽ തന്നെയും അനുസ്മരിക്കുവാനാണു് അവൻെറ പ്രാർത്ഥന. ആ ഹൃദയം നുറുങ്ങിയിരുന്നു.

www.malankaralibrary.com



കുരിശിലെ കർത്താവിന്റെ നേരെ പലരും പലതും ഉണർത്തി. ഈ ഒരേ ഒരു അർത്ഥയ്ക്കേ ഉത്തരം സിദ്ധിച്ചുള്ളു. ആ പ്രത്യുത്തരമോ? പറുദീസാ വാഗ്ദാനവും.

## 3. ആദ്യത്തെ കമ്യൂണിസ്ററ്

"തൂക്കിയ ദുഷ്പ്രവൃത്തിക്കാരിൽ ഒരുത്തൻ നീ ക്രിസ്തുവല്ലയോ? നിന്നെത്തന്നെയും ഞങ്ങളെയും രക്ഷിക്കുക എന്നുപറഞ്ഞു് അവനെ ദുഷിച്ചു". (ലൂക്കോസു് 23:39)

സ്വന്തം അധർമ്മത്തെക്കുറിച്ചുള്ള ബോധം സ്വാർത്ഥതല്പരനു് നന്നേ കുറയും. "ദൈവം എന്തുകൊണ്ടു് എന്നോടിങ്ങനെ ചെയ്തു? " എന്നാണു അവന്റെ ചോദ്യം. ഭാരപ്പാടിൽ നിന്നു രക്ഷ പ്രാപിക്കൽ മാത്രമാണു് അവനു ദൈവത്തെക്കൊണ്ടുള്ള ആവശ്യം. ഇടത്തുവശത്തെ കള്ളനത്രേ യഥാർത്ഥത്തിൽ ആദ്യത്തെ കമ്യൂണിസ്ററു്. "വേദനയിൽ നിന്നു മോചനം നല്കാത്ത മത"ത്തെ അവൻ ചോദ്യം ചെയ്തു. മരിക്കുമ്പോഴും ആത്മാവിനെക്കുറിച്ചു ചിന്തിക്കുന്ന, ന്യായാസനവേദി അനീതി കാട്ടുമ്പോഴും ദൈവത്തിങ്കലേക്കു തിരിയുന്ന, വിശക്കുകയും വേദനിക്കുകയും ചെയ്യുമ്പോഴും പറുദീസായെപ്പററി പറയുന്ന, സാമൂഹ്യാധസ്ഥിതന്മാരായ കമ്മാളന്മം കള്ളന്മാരും കുരിശിന്മേൽ പിടയുമ്പോഴും പാപപ്പൊറുതിയെപ്പററി ചിന്തിക്കുന്ന മതം മനുഷ്യനെ മയക്കുന്ന കറുപ്പല്ലേ?

www.malankaralibrary.com



ആ കള്ളനു ആത്മരക്ഷയെക്കുറിച്ചു ചിന്തയില്ല. ശാരീരിക രക്ഷയെ മാത്രമാണ് അവൻ തിരക്കുക. വേദന അവസാനിപ്പിക്കാൻ കഴിവില്ലാത്ത മതത്തെക്കൊണ്ടു അവനു പ്രയോജനമില്ല.

ആ കള്ളനെ കുരിശിനോടു ബന്ധിച്ച ആണികൾ ഊരിയിരുന്നെങ്കിൽ, അവൻെറ മുറിവുകൾ കരിച്ചിരുന്നെങ്കിൽ, അവനെ കുരിശിൽ നിന്നിറക്കി ആരോഗ്യം നല്കിയിരുന്നെങ്കിൽ അവൻെറ ജീവിതശിഷ്ടം ക്രിസ്തുവിൻെറ ഉത്തമവിശ്വാസിക്കു ചേർന്ന വിധം നയിക്കുമായിരുന്നോ? അതോ അവൻ കള്ളനായിത്തന്നെ തുടരുമായിരുന്നോ? ക്രിസ്തു മനുഷ്യൻ മാത്രമായിരുന്നെങ്കിൽ കരുത്തുകാട്ടി ആ സന്ദർഭത്തെ പ്രയോജനപ്പെടുത്തുമായിരുന്നു. ഹൃദയരഹസ്യമറിയുന്ന ദൈവമെന്ന നിലയിൽ കർത്താവു അപ്പോൾ നിശ്ശബ്ദത പാലിച്ചു. ശക്തിപ്രകടനത്തിനു വേണ്ടിമാത്രം ദൈവം ഒരു പ്രാർത്ഥനയും കേൾക്കുകയില്ല.

## 4 മതവും ബുദ്ധിജീവികളും

"അങ്ങനെതന്നെ, മഹാപുരോഹിതൻമാരും ശാസ്ത്രിമാരും മൂപ്പൻമാരും പരിഹസിച്ചു. ഇവൻ മററുള്ളവരെ രക്ഷിച്ചു. തന്നെത്താൻ രക്ഷിക്കാൻ കഴിയുകയില്ല; അവൻ ഇസ്രായേലിൻെറ രാജാവാകുന്നുവെങ്കിൽ ഇപ്പോൾ ക്രൂശിൽ നിന്നിറങ്ങിവരട്ടെ; എന്നാൽ, ഞങ്ങൾ അവനിൽ വിശ്വസിക്കും. അവൻ ദൈവ

www.malankaralibrary.com



ത്തിൽ ആശ്രയിക്കുന്നു; അവനു ഇവ
നിൽ പ്രസാദമുണ്ടെങ്കിൽ ഇപ്പോൾ
വിടുവിക്കട്ടെ.''

(മത്തായി 27: 42, 43)

മതത്തെ കൊഞ്ഞനം കാണിച്ചു വിരുതു നേടു ന്ന ബുദ്ധിജീവികളുണ്ടു്. ഇന്നത്തെ ബുദ്ധിജീവികളുടെ അന്നത്തെ പ്രതിനിധികളായിരുന്നു ശാസ്ത്രിമാർ, മൂപ്പൻമാർ, പ്രധാനപുരോഹിതൻമാർ തുടങ്ങിയവർ. ''രക്ഷകൻ'' ''ഇസ്രായേലിൻെറ രാജാവു്'' ''ദൈവപുത്രൻ'' എന്നീ നാമധേയങ്ങളിൽ ക്രിസ്തു അഭിമാനം കൊണ്ടിരുന്നു. ഈ നാമധേയങ്ങൾ ഓരോന്നും പൊക്കിപ്പിടിച്ചു ആ ബുദ്ധിക്കുത്തകക്കാർ ക്രിസ്തുവിനെ താറടിച്ചു പ്രത്യക്ഷപ്പെടുത്തി.

രാജ്യത്തെ രക്ഷിക്കണമെന്നുണ്ടെങ്കിൽ യോദ്ധാവിനു തന്നെത്താൻ രക്ഷിക്കുവാൻ സാധിക്കുമോ? ലോകത്തിനു് വെട്ടം നല്കണമെന്നുണ്ടെങ്കിൽ സൂര്യനു തന്നെത്താൻ രക്ഷിക്കുവാൻ കഴിയുമോ? തന്നെത്താൻ രക്ഷിക്കുവാൻ ക്രിസ്തുവിനു കഴിഞ്ഞില്ലത്രേ. മനുഷ്യവർഗ്ഗത്തെ രക്ഷിക്കണമെന്നുണ്ടെങ്കിൽ ക്രിസ്തുവിനു തന്നെത്താൻ രക്ഷിക്കാൻ കഴിയുന്നതല്ല.

വിപൽഘട്ടങ്ങളാണു നിർമ്മതക്കാരുടെ കൊയ്ത്തു കാലം. യുദ്ധവേളയിൽ അവർ ചോദിക്കും. '' എവിടെയാണു നിങ്ങളുടെ ദൈവം? എന്തുകൊണ്ടു ഈശ്വരൻ യുദ്ധമവസാനിപ്പിക്കുന്നില്ല? ''

www.malankaralibrary.com



ക്രിസ്തു കുരിശിൽ നിന്നിറങ്ങി അത്ഭുതം കാട്ടിയെങ്കിൽ ഈ ബുദ്ധിജീവികൾ വിശ്വസിക്കുമായിരുന്നോ? ബേൽസബൂബിനെക്കൊണ്ടാണ് ഇവൻ അത്ഭുതം പ്രവർത്തിക്കുന്നു എന്നു വീണ്ടു പറഞ്ഞ അവർ വീണ്ടും ആ പല്ലവിതന്നെ ആവർത്തിക്കുമായിരുന്നു.

ലാസറിനെ ഉയിർപ്പിച്ചു കണ്ടതല്ലേ? അവർ വിശ്വസിച്ചോ? ക്രിസ്തു പുനരുത്ഥാനം ചെയ്തിട്ടും അവർ വിശ്വസിച്ചോ? ഉയിർത്തെഴുന്നേൽപ്പുവാർത്ത പരത്തിയ അപ്പോസ്തോലന്മാരെ തടയുകയല്ലേ അവർ ചെയ്തതു്? കുരിശിൽ നിന്നുള്ള ക്രിസ്തുവിൻെറ പിന്മാററം കൊണ്ടു ആ ശർവ്വിഷ്ഠന്മാർ വിശ്വസിക്കുമായിരുന്നില്ല. കുരിശിൽ നിന്നുള്ള ഇറക്കം മാനുഷികമാണു്; കുരിശുമരണസഹനം ദൈവികവും.

## 5 കുരിശുവേണ്ടാ, കിരീടംമതി.

ഒൻപതാം മണിനേരത്തു ഈശോ.
എൻെറ ദൈവമേ, എൻെറ ദൈവമേ,
നീ എന്നെ കൈവിട്ടതു എന്തു്
എന്നർത്ഥമുള്ള ഏലോഹി ഏലോഹി,
ലമ്മാ ശബ്ബക്താനി എന്നു അത്യുച്ചത്തിൽ
നിലവിളിച്ചു. അരികെ നിന്നവരിൽ
ചിലർ കേട്ടിട്ടു്: അവൻ ഏലിയവെ
വിളിക്കുന്നു എന്നു പറഞ്ഞു ''
(മർക്കോസ് 15:,34 35)

www.malankaralibrary.com



കേട്ടു നിന്നവർ കുരിശിലെ ക്രിസ്തുവിൻെറ നിലവിളി അന്യഥാ ധരിച്ചു. കർത്താവു ഏലിയാവെ വിളിക്കുന്നുവെന്നത്രേ അവരുടെ വ്യാഖ്യാനം. കരുതിക്കൂട്ടിയുള്ള ആക്ഷേപം. മിശിഹായിക്കു മുമ്പേ ഏലിയാ വരുമെന്നാണു വിശ്വാസം. ഏലിയാ വന്നു കഴിഞ്ഞിട്ടില്ലത്രേ. അതുകൊണ്ടു ഇപ്പോഠം കുരിശിൽ കിടക്കുന്നതു് ക്രിസ്തുവല്ല. ഇതാണാ ആക്ഷേപത്തിൻെറ ധ്വനി. ഏലിയായുടെ ചൈതന്യം യോഹന്നാൻ സ്നാപകനിലൂടെ വന്നു കഴിഞ്ഞിരുന്നു. ക്രിസ്തു കുരിശിൽ കിടക്കുകയും ചെയ്യുന്നു. അവർ യോഹന്നാനെ തിരസ്ക്കരിച്ചു. കടുത്ത തപശ്ചര്യ അവക്ക സ്വീകാര്യമായില്ല. ക്രിസ്തുവിനെയും അവർ തിരസ്ക്കരിച്ചു. കുരിശിൽ തൂങ്ങുന്ന ഉദ്ധാരകനെ അവക്ക വേണ്ടാ. കുരിശിൽ നിന്നുള്ള വാക്യം പലരും അന്യഥാ ധരിച്ചു. മതത്തെയും പലരും അന്യഥാ ധരിക്കുന്നു. യഥാർത്ഥ മതമല്ല സ്ഥാപിതതാല്പര്യക്കാരന വേണ്ടതു്. "കുരിശിൽ നിന്നിറങ്ങിവരിക" എന്നുള്ളതാണ ആദ്യന്തം മുഴങ്ങുന്ന പല്ലവി. കുരിശുമരണത്തെപ്പററിയുള്ള പ്രഥമശ്രവണം പത്രോസിനെപ്പോലും ഉതപ്പുള്ളവനാക്കി. കുരിശു കൂടാതെയുള്ള ക്രിസ്തുവിനെയാണു് സുഖലോലുപൻ പ്രതീക്ഷി

www.malankaralibrary.com



ക്കുന്നതു്. അവർക്ക കുരിശു വേണ്ടാ, കിരീടം മതി. പൂക്കളം വിരിച്ച താരയിലൂടെ നീങ്ങുന്ന ക്ഷത്രധാരിയല്ലാത്ത ഉദ്ധാരകനെ പ്രതീക്ഷിക്കുന്ന വരോടുള്ള എതിർപ്പത്രേ കുരിശുമരണത്തിന്റെ തീവ്രവേദനയെ ആലിംഗനം ചെയ്യുന്ന ക്രിസ്തു പ്രത്യക്ഷമാക്കുക.

## 6 മതപുരുഷന്മാരിൽ ഒരുവനോ ക്രിസ്തു?

"പടയാളികളും അവനെ പരിഹസിച്ചു. അടുത്തുവന്നു അവനു പുളിച്ച വീഞ്ഞു കാണിച്ചു. നീ യഹൂദന്മാരുടെ രാജാവെങ്കിൽ നിന്നെത്തന്നെ രക്ഷിയ്ക്ക എന്നു പറഞ്ഞു."

(ലൂക്കു 23 :36, 37.)

പടയാളികളുടെ പരിഹാസമാണിതു്. അവ യഹൂദരായിരുന്നില്ല. ഗർവ്വു നിറഞ്ഞ റോമൻ സേന. അവരെന്തേ, ക്രിസ്തുവിനെ യഹൂദരാജാവെന്നു വിളിക്കാൻ?. അവരുടെ അഭിപ്രായമനുസരിച്ചു എല്ലാ ഈശ്വരന്മാരും ദേശീയ ദേവതകളാണു്. ഗ്രീക്കുകാർ, റോമാക്കാർ, ബാബിലോണിയന്മാർ തുടങ്ങിയവർക്കെല്ലാം സ്വന്തം ദൈവങ്ങളുണ്ടു്. ഒരു ദേവനും കുരിശിൽ കിടന്നു പിടഞ്ഞിട്ടില്ല.

www.malankaralibrary.com



ഇസ്രായേലിന്റെ ദേവനെപ്പോലെ ഇത്ര ദയനീയനായ മറ്റൊരു ദേവനില്ലെന്നത്രേ അവരുടെ ആശയം. അവരും ഇടത്തു വശത്തെ കള്ളനെപ്പോലെ കർത്താവിനെ വെല്ലു വിളിച്ചു. കുററവാളിക്കു രക്ഷപ്പെടാൻ പാടില്ലാത്തവണ്ണം കുരിശിക്കൽ നിർവഹിച്ച തങ്ങളുടെ സാമർത്ഥ്യത്തെപ്പററിയുള്ള വീമ്പടിയുടെ സ്വരവും അവരുടെ വാക്കുകളിൽ നിഴലിക്കുന്നുണ്ടു്.

തന്നെത്താൻ രക്ഷിക്കുന്നതിനുള്ള വെല്ലുവിളിയെ ക്രിസ്തു നിരസിച്ചതു് ബലഹീനത കൊണ്ടല്ല, ബലിയുടെ നിയമത്തോടുള്ള വിധേയത്വം കൊണ്ടാണെന്നു മനസ്സിലാക്കുവാൻ ആ പടയാളികൾക്കു കഴിഞ്ഞില്ല. അവരുടെ ആജ്ഞാനുസാരം ക്രിസ്തു തന്നെത്താൻ രക്ഷിച്ചിരുന്നെങ്കിൽ, മനുഷ്യവർഗ്ഗം രക്ഷിക്കപ്പെടുമായിരുന്നില്ല.

## 7. ആരാധനയുടെ സത്ത

"ഈ മനുഷ്യൻ ദൈവപുത്രനായിരുന്നു സത്യം" (മർക്കോസു് 15:39)

ക്രിസ്തുവിന്റെ കുരിശാരോഹണവേളയിൽ സൂര്യൻ മറഞ്ഞു; ഭൂമി പിളർന്നു; പാറയുടെ ഹൃദയം പൊളിഞ്ഞു; ദൈവാലയമറ കീഴ്മേൽ മുറി

www.malankaralibrary.com



ഞ്ഞു. തിരഞ്ഞെടുക്കപ്പെട്ട ജനത്തെ മിസ്രയേമിൽ നിന്നു വിടർത്തിയപ്പോൾ സമുദ്രജലത്തെ പിളർത്തി, ഭൂമി അത്ഭുതം കാണിച്ചു. പാപത്തിന്റെ അടിമത്തത്തിൽ നിന്നു ദൈവം മനുഷ്യനെ വിടർത്തുന്ന ഈ ഘട്ടത്തിൽ പ്രകൃതി എത്ര വലിയ അത്ഭുതങ്ങൾ കാണിക്കണം! മനുഷ്യചിത്തം ചലിച്ചില്ല; എങ്കിലും, പാറകളുടെ ഹൃദയം പിളർന്നു.

പ്രകൃതിയുടെ ഭാവമാറ്റം റോമൻ ശതാധിപൻ ശ്രദ്ധിച്ചു. ഒരുവനൊഴികെ ക്രിസ്തു ശിഷ്യന്മാരിലൊരുത്തൻ കുരിശിൻ ചുവട്ടിലുണ്ടായിരുന്നില്ല. ഒരു സ്ത്രീയുടേതൊഴികെ ക്രിസ്തുവിനനുകൂലമായ ഒററ സ്വരവും അവിടെ ഉയർന്നില്ല. ക്രിസ്തുവിനെ അംഗീകരിച്ചേററു പറയാനുള്ള ധീരത ആരും പ്രകടിപ്പിച്ചില്ല. ഈ ശതാധിപൻ പലരേയും കുരിശിച്ചിട്ടുണ്ടു്. ഇപ്പോഴത്തെ കുരിശാരോഹകന്റെ പ്രത്യേകത അയാൾ കണ്ടു. അദ്ദേഹം ശത്രുക്കൾക്കുവേണ്ടി പ്രാർത്ഥിക്കുന്നു. പ്രകൃതിയുടെ അധിനാഥനാണു താനെന്നു വെളിപ്പെടുത്തുന്നതത്രേ ആ അന്ത്യരംഗം. ലോകത്തിന്റെ ദൂഷണാക്രോശങ്ങൾ ഒരു വശത്തു്; ഈ നീതിമാന്റെ നിഷ്കളങ്കത്വം മറുവശത്തു്. എല്ലാം ആ പടയാളി കണ്ടു. ആ ധീരസാഹസികൻ കൂപ്പുകൈയുയർത്തി. അല്ല, വിശ്വസിച്ചേററു പറഞ്ഞു: "സത്യമായും ഈ മനുഷ്യൻ ദൈവപുത്രനായിരുന്നു".

www.malankaralibrary.com



കുരിശുമരം ഫലം പുറപ്പെടുവിച്ചു തുടങ്ങി. യഹൂദ തസ്കരൻ അപേക്ഷിക്കുകയും രക്ഷ പ്രാപിക്കുകയും ചെയ്തു; റോമൻ പടയാളി ക്രിസ്തുവിനെ ആരാധിച്ചു ശിരസു നമിച്ചു. എല്ലാവരും ദൈവദൂഷണം പറഞ്ഞപ്പോൾ ദൈവപുത്രനെന്നേറ്റു പറഞ്ഞു ശതാധിപൻ ക്രിസ്തുവിനെ ആരാധിച്ചു.

MALANKARA
LIBRARY

www.malankaralibrary.com

MALANKARA
LIBRARY

www.malankaralibrary.com

# വിശ്രമവും വിചിന്തനവും

വറുഗീസ് കിളിച്ചിമല

ചിന്തോദ്ദീപകങ്ങളായ പതിന്നാല്യ പ്രബന്ധങ്ങൾ. പതിരില്ലാത്തവയെന്നു പരക്കെ പരിഗണിക്കപ്പെട്ടുന്ന മോൺ. ഫുൾട്ടൻ ജെ. ഷീനിൻെറ ജീവിതസ്പർശികളായ ചിന്താധാരയ്ക്കു സ്വതന്ത്രാവിഷ്കരണം നൽകിയിരിക്കുന്നു. സ്നേഹദൗർലഭ്യം വരുത്തുന്ന കെട്ടുതികൾ, ചോരയും വിയർപ്പും കണ്ണീരും, യുവജനപ്രശ്നം, വ്യക്തിത്വം വിൽക്കുന്നവർ, സംതൃപ്തി സമ്പാദിക്കാമോ?, ആധുനിക മനുഷ്യൻ ശാന്തിയിൽനിന്നു വിദൂരനോ?, ആനന്ദം ആന്തരികം, വേലയുടെ വില തുടങ്ങി ആഴവും പരപ്പുമുള്ള വിഷയങ്ങൾ ഇതിൽ കാണാം. മനസ്സിൻെറ അഗാധതലങ്ങളിലെ പ്രശ്നങ്ങൾ ഉയർത്തിയെടുത്തു കമഴ്ത്തിയും മലർത്തിയും കാണിക്കാൻ ഈ പ്രബന്ധങ്ങൾക്കു കഴിയുന്നുണ്ട്. സാന്ത്വനത്തിൻെറ ശബ്ദത്തിനുവേണ്ടി ഓടിക്കിതയ്ക്കുന്ന തപ്തഹൃദയക്ക് ആശ്വാസധാര പകന്നുകൊടുക്കാൻ പോരുന്നതാണീ ചിന്ത ഓരോന്നും. സ്നേഹഹീനർ, മോഹഭംഗക്കാർ, യുവജനങ്ങൾ, മാതാപിതാക്കന്മാർ, തൊഴിലാളികൾ, മുതലാളികൾ, വിഗ്രഹപൂജക്കാർ എന്നിവരുടെ പ്രശ്നങ്ങളിലെ നൂലാമാലകളും കട്ടുംകെട്ടുകളും കുരുക്കഴിയുന്നതും നിവരുന്നതുമായ അന്യാദൃശ ദൃശ്യം ഇവിടെയുണ്ട്. ഗൗരവമേറിയ പ്രമേയങ്ങളും വിഷയത്തിനുചെന്ന പ്രതിപാദനവും.

---

വിതരണം:

**ശാന്തിനിലയം, തിരുവല്ലാ.**

Printed at J. M. Bros., Ktym.